# ഭദ്രദീപ

## ഭദ്രാവതി രൂപതാബുള്ളറ്റിൻ

വാല്യം 1 & 2 2007 - 2008

## ഉള്ളടക്കം


ആമുഖം 5

രൂപതാസ്ഥാപന ഡിക്രി 6

Major Archiepiscopal Letter of Canonical Provision 8

ഇടയലേഖനം 1/2007 10

ഇടയലേഖനം 2/2007 14

കർണാടക റീജണൽ ബിഷപ്സ് കോൺഫ്രൻസിന്റെ സംയുക്ത ഇടയലേഖനം 20

വർക്കി കാർഡിനൽ വിതയത്തിൽ ശ്രേഷ്ഠമെത്രാപ്പോലീത്തായുടെ ഇടയലേഖനം 29

സർക്കുലർ 1/2008 34

കേരള കത്തോലിക്കാ മെത്രാൻസമിതി പുറപ്പെടുവിച്ച ഇടയലേഖനം 39

സർക്കുലർ 2/2008 46

ഇടയലേഖനം 1/2008 50

രൂപതാകച്ചേരി വാർത്തകൾ 55

Appointments 58

മതബോധനം, ബൈബിൾപ്രേഷിതത്വം 60

കുടുംബപ്രേഷിതത്വം 64

യുവജന പ്രേഷിതത്വം 66

സാമൂഹ്യപ്രവർത്തനം (മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി) 67

രൂപതാ വിദ്യാഭ്യാസകമ്മിറ്റി 70

Justice and Peace Commission 71

Collections: 2008 72

Bishop's Dairy 73

Bishop's Programme 80

Edited & Published by Fr. Francis Allumpurath.
Bishop's House, St. Joseph's Church
Shimoga - 577 204, Karnataka.

Cover Design : Ajai Elavuthinkal.
Layout : Fr. Jis Vettiyolil, mcbs
Printed at : Matha Prints, Bangalore.

**മാർ ജോസഫ് അരുമച്ചാടത്ത്**
**ഭദ്രാവതി രൂപതയുടെ മെത്രാൻ**

ഇടുക്കി രൂപത, ഇരട്ടയാർ ഇടവകയിൽ 1960 ഏപ്രിൽ 10-ന് അരുമച്ചാടത്ത് തോമസ്, മറിയക്കുട്ടി ദമ്പതികളുടെ ഏഴ് മക്കളിൽ രണ്ടാമനായി ജനിച്ചു. ഇരട്ടയാറിൽ പ്രാഥമികവിദ്യാഭ്യാസവും വലിയതോവാളയിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കിയ ശേഷം ദിവ്യകാരുണ്യ മിഷനറി സഭയിൽ ചേർന്ന് 1981 മെയ് 17-ന് ആദ്യ വ്രതവാഗ്ദാനവും, 1986 മെയ് 17-ന് നിത്യവ്രതവാഗ്ദാനവും നടത്തി. 1988 മെയ് 7-ന് ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത മാർ ജോസഫ് പൗവ്വത്തിൽ തിരുമേനിയുടെ കൈവയ്പു വഴി പൗരോഹിത്യം സ്വീകരിച്ചു. 1999-ൽ ലുവയിൻ കാത്തലിക് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോഗ്മാറ്റിക് തിയോളജിയിൽ, “സഭ യേശുശിഷ്യരുടെ സമൂഹം” എന്ന വിഷയത്തിൽ ഡോക്ട്രൽബിരുദം നേടി. 2002-2005 കാലയളവിൽ ദിവ്യകാരുണ്യ മിഷനറി സഭയുടെ എമ്മാവൂസ് പ്രൊവിൻസിൻെറ പ്രൊവിൻഷ്യളായി സേവനം ചെയ്തു. തുടർന്ന് ദിവ്യകാരുണ്യ മിഷനറി സഭയുടെ താമരശ്ശേരിയിലുള്ള സനാതന ദൈവശാസ്ത്ര സെമിനാരിയിൽ സേവനം അനുഷ്ഠിച്ചു വരുമ്പോഴാണ് മാനന്തവാടി രൂപതയുടെ കർണാടകയിലെ ഷിമോഗ ജില്ല ഉൾപ്പെടുത്തി പുതുതായി രൂപം കൊണ്ട ഭദ്രാവതി രൂപതയുടെ ആദ്യ മെത്രാനായി സീറോ മലബാർ സഭയുടെ സിനഡിനാൽ തിരഞ്ഞെടുക്കപ്പെട്ട് 2007 ആഗസ്റ്റ് 21-ന് പ്രഖ്യാപനം ഉണ്ടായി. 2007 ഒക്ടോബർ 25-ന് സീറോ മലബാർ സഭയുടെ പരമാദ്ധ്യക്ഷൻ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ ശ്രേഷ്ഠമെത്രാപ്പോലീത്തയുടെ കൈവയ്പ്പുവഴി മെത്രാനായി അദ്ദേഹം അഭിഷിക്തനായി.

# ആമുഖം

ഭദ്രാവതി രൂപതയുടെ ഔദ്യോഗിക മുഖപത്രം, "ഭദ്രദീപ" യുടെ ആദ്യപ്രതി വെളിച്ചം കാണുന്നതിൽ ഏറെ സന്തോഷമുണ്ട്. രൂപതയുടെ അജപാലനപരവും ഭരണപരവുമായ വാർത്തകളും, അറിയിപ്പുകളും, വിശ്വാസജീവിത-ആരാധനക്രമപരമായ നിർദ്ദേശങ്ങളും കാര്യപരിപാടികളുമെല്ലാം ഔദ്യോഗികമായി അറിയുന്നതിനുള്ള പ്രഥമവും പ്രധാനപ്പെട്ടതുമായ ശ്രോതസ്സാണ് രൂപതാബുള്ളറ്റിൻ.

രൂപതാ സ്ഥാപനം മുതൽ 2008 അവസാനം വരെയുള്ള പ്രധാന ഔദ്യോഗിക രേഖകളും, രൂപതയുടെ ഒരു വർഷത്തെ പ്രവർത്തനറിപ്പോർട്ടുമാണ് ആദ്യ പതിപ്പിന്റെ ഉള്ളടക്കം. തുടർന്ന്, ദൈവജനത്തിന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ ജീവിതത്തെക്കുറിച്ചുള്ള രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശങ്ങളും, രൂപതയുടെ വിവിധ കർമ്മപരിപാടികളുടെ അറിയിപ്പുകളും, വാർത്തകളും, വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തന പദ്ധതികളും റിപ്പോർട്ടുകളുമായി മൂന്നുമാസത്തിലൊരിക്കൽ "ഭദ്രദീപ" നിങ്ങളുടെ കൈകളിലെത്തും. നമ്മുടെ വിശ്വാസജീവിത സംബന്ധിയായ എല്ലാ കർമ്മപദ്ധതികളും അറിയുന്നതിനും, പങ്കുവെക്കുന്നതിനും, കൂട്ടായ്മയിൽ വളരുന്നതിനും "ഭദ്രദീപ" നമ്മെ സഹായിക്കട്ടെ എന്നാശംസിച്ചുകൊണ്ടും, ഇതിന്റെ പ്രകാശനത്തിന്റെ പിന്നിൽ അത്യദ്ധ്വാനം ചെയ്ത ബഹു. ചാൻസിലറച്ചനെയും ടീമിനെയും അഭിനന്ദിച്ചുകൊണ്ടും "ഭദ്രദീപ" ദൈവജനത്തിനായി സമർപ്പിക്കുന്നു.

മാർ ജോസഫ് അരുമച്ചാടത്ത്
ഭദ്രാവതി രൂപതയുടെ മെത്രാൻ





Prot. No. 673/2007

## DECREE

The growth and vitality of a community of faithful is preserved and strengthened by the creation of the appropriate juridical and hierarchical structures which could then better take care of the overall developments of the community. In many cases, dividing a bigger entity into smaller units would ensure better growth and faster development. The eparchy of Mananthavady which was erected by His Holiness Paul VI of happy memory on 1 March 1973 by bifurcating the present Archeparchy of Tellicherry, has over the past 34 years made great progress in all aspects of pastoral care of the faithful entrusted to its care and evangelization of the people in the area set apart for it. Ably guided and nurtured through much of its period of growth by its first bishop Mar Jacob Thoomkuzhy and later by the late Mar Emmanuel Pothanamuzhy, CMI, who built upon the foundations laid down by his predecessor and by the present bishop Mar Jose Porunnedom, who continued the efforts of his forerunners, the eparchy of Mananthavady, spread over a territory of 48250 Sq. Kilometers in the three Federal States of Kerala, Karnataka and Tamil Nadu, has achieved remarkable progress in all areas of apostolate.

However, because of the great distance from the eparchial headquarters, the geographical, linguistic and cultural differences and the differences in the nature of the apostolates undertaken, a bifurcation of the eparchy of Mananthavady was felt to be a genuine necessity and an urgent need to ensure further growth and development of the various regions that constitute the territory of the eparchy of Mananthavady. With this in view, successive Synods discussed the proposal of the Local Ordinaries of the Eparchy and the XIV Synod (2006), Session 1, gave its approval for the proposal of the division of the eparchy of Mananthavady and the erection of a new eparchy by name Bhadravathi. The Holy See, through its letter dated 25 January 2007, Prot. No. 24/98, gave its assent to the above proposal.

Therefore, after due consultation in various fora and after having obtained the consent of the Synod and the Assent of the Holy See, thus having fulfilled everything required in law, I, Varkey Cardinal Vithayathil, the Major Archbishop of the Syro-Malabar Church, by virtue of the authority vested in me and in accordance with CCEO c. 85 § 1, hereby erect a new eparchy Bhadravathi, by carving out from the territory of the eparchy of Mananthavady, the territory of the civil district of Shimoga in the State of Karnataka, with its boundaries co-terminus with the boundaries of the same civil district. It is also decreed that the See of the new eparchy and the residence of its bishop shall be in the town of Bhadravathi. By the same decree St. Antony's Parish Church, Iduvally is raised to the status of the Pro-Cathedral of the new eparchy until a new Cathedral is built in Bhadravathi. Moreover, both the new eparchy and its bishop shall be subject as suffragans to the Metropolitan See of Tellicherry and its Metropolitan. The administration of the eparchy and the rights and privileges of the priests and faithful in the eparchy and the like are to be governed by the provisions of the Code of Canons of the Eastern Churches and the Particular Law of the Syro-Malabar Major Archiepiscopal Church. This decree is given in perpetuity for the faithful adherence and loyal observance of everyone concerned with the matter dealt with in this decree.

Given at Kakkanad from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas on 21st day of the month of August of the year Two Thousand and Seven.

Sd/-
+Varkey Cardinal Vithayathil
Major Archbishop of the Syro-Malabar Church

Sd/-
Fr. Antony Kollannur
Chancellor, Major Archiepiscopal Curia





Prot. No. 674/2007

# Major Archiepiscopal Letter of Canonical Provision

**VARKEY CARDINAL VITHAYATHIL, THE MAJOR ARCHBISHOP OF THE SYRO-MALABAR CHURCH** sends his paternal Blessings to you, REV. FR. JOSEPH ERUMACHADATH, a religious priest belonging to the Missionary Congregation of the Blessed Sacrament, at present working as the Vice-Rector of Sanathana MCBS Seminary, Thamassery and who, having obtained the prior assent of the Holy Father, has been elected by the Synod of Bishops of the Syro-Malabar Church in the Second Session of the XV Synod as Bishop of the new eparchy of Bhadravathi. Considering the great distance from the eparchial headquarters, the geographical, linguistic and cultural differences and differences in the nature of the apostolates undertaken, a bifurcation of the eparchy of Mananthavady was felt to be a genuine necessity and successive Synods discussed the proposal of the Local Ordinaries of the Eparchy and with the consent of the Synod and assent of the Holy See, I have erected by a separate decree (Prot. No. 673/2007) on the same day, a new eparchy by name Bhadravathi, carving out the portion of the civil district of Shimoga from the eparchy of Mananthavady. You as a person of exemplary priestly qualities with adequate intellectual formation and spiritual depth have been chosen to be the Bishop of the newly erected eparchy.

Therefore, in virtue of CCEO c. 86 §1, 1° and by the authority vested in me as the Major Archbishop of the Syro-Malabar Major Archiepiscopal Church to provide the people of God entrusted to my care with pastors and efficient systems of governance, and

guided by the consideration of the good of the faithful of the eparchy of Mananthavady and the entire Syro-Malabar Church, I, Varkey Cardinal Vithayathil, the Major Archbishop of the Syro-Malabar Church, hereby appoint you as BISHOP OF THE EPARCHY OF BHADRAVATHI. You are to be ordained bishop in accordance with CCEO c. 187 §2 and c. 188 and take canonical possession of your office in accordance with CCEO c. 189. Commending you to our Lord, the Master Shepherd and praying that through the intercession of Mary our Mother, St. Thomas, our Apostle and the Patron Saint of the new eparchy you may in close communion with the entire clergy and faithful of the new eparchy, fulfill the duties of your office as "an example in speech and conduct, in love, in faith, in purity" (1Tim 4:12), I send you, my hearty congratulations and prayerful good wishes.

All contrary dispositions notwithstanding.

Given at Kakkanad from the Syro-Malabar Major Archiepiscopal Curia at Mount St. Thomas on 21st day of the month of August of the year 2007 under my seal and signature.

Sd/-
+Varkey Cardinal Vithayathil
Major Archbishop of the Syro-Malabar Church

Sd/-
Fr. Antony Kollannur
Chancellor, Major Archiepiscopal Curia





## ഇടയലേഖനം 1/2007

ഭദ്രാവതി രൂപതയിലെ ബഹുമാനപ്പെട്ട വൈദികർക്കും സിസ്റ്റേഴ്സിനും ദൈവജനത്തിനുമുഴുവനും.

മിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരേ,

നമ്മുടെ കർത്താവിൻെറ ജനനത്തിരുനാളിനൊരുക്കമായി ആഗമനകാലത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. ഈ അവസരത്തിൽ ഭദ്രാവതി രൂപതാദ്ധ്യക്ഷനെന്നനിലയിൽ ആദ്യമായി നിങ്ങളെ അഭിസംബോധന ചെയ്യുന്നതിൽ എനിക്കേറെ സന്തോഷമുണ്ട്. നമ്മുടെ ആരാധനാക്രമവർഷം ഈശോയുടെ ജീവിതത്തിലെ സംഭവങ്ങളെ ആസ്പദമാക്കി പല കാലങ്ങളായി തിരിച്ചിരിക്കുന്നു. അതിലെ പ്രഥമകാലമാണ് ആഗമനകാലം അഥവാ 25 നോമ്പുകാലം. ആഗമനം എന്ന വാക്ക് സൂചിപ്പിക്കുന്നതുപോലെ തന്നെ രക്ഷയുടെ സന്ദേശവുമായി കടന്നുവരുന്ന കർത്താവിനെ പ്രതീക്ഷാപൂർവ്വം കാത്തിരിക്കുന്ന സന്ദർഭമാണിത്. ഭദ്രാവതിരൂപതാംഗങ്ങളെന്നനിലയിൽ നമ്മെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായും സമൂഹപരമായും വളരെ പ്രധാനപ്പെട്ട വർഷമാണ് കടന്നുവരുന്നത്.

ദൈവം തൻെറ ജനത്തെ സന്ദർശിച്ചിരിക്കുന്നു (സങ്കീ. 41:13) എന്ന സങ്കീർത്തന വാക്യത്തെ അനുസ്മരിപ്പിക്കുന്ന പതിറ്റാണ്ടുകളായുള്ള പ്രതീക്ഷാപൂർവകമായ നമ്മുടെ കാത്തിരിപ്പിന് ദൈവം നൽകിയ സമ്മാനമാണ് പുതിയ രൂപതാ സ്ഥാപനം. അതിനാൽ ദൈവത്തോട് നിറഞ്ഞ നന്ദിയുടെ വികാരമാണ് നാമോരോരുത്തരുടെയും മനസിൽ ആദ്യം ഉയരേണ്ടത്. കുടിയേറ്റ പ്രവാസ അനുഭവത്തിലെ വേദനനിറഞ്ഞ വഴികളിലൂടെ കൈപിടിച്ചുനടത്തി ഇന്നത്തെ അവസ്ഥയിലേയ്ക്ക് നമ്മെ നയിച്ച ദൈവത്തിന് നമുക്ക് ഹൃദയപൂർവ്വം നന്ദിപറയാം. ഒപ്പം നമ്മുടെ മാതൃരൂപതയായ മാനന്തവാടി രൂപതയിലെ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിനേയും മുൻ പിതാക്കന്മാരേയും നന്ദിയോടെ ഓർക്കാം. കഴിഞ്ഞ 30 വർഷങ്ങളായി ദിവ്യകാരുണ്യ മിഷനറി സഭയിലെ വൈദികർ ഈ പ്രദേശത്തു ചെയ്തുവന്ന നിസ്വാർഥമായ ആത്മസമർപ്പണമാണ് ഈ മിഷൻ പ്രദേശത്തെ ഇന്നത്തെ

നിലയിലേയ്ക്കുയർത്തിയത് എന്നത് മറക്കാനാവില്ല. അവരെ നന്ദിയോടെ സ്മരിക്കുന്നതോടൊപ്പം ഭദ്രാവതി രൂപത എന്ന ശിശു വളർന്ന് സ്വന്തം കാലിൽ നിൽക്കാനാകുന്നതുവരെ ദിവ്യകാരുണ്യ മിഷനറിമാരുടെ സാന്നിധ്യവും ശുശ്രൂഷയും ഒഴിച്ചുകൂടാനാവാത്തതാണ് എന്നും നമുക്ക് മറക്കാതിരിക്കാം. ദിവ്യകാരുണ്യ മിഷനറിമാർക്കൊപ്പം പ്രവർത്തിച്ച, ഇന്നും പ്രവർത്തിക്കുന്ന വിവിധ സന്ന്യാസസമൂഹങ്ങളിൽപ്പെട്ട ബഹു. സിസ്റ്റേഴ്സിനേയും നാം നന്ദിയോടെ ഓർക്കേണ്ടതുണ്ട്. ഇവരോടോപ്പം സഹകരിച്ച ദൈവജനം മുഴുവനും നന്ദിയും ഒപ്പം അഭിനന്ദനവും അർഹിക്കുന്നു.

രൂപതാ സ്ഥാപനത്തെക്കുറിച്ച് ഓർക്കുമ്പോൾ രണ്ടാമതായി നാം അനുസ്മരിക്കേണ്ടത് അത് ദൈവം നമ്മെ ഏൽപ്പിക്കുന്ന ഒരു വലിയ ഉത്തരവാദിത്തമാണ് എന്നതാണ്. ഭദ്രാവതിയിൽ ക്രിസ്തുവിൻെറ ശരീരമാകുവാൻ, ക്രിസ്തുസാക്ഷ്യമാകുവാൻ വിളിക്കപ്പെട്ടിരിക്കുകയാണ് നാം. ചുറ്റുമുള്ള മനുഷ്യർക്ക് ക്രൈസ്തവസാക്ഷ്യമാകുവാനും സുവിശേഷത്തിൻെറ വെളിച്ചമേകുവാനും നാം ക്രിസ്തീയ ആദ്ധ്യാത്മിക മൂല്യങ്ങളിൽ അടിയുറച്ച് ജീവിതം നയിക്കുന്നവരാകണം. കേരളത്തിലെ പ്രത്യേക സാഹചര്യങ്ങളിൽനിന്നും കടന്നുവന്ന് ഷിമോഗ ജില്ലയുടെ വ്യത്യസ്ഥ ഭാഗങ്ങളിലായി ചിതറിക്കഴിയുന്ന ഒരു സമൂഹമാണ് നാം. ഭദ്രാവതി രൂപതയുടെ അംഗങ്ങളെന്ന നിലയിൽ നാം ഒന്നാണ് എന്ന അനുഭവത്തിലേയ്ക്ക് വളരണം. ഈ അനുഭവത്തിൽ ആഴപ്പെടാൻ ഭാവിയിൽ വ്യത്യസ്ഥങ്ങളായ പ്രവർത്തന പദ്ധതികൾ രൂപതാ തലത്തിൽ നാം നടപ്പാക്കും. ഒപ്പം ലത്തീൻ, സീറോ-മലങ്കര കത്തോലിക്കാ വിശ്വാസികളോട് ചേർന്ന് ഐക്യത്തോടെ ക്രൈസ്തവ ജീവിത സാക്ഷ്യം നൽകാൻ നമുക്കാവണം. സമൂഹമെന്ന നിലയിൽ വിശ്വാസ, ആദ്ധ്യാത്മിക, പാരമ്പര്യ തലങ്ങളിൽ ഒന്നായി വളരുവാൻ രൂപതാസംവിധാനങ്ങളുടെ രൂപീകരണവും നമുക്കാവശ്യമാണ്. ബാലാരിഷ്ടതകളിലേയ്ക്ക് പിറന്നു വീണിരിക്കുന്ന നമ്മുടെ രൂപതയ്ക്ക് ഏറെ മുന്നോട്ട് പോകാനുണ്ട്. രൂപതാസംവിധാനങ്ങൾക്ക് അവശ്യം വേണ്ട സ്ഥലവും, സ്ഥാപനങ്ങളുമൊക്കെ കണ്ടെത്തേണ്ടിയിരിക്കുന്നു. ഒപ്പം ദൈവജനത്തെ നയിക്കുവാൻ വിശുദ്ധരായ വൈദികരും സന്ന്യസ്തരും





അൽമായ നേതൃത്വവും വളർന്നുവരണം. രൂപതയ്ക്ക് ഇപ്പോൾ സ്വന്തമായി വൈദികരാരുമില്ല എന്ന വസ്തുത മനസിലാക്കി ദൈവവിളിക്കായി പ്രാർത്ഥിക്കുകയും ദൈവവിളിയെ പ്രോത്സാഹിപ്പിക്കുകയും വേണം. രൂപതയുടെ നടത്തിപ്പിന് തൽക്കാലത്തേയ്ക്ക് എം. സി. ബി. എസ് സഭയിലെ ബഹുമാനപ്പെട്ട വൈദികരുടെയും, മറ്റ് സന്ന്യാസ സഭകളിൽനിന്നും രൂപതകളിൽ നിന്നും ലഭിക്കാവുന്ന വൈദികരുടെയും സേവനത്തെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ വ്യക്തമായ ഒരു ചിത്രം ലഭിക്കുവാൻ കുറേക്കൂടി കാത്തിരിക്കേണ്ടിവരും. അതുവരെ, അതായത് 2008 മെയ് മാസം വരെ ഇപ്പോഴത്തെ സംവിധാനങ്ങൾ മാറ്റമില്ലാതെ തുടരുമെന്നും ഇതിനാലറിയിക്കട്ടെ. നമ്മുടെ രൂപതയിലെ എല്ലാ സംവിധാനങ്ങളും ദൈവവഹിതപ്രകാരം രൂപപ്പെടുവാൻ ഈ ആഗമനകാലത്ത് നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

ഈ ആഗമനകാലം വ്യക്തിപരമായി നമ്മെ ഓരോരുത്തരേയും സംബന്ധിച്ച് പ്രതീക്ഷാപൂർണ്ണമായ കാത്തിരിപ്പിൻെറ സമയമാണ്. ദൈവത്തിന് മനുഷ്യരോടുള്ള അഗാധ സ്നേഹത്തിൻെറ അടയാളമാണ് മനുഷ്യാവതാരം. ദൈവം നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തിലേയ്ക്ക് കടന്നുവരാൻ ആഗ്രഹിക്കുന്നു. ദൈവം നമ്മുടെ സ്നേഹപിതാവാണെന്നും നാമെല്ലാം സഹോദരീ സഹോദരന്മാരാണെന്നുമുള്ള അനുഭവം നൽകുവാനാണ് ദൈവം നമ്മുടെ ഇടയിലേയ്ക്ക് ഇറങ്ങി വരിക. ദൈവത്തെ പിതാവായി അനുഭവിക്കുന്നവൻ ചുറ്റുമുള്ളവരെ സഹോദരങ്ങളായും തിരിച്ചറിയണം. അതുകൊണ്ടുതന്നെ ദൈവത്തിനും സഹോദരങ്ങൾക്കും എതിരായി നമുക്ക് ജീവിതത്തിൽ വന്നു പോയ വീഴ്ചകൾക്കും ചെയ്തുപോയ തിന്മകൾക്കും പശ്ചാത്തപിച്ചു പരിഹാരം ചെയ്ത് ഈശോയുടെ പ്രബോധനമനുസരിച്ചുള്ള ജീവിതനവീകരണത്തോടും പരിശുദ്ധമനസാക്ഷിയോടും കൂടി വേണം നാം ക്രിസ്തുമസ് ആഘോഷിക്കാൻ. ദൈവവും മനുഷ്യരുമായുള്ള രമ്യതപ്പെടൽ ഈ ഒരുക്കത്തിൻെറ അവിഭാജ്യഘടകമാണ്. അങ്ങനെ ഒരുങ്ങി ആഘോഷിക്കുന്നവർക്കാണ് ക്രിസ്മസ് സന്തോഷത്തിൻെറയും സമാധാനത്തിൻെറയും അനുഭവമാകുക.

കർത്താവിൻെറ മനുഷ്യാവതാരം ഇന്നും നമുക്ക് ചുറ്റും, നമ്മിലൂടെയും നടന്നുകൊണ്ടിരിക്കുന്ന, നടക്കേണ്ട യാഥാർത്ഥ്യമാണ്. ജീവിത പ്രതിസന്ധികളും പ്രശ്നങ്ങളും വിവിധ ആവശ്യങ്ങളും പല രീതിയിലുള്ള വിശപ്പുമായി നമ്മുടെ മുൻപിൽ നിൽക്കുന്ന സഹജീവികളിലൂടെ കർത്താവ് തന്നെയല്ലെ നമ്മെ സമീപിക്കുക. “ഈ ചെറിയവനിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത്” (മത്താ. 25:40) എന്ന യേശു വചനം നമുക്ക് മറക്കാതിരിക്കാം. അവരുടെ ഓരോരുത്തരുടെയും ആവശ്യങ്ങളിൽ നാം കഴിവിനൊത്ത് പ്രതികരിക്കുമ്പോൾ അവർക്ക് മുമ്പിൽ നമ്മിലൂടെ ദൈവത്തിൻെറ മനുഷ്യാവതാരം തുടരുന്നു എന്നും നമുക്ക് തിരിച്ചറിയാം. ഈ നോമ്പുകാലത്ത് ക്രൈസ്തവ സ്നേഹത്തിന് ജീവിതസാക്ഷ്യം നൽകാൻ നമുക്ക് ശ്രമിക്കാം. ക്രിസ്തുനാഥൻ അങ്ങനെ നമ്മിലും നമ്മിലൂടെ നമ്മുടെ സമൂഹത്തിലും വന്നുപിറക്കട്ടെ. എല്ലാവർക്കും സമാധാനപൂർണ്ണവും സന്തോഷകരവുമായ പിറവിത്തിരുന്നാൾ നേർന്നുകൊണ്ട് ഈശോയിൽ സ്നേഹപൂർവം,

+ J Arumachadath

ഷിമോഗ
12-12-07

മാർ ജോസഫ് അരുമച്ചാടത്ത്
ഭദ്രാവതി രൂപതാദ്ധ്യക്ഷൻ.

---

NB: ഈ ഇടയലേഖനം 2007 ഡിസംബർ 16-ാം തിയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.





## ഇടയലേഖനം 2/2007

ഭദ്രാവതി രൂപതയിലെ ബഹുമാനപ്പെട്ട വൈദികർക്കും സിസ്റ്റേഴ്സിനും ദൈവജനത്തിനുമുഴുവനും,

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

പുതുതായി ജന്മമെടുത്തിരിക്കുന്ന ഭാദ്രാവതി രൂപതയിൽ രൂപതാ സംവിധാനങ്ങൾ രൂപപ്പെട്ടുവരേണ്ടതിൻെറ ആവശ്യകതയെക്കുറിച്ച് കഴിഞ്ഞ കത്തിൽ ഞാൻ സൂചിപ്പിച്ചിരുന്നുവല്ലോ. രൂപതാ ഭരണത്തിൻെറ കാര്യക്ഷമമായ നടത്തിപ്പിനായി പൗരസ്ത്യ കാനോൻ നിയമമനുസരിച്ച് വ്യത്യസ്ഥ തലങ്ങളിലുള്ള ആലോചനാസമിതികൾ, ഉദാഹരണത്തിന് -രൂപതാ ഭരണത്തിൽ മെത്രാനെ സഹായിക്കുന്ന ആലോചനാസമിതിയായ Diocesan Consultors, രൂപതയിലെ വൈദികരുടെ പ്രതിനിധിയോഗമായ Presbytral Council, രൂപതയിലെ വൈദികരുടെയും സന്യസ്തരുടെയും ഭക്തസംഘടനകളുടെയും, യോഗമായ Pastoral Council തുടങ്ങിയവ നിലവിൽ വരണം. ഇതിൽ ആലോചനാസമിതിയായ Diocesan Consultors ആയി Rev. Fr. Joseph Pooppillil, Rev. Fr. Jose Peringarapillil, Rev. Fr. Mathew Kizhakkemuriyil, Rev. Fr. Thomas Pattery, Rev. Fr. George Vallikkattukuzhiyil, Rev. Fr. Thomas Naduvilekunnakkattu, Rev. Fr. Thomas Kanjiramparayil എന്നിവരെ നിയമിച്ചകാര്യം അറിയിക്കട്ടെ.

ഡിസംബർ 22-ാം തിയതി കൂടിയ ആലോചനാസമിതിയിൽ നമ്മുടെ രൂപതയിൽ നിലവിലുള്ള തഴെപറയുന്ന മിഷൻ സ്റ്റേഷനുകളെ മുൻകാല പ്രാബല്യത്തോടെ പൂർണ്ണ ഇടവകകളായി ഉയർത്താൻ തീരുമാനിച്ചു. St. Antony's Church Iduvally, Lourd Matha Church Nagavally, St. Thomas Church Sagar, Sacred Heart Church Hossur (Induvally), Good Shepherd Church Ripponpet, St. Peter's Church Mastikatte, Mar Sleeva Church Anandapuram, Infant Jesus Church Bhadravathi, Kristuraja Church Anavatty, Bl. Alphonsa Church Umblebylu, St. Mary's Church Holehonnur, St. Joseph's Church Shimoga ഈ പള്ളികൾക്ക് പൗരസ്ത്യകാനോൻ നിയമമനുസരിച്ച് ഇടവക പള്ളികൾക്കുള്ള എല്ലാ അവകാശങ്ങളും

അധികാരങ്ങളും കടമകളും ഉണ്ടായിരിക്കുന്നതാണ്. ഇതോടൊപ്പം Good Shepherd Church Ripponpet, St. Joseph's Church Shimoga എന്നിവയെ ഫൊറോനാ ദേവാലയങ്ങളുടെ പദവിയിലേക്ക് ഉയർത്തുകയാണ്. (ഭാവിയിൽ ഭദ്രാവതി കേന്ദ്രമാക്കി കത്തീഡ്രൽദേവാലയം സ്ഥാപിതമാകുമ്പോൾ അതിനാൽത്തന്നെ ഷിമോഗയുടെ ഫൊറോനാ പദവി ഭദ്രാവതിക്ക് സ്വന്തമാകും) Iduvally, Hossur (Induvally), Sagar, Anandapuram, Nagavally, Anavatty എന്നീ ഇടവകകളും അവയുടെ സബ്സ്റ്റേഷനുകളും റിപ്പൺപേട്ട് ഫൊറോനായുടെ കീഴിലും Bhadravathi, Mastikatte, Davangere, Holehonnur, Umblebylu എന്നീ ഇടവകകളും അവയുടെ സബ്സ്റ്റേഷനുകളും ഷിമോഗ ഫൊറോനയുടെ കീഴിലും ആയിരിക്കും.

**ദൈവവചനവർഷാചരണം**

വളരെ പ്രധാനപ്പെട്ട മറ്റൊരുകാര്യവും നിങ്ങളെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അഖിലേന്ത്യാ മെത്രാൻ സമിതിയുടെ (CBCI) നിർദ്ദേശമനുസരിച്ച് കർണ്ണാടക കത്തോലിക്കാ സഭ 2008 ദൈവചനവർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ദൈവസാന്നിധ്യത്തിന്റെ സജീവ അടയാളമായി വചനത്തെ അനുഭവിച്ചറിയുകയും "പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവുമായി" (Ps. 119:105) വചനത്തെ അവതരിപ്പിക്കുകയുമാണ് വചനവർഷാചരണത്തിന്റെ ലക്ഷ്യം. നാമോരോരുത്തരുടേയും അനുദിനജീവിതത്തിൽ ദൈവവചനത്തിനുള്ള പ്രാധാന്യവും, പ്രസക്തിയും ഒന്നുകൂടി ആഴമായി മനസ്സിലാക്കുവാനും നമ്മുടെ സമൂഹത്തിൽ വചനത്തിന്റെ സ്വാധീനം എത്രമാത്രം എന്ന് വിലയിരുത്തുവാനും ഇന്ന് നാം നേരിടുന്ന പ്രശ്നങ്ങൾക്ക് ഉത്തരമായി ദൈവവചനത്തെ ഉൾക്കൊള്ളാനും നമുക്ക് ലഭിക്കുന്ന സുവർണ്ണാവസരമാണിത്. അതിനാൽ കർണ്ണാടകത്തിലെ മറ്റ് രൂപതകളോട് ചേർന്ന് നമ്മുടെ രൂപതയും 2008 ദൈവവചനവർഷമായി ആചരിക്കുന്നു.

**വചനവർഷത്തിന്റെ പശ്ചാത്തലം**

ആഗോളസഭയെ സംബന്ധിച്ചിടത്തോളം 2008 രണ്ട് കാരണങ്ങളാൽ വളരെ പ്രധാനപ്പെട്ടതാണ്. 1. എല്ലാ ജനതകളുടെ ഇടയിലും സുവിശേഷം പ്രഘോഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും





ജീവൻ അർപ്പിച്ച വി. പൗലോസ് ശ്ലീഹായുടെ ജനനത്തിന്റെ 2000 വാർഷികത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ബനഡിക്ട് 16–ാമൻ മാർപ്പാപ്പ 2008 ജൂൺ മുതൽ 2009 ജൂൺ വരെ വി. പൗലോസിന്റെ വർഷമായി പ്രഖ്യാപിച്ചിരിക്കുന്നു. 2. 2008 ഒക്ടോബർ 5 മുതൽ 20 വരെ റോമിൽ വച്ച് "ദൈവവചനം സഭയുടെ ജീവിതത്തിലും ദൗത്യത്തിലും" എന്ന വിഷയത്തെക്കുറിച്ച് മെത്രാന്മാരുടെ സിനഡ് നടക്കുന്നു. പരസ്പരബന്ധിതമായ ഈ രണ്ട് സംഭവങ്ങളുടെ പശ്ചാത്തലത്തിലാണ് കർണ്ണാടക കത്തോലിക്കാസഭ 2008 ദൈവവചന വർഷമായി പ്രഖ്യാപിച്ചിരിക്കുന്നത്.

**ദൈവവചനവർഷത്തിന്റെ ലക്ഷ്യം.**

"ദൈവവചനവുമായി അടുത്ത് സമ്പർക്കത്തിൽ വരാനും, എല്ലാവർക്കും വചനത്തിന്റെ മാധുര്യം ആസ്വദിക്കാനും" (Acts. 6:5) അങ്ങനെ സഭയിൽ ഒരു ആദ്ധ്യാത്മിക നവോത്ഥാനത്തിനു തുടക്കം കുറിക്കുന്നതിനുമാണ് ഇത് ലക്ഷ്യം വയ്ക്കുക. വചനാധിഷ്ഠിത ജീവിതം അഥവാ, ദൈവവചനം സ്വീകരിക്കുക, വചനം ജീവിക്കുക, വചനം പങ്കുവയ്ക്കുക എന്നതായിരിക്കും ദൈവവചനവർഷത്തിലെ നമ്മുടെ ലക്ഷ്യം.

നാം ഓരോരുത്തരോടുമുള്ള ദൈവത്തിന്റെ അനന്തസ്നേഹം നിറഞ്ഞു തുളുമ്പുന്നതാണ് ദൈവവചനം. രണ്ടാംവത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ വി. ഗ്രന്ഥത്തിലൂടെയാണ് സ്വർഗ്ഗസ്ഥനായ പിതാവ് തന്റെ മക്കളെ അതീവസ്നേഹത്തോടെ ഉറ്റുനോക്കുന്നതും അവരുമായി സംഭാഷണം ചെയ്യുന്നതും (Dv. 21). ദൈവവചനത്തിന്റെ മുമ്പിൽ "കർത്താവേ ഞങ്ങൾ ആരുടെ അടുത്തേയ്ക്ക് പോകും, നിത്യജീവന്റെ വചസുകൾ നിന്റെ പക്കലുണ്ട്" (John 6:68) എന്ന ശിഷ്യരുടെ മനോഭാവത്തോടെ നിൽക്കാനും വി. ഗ്രന്ഥം കൂടുതൽ ഉത്സാഹത്തോടെ വായിക്കാനും പഠിക്കാനും നമുക്ക് കഴിയണം. സ്വന്തമായി ഒരു ബൈബിൾ ഉണ്ടായിരിക്കുക, അത് വായിച്ചും പഠിച്ചും അതിലെ സന്ദേശം ഉൾക്കൊള്ളുക എന്നത് ഓരോ വ്യക്തിയുടെയും അവകാശവും കടമയുമാണ്.

വചനം വായിക്കുകയും കേൾക്കുകയും ചെയ്താൽ മാത്രം പോരാ, നാം വചനം ജീവിക്കുന്നവരുമാകണം. ഇന്ന് വചനം കേൾക്കുന്നവരുടെ സംഖ്യയ്ക്ക് കുറവൊന്നുമില്ല. പക്ഷെ വഴിയരികിലും, പാറപ്പുറത്തും, മുള്ളുകൾക്കിടയിലും വീണ വിത്തുപോലെ ഫലം പുറപ്പെടുവിക്കാൻ സാഹചര്യങ്ങൾ പലപ്പോഴും നമ്മെ അനുവദിക്കുന്നില്ല. ദൈവവചനത്തിന്റെ മുമ്പിൽ "ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്കു പോലെ എന്നിൽ സംഭവിക്കട്ടെ" (Luke 1:38) എന്ന പരി. അമ്മയുടെ മനോഭാവവും "നിന്റെ വാക്കനുസരിച്ച് ഞാൻ വലയിറക്കാം"(Luke 5:5) എന്ന അപ്പസ്തോലന്റെ മനോഭാവവുമാണ് നമുക്ക് വേണ്ടത്. നാം സ്വീകരിക്കുന്ന വചനം നമ്മിൽ ആഴ്ന്നിറങ്ങി നമ്മുടെ ചിന്തയുടെ ഭാഗമായിത്തീരുകയും തീരുമാനങ്ങളെ സ്വാധീനിച്ച് വാക്കിലും പ്രവർത്തിയിലും പ്രതിഫലിക്കുകയും വേണം.

ദൈവവചനം സ്വീകരിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവർക്ക് അത് മറ്റുള്ളവരുമായി പങ്കുവയ്ക്കാതിരിക്കാനാവില്ല. എല്ലാ കാലത്തും എല്ലാ സ്ഥലത്തുമുള്ള എല്ലാ മനുഷ്യർക്കും വേണ്ടിയുള്ള സ്നേഹസന്ദേശമാണ് ദൈവവചനം. "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം അറിയിക്കുവിൻ" (Mark 16:5) എന്ന് യേശു ശിഷ്യരോട് കൽപ്പിച്ചു. വചനം പങ്കുവയ്ക്കുമ്പോഴാണ് ശിഷ്യത്വം പൂർണ്ണമാവുക. ഈ പങ്കുവയ്ക്കൽ യാഥാർഥ്യം ആകണമെങ്കിൽ വചനം നമ്മുടെ ജീവിതത്തിന്റെ അസ്ഥിത്വത്തിന്റെ ഭാഗമായി മാറണം. നമ്മുടെ വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും ദൈവവചനത്തിനുള്ള പ്രാധാന്യം നാം ഓരോരുത്തരും മനസിലാക്കാൻ ഈ ദൈവവചനവർഷാചരണം നമ്മെ സഹായിക്കണം. അങ്ങനെ "ദൈവവചനം അനുസരിച്ച് ജീവിക്കുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും" (Mathew 12:48-50) എന്ന കർത്താവിന്റെ വാക്കുകൾ നമ്മുടെ രൂപതയിലും ഇടവകകളിലും നിറവേറാനിടയാകണം.

കർത്താവിന്റെ ദനഹാത്തിരുനാളായ 2008 ജനുവരി 6-ന് ഞായറാഴ്ച ആരംഭിച്ച് 2009 ജനുവരി 6-ന് തീരത്തക്കവിധത്തിലാണ് ദൈവവചനവർഷം ക്രമീകരിച്ചിരിക്കുന്നത്. ദൈവവചനം പഠിക്കുന്നതിനും, പാലിക്കുന്നതിനും, പ്രാർത്ഥിക്കുന്നതിനും, ജീവിക്കുന്നതിനും,





പ്രഘോഷിക്കുന്നതിനും നമ്മെ സഹായിക്കത്തക്ക വിവിധ പരിപാടികൾ രൂപതാതലത്തിലും ഇടവകാതലങ്ങളിലും നാം ഒരുക്കുന്നുണ്ട്. വൈദികരും സിസ്റ്റേഴ്സും അത്മായരും ആത്മാർഥമായി സഹകരിച്ച് ദൈവവചനവർഷാചരണം ഒരു വൻവിജയമാക്കിത്തീർക്കണം.

**<u>ഇടവകാതലത്തിൽ ചെയ്യേണ്ടവ</u>**

1. വർഷം മുഴുവൻ ദൈവവചനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഓർമ്മ നിലനിർത്തുവാനായി ജനുവരി 6-ന് കുർബാനമദ്ധ്യേ വി. ഗ്രന്ഥം അലങ്കരിച്ച ഒരു പീഠത്തിൽ ആഘോഷപൂർവ്വം പ്രതിഷ്ഠിക്കുക.
2. "ദൈവവചനവർഷം 2008" എന്ന് കന്നടയിലും മലയാളത്തിലും എഴുതി വി. വേദിയിൽ സ്ഥാപിക്കുക.
3. ദൈവവചനവർഷാചരണ പ്രാർത്ഥന എല്ലാ ദേവലയങ്ങളിലും ഭവനങ്ങളിലും ചൊല്ലുക.
4. ആരാധനാക്രമത്തിലെ വായനകൾ, സങ്കീർത്തനങ്ങൾ, പ്രാർത്ഥനകൾ എന്നിവയിൽ സജീവമായി പങ്കെടുത്ത് വചനാനുഭവത്തിൽ ആഴപ്പെടുക.
5. ഇടവകയിലെ എല്ലാ ഭവനങ്ങളിലും അലങ്കരിച്ചൊരുക്കിയ പീഠത്തിൽ വർഷം മുഴുവനും ബൈബിൾ പ്രതിഷ്ഠിച്ച് വയ്ക്കുക (ഇത് ജനുവരി 6-ന് തന്നെ ചെയ്യുക; വായിക്കാനായി എടുത്തശേഷം വീണ്ടും പീഠത്തിൽ പ്രതിഷ്ഠിക്കുക).
6. വൈദികർ ഭവനങ്ങൾ സന്ദർശിച്ച് വെഞ്ചരിച്ച് ബൈബിൾ പ്രതിഷ്ഠിക്കുക.
7. ബൈബിൾ ഇല്ലാത്ത ഭവനങ്ങൾക്ക് ബൈബിൾ നൽകുക.
8. സുവിശേഷ പ്രഭാഷണങ്ങൾ, സെമിനാറുകൾ, ക്ലാസ്സുകൾ തുടങ്ങിയവ സംഘടിപ്പിക്കുക
9. ബൈബിൾ അധിഷ്ഠിത കലാമത്സരങ്ങൾ (പ്രസംഗം, സംഗീതം, ഡാൻസ്, ക്വിസ് etc.) സംഘടിപ്പിക്കുക.
10. ബൈബിൾ അധിഷ്ഠിത കലാപരിപാടികൾ (സിനിമ, വീഡിയോ പ്രോഗ്രാം etc.) ഒരുക്കുക.

11. കുടുംബയൂണിറ്റുകളിൽ കുട്ടികൾക്കും മുതിർന്നവർക്കും ബൈബിൾക്വിസ്, പഠനക്ലാസ്സുകൾ സംഘടിപ്പിക്കുക.
12. കുട്ടികളേയും ചെറുപ്പക്കാരേയും ഓരോ ആഴ്ചയും ഓരോ ബൈബിൾ വാക്യമോ ബൈബിൾ ഭാഗമോ മനഃപാഠം പഠിക്കാൻ പ്രോത്സാഹിപ്പിക്കുക. പിന്നീട് അവയ്ക്കായി എഴുത്ത്, ഓർമ്മയിൽനിന്ന് പറയൽ മത്സരങ്ങൾ നടത്തുക.
13. ഇടവകയിലെ എല്ലാ സംഘടനകളുടെയും മീറ്റിംഗുകൾ ഒരു ബൈബിൾ ഭാഗം വായിച്ച് പ്രാർത്ഥിച്ച് തുടങ്ങുക.
14. ഒരു വർഷംകൊണ്ട് ഇടവകയിലെ എല്ലാ കുടുംബങ്ങളും ഒരാവർത്തിയെങ്കിലും ബൈബിൾ വായിക്കത്തക്ക രീതിയിലുള്ള ക്രമീകരണങ്ങൾ നടത്തുക.

**<u>രൂപതാതല പരിപാടികൾ</u>**

1. രൂപതാതല ബൈബിൾ കൺവൻഷൻ, കുട്ടികൾക്കും മുതിർന്നവർക്കും യുവാക്കൾക്കും ബൈബിൾക്യാമ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കുക.
2. ഇടവകകളിൽ ബൈബിൾ ക്ലാസ്സുകൾ, സെമിനാറുകൾ തുടങ്ങിയവയ്ക്ക് നേതൃത്വം നൽകാൻ രൂപതാ ബൈബിൾ ടീമിനെ ഒരുക്കുക.
3. രൂപതാതല ബൈബിൾ കലോത്സവം, ബൈബിൾ ക്വിസ് തുടങ്ങിയവ സംഘടിപ്പിക്കുക.
4. രൂപതാ സംഘടനകളുടെ ആഭിമുഖ്യത്തിൽ ബൈബിൾ ദിനം ആചരിച്ച് ബൈബിൾ കേന്ദ്രീകൃതമായ പഠനവും പ്രാർത്ഥനയും നടത്തുക.

"ബൈബിളിനെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്" എന്ന വി. ജറോമിൻെറ വാക്കുകൾ നമുക്ക് മറക്കാതിരിക്കാം. നാമെല്ലാവരും വചനം വായിക്കുന്നുവെങ്കിലും വേണ്ടരീതിയിൽ ദൈവവചനം നമ്മുടെ ജീവിതത്തെ സ്വാധീനിക്കുന്നില്ല. ദൈവവചനത്തെക്കുറിച്ചുള്ള അറിവിനെ അനുഭവമാക്കാൻ നമുക്ക് ശ്രമിക്കാം. അങ്ങനെ ദൈവവചനവർഷാചരണത്തിലൂടെ "ക്രിസ്തുവിൻെറ സ്നേഹത്തിൻെറ നീളവും വീതിയും ഉയരവും ആഴവും ഗ്രഹിക്കാനും





അറിവിനെ അതിലംഘിക്കുന്ന ക്രിസ്തുവിൻെറ സ്നേഹം നമ്മൾ ഗ്രഹിക്കാനും ഇടയാവട്ടെ."

എല്ലാവർക്കും ദൈവാനുഗ്രഹപ്രദമായ പുതുവർഷവും പരിശുദ്ധാത്മശക്തിനിറഞ്ഞ ദൈവവചനവർഷവും നേർന്നുകൊണ്ട് ഈശോയിൽ സ്നേഹപൂർവ്വം,

ഷിമോഗ
22.12.2007

മാർ ജോസഫ് അരുമച്ചാടത്ത്
ഭദ്രാവതി രൂപതാദ്ധ്യക്ഷൻ

---

ഈ ഇടയലേഖനം 2007 ഡിസംബർ 30–ാം തിയതി കുർബ്ബാന മദ്ധ്യേ വായിക്കണം.

## ക്രൈസ്തവരുടെ രാഷ്ട്രീയാവബോധത്തെയും ഉത്തരവാദിത്വത്തെയും കുറിച്ച് കർണാടക റീജണൽ ബിഷപ്സ് കോൺഫ്രൻസിൻെറ സംയുക്ത ഇടയലേഖനം

കർണാടക റീജിയനിലെ മെത്രാന്മാരായ ഞങ്ങൾ ഇവിടുത്തെ വൈദികർക്കും സന്യസ്തർക്കും ജനങ്ങൾക്കും എഴുതുന്നത്,

ഉത്ഥിതനായ കർത്താവിൻെറ കൃപയും സമാധാനവും നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ. ഈശോയിൽ പ്രിയപ്പെട്ട അച്ചന്മാരെ, സഹോദരീസഹോദരന്മാരെ, 2008 ഫെബ്രുവരി 28, 29 തിയതികളിൽ ബാംഗ്ലൂരിൽ ചേർന്ന കർണാടക കത്തോലിക്കാമെത്രാന്മാരുടെ സമ്മേളനം ക്രൈസ്തവരുടെ രാഷ്ട്രീയാവബോധത്തെയും ഉത്തരവാദിത്വത്തെയും സംബന്ധിച്ച് ഒരു സംയുക്ത ഇടയലേഖനം പുറപ്പെടുവിക്കുവാൻ തീരുമാനിച്ചു. അതനുസരിച്ചാണു ഈ ഇടയലേഖനം നിങ്ങൾക്കെഴുതുന്നത്. 2007 ഡിസംബർ മുതൽ പ്രസിഡൻറുഭരണത്തിൻ കീഴിലുള്ള ഒരു സംസ്ഥാനത്ത് 2008 മെയ് മാസം 3–ാം ആഴ്ചയിൽ തിരഞ്ഞെടുപ്പു നടക്കുമെന്ന് മാധ്യമങ്ങൾ വഴി ലഭിച്ച അറിവിൻെറ പശ്ചാത്തലത്തിലാണിത് പ്രസിദ്ധീകരിക്കുന്നത്.

## 1. ആമുഖം

സാധാരണ ജനങ്ങളിൽ ക്രിസ്തീയമായ ഒരു രാഷ്ട്രീയാവബോധം സൃഷ്ടിക്കുക എന്നത് സഭയുടെ ശുശ്രൂഷകളിൽപ്പെട്ടതാണ്. രാഷ്ട്രീയം സംബന്ധിച്ചുള്ള സഭയുടെ പ്രബോധനങ്ങളെ സമഗ്രമായി അവതരിപ്പിക്കാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. ഇന്നത്തെ രാഷ്ട്രീയ സാഹചര്യങ്ങളുമായി ബന്ധപ്പെട്ട സുപ്രധാനമായ സഭാപ്രബോധനങ്ങളെമാത്രം അവതരിപ്പിക്കാനാണു ഇവിടെ ശ്രമിക്കുന്നത്. രാഷ്ട്രീയത്തെക്കുറിച്ചുള്ള സഭാപ്രബോധനങ്ങൾ രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ "സഭ ആധുനികലോകത്തിൽ" എന്ന പ്രമാണരേഖയിലും ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുടെ സാമൂഹികചാക്രിക ലേഖനങ്ങളായ "സാമൂഹികൗത്സുക്യം" (Sollicitudo Rei Socialis) "നൂറാം വർഷം" എന്നീ രേഖകളിലും ധർമ്മശാസ്ത്രപാഠ്യപുസ്തകങ്ങളിലും, അത്മായ ദൗത്യത്തെക്കുറിച്ചുള്ള അപ്പസ്തോലിക പ്രബോധനമായ "അത്മായ വിശ്വാസികൾ" (Christifidelis Laici) എന്ന ഗ്രന്ഥത്തിലും, അടുത്തകാലത്തു പ്രസിദ്ധീകരിച്ച കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിലും വിശദമാക്കിയിട്ടുണ്ട്.

ക്രിസ്തീയമായ സാമൂഹ്യരാഷ്ട്രീയ ചുമതലയ്ക്ക് ദൈവവചനത്തിലൂന്നിയ രണ്ട് അടിസ്ഥാനങ്ങളാണുള്ളത്. സൃഷ്ടിയെക്കുറിച്ചുള്ള പ്രബോധനമാണു ഒന്നാമത്തേത്. ദൈവം ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച് അതിൻെറ ഭരണച്ചുമതല നമ്മെ ഏൽപ്പിച്ചു. ഭരണചുമതലയുള്ളവർക്കു അതിനെക്കുറിച്ചുള്ള കണക്കു ബോധിപ്പിക്കാനും ഉത്തരവാദിത്വമുണ്ട്.

രണ്ടാമത്തേതു മനുഷ്യവർഗ്ഗത്തെക്കുറിച്ചുള്ള പഠനമാണ്. മനുഷ്യജീവികൾ ദൈവത്തിൻെറ ഛായയിലാണു സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യപ്രകൃതിയെക്കുറിച്ചുള്ള വി. ഗ്രന്ഥ ദർശനമാണിത്. സേവനം അതിനുള്ള മനുഷ്യൻെറ ഉത്തരവാദിത്വത്തിൻെറ നിർണ്ണായക ഘടകമാണ്. ഇതനുസരിച്ചു ജീവിതമാകുന്ന കടൽപരപ്പിൽ ലക്ഷ്യമോ പരസ്പരം ബന്ധമോ ഇല്ലാതെ ഒഴുകിനടക്കുന്ന പൊങ്ങുതടികളല്ല മനുഷ്യർ. മറിച്ചു ഉത്തരവാദിത്വപൂർണ്ണമായ പങ്കുവഹിക്കേണ്ടവരും പ്രോജ്വലമായ ഭാവിയുള്ളവരുമായ





വ്യക്തികളാണവർ. മനുഷ്യൻെറ ഈ സവിശേഷതയാണു ഒരു കൂട്ടായ്മയുടെ പശ്ചാത്തലത്തിൽ ഇതരരെ സേവിയ്ക്കുന്ന ക്രൈസ്തവനു ലക്ഷ്യവും മാർഗ്ഗദർശനവും ശുഭാപ്തി വിശ്വാസവും നൽകുന്നത്.

ഈ ഇടയലേഖനത്തിലൂടെ വിശ്വാസികൾക്ക് അവരുടെ രഷ്ട്രീയ ജീവിതം സംബന്ധിച്ചു താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ ഞങ്ങളാഗ്രഹിക്കുന്നു.

a) മനുഷ്യമഹത്വവും കൂട്ടായ്മയുമായിരിക്കണം രാഷ്ട്രീയത്തിൻെറ അടിസ്ഥാനതത്വം.

b) രാഷ്ട്രീയ പ്രവർത്തനത്തിൻെറ ലക്ഷ്യവും പൊതുനന്മയായിരിക്കണം.

c) അധികാരവും ശക്തിയും മനുഷ്യസേവനത്തിനായി ദൈവം വിശ്വസിച്ച് ഏൽപ്പിച്ചിരിക്കുന്ന മുതലാണ്.

മേൽപ്പറഞ്ഞതത്വങ്ങളെ മുറുകെപ്പിടിക്കുന്നതു വഴി മാത്രമെ സത്യം, സമത്വം, സ്നേഹം, നീതി എന്നിവയിലധിഷ്ഠിധമായ ഒരു രാഷ്ട്രീയസമൂഹം നിർമ്മിക്കാൻ കഴിയൂ. പൊതുനന്മയെ ലക്ഷ്യമാക്കി സമൂഹത്തെ ക്രമീകരിയ്ക്കാനാവശ്യമായ വ്യക്തികളും, സംഘങ്ങളും, സ്ഥാപനങ്ങളും, സംവിധാനങ്ങളുമൊക്കെ, ഉൾക്കൊള്ളുന്നതാണു രാഷ്ട്രീയ സമൂഹം. പൊതുനന്മയാണു രാഷ്ട്രീയ സമൂഹത്തിൻെറ അർത്ഥവും, അടിസ്ഥാനവും, സമ്പൂർണ്ണ നീതീകരണവും. രാഷ്ട്രീയ സമൂഹത്തിലാണു പൊതുവായ അധികാരം നിലകൊള്ളുന്നത്. ഈ അധികാരമാകട്ടെ പൊതുനന്മയ്ക്കു വേണ്ടി ഉദ്ദേശിയ്ക്കപ്പെട്ടതും ധാർമ്മികക്രമമനുസരിച്ച് പ്രവർത്തിയ്ക്കുന്നതുമായിരിയ്ക്കണം. "പൊതുനന്മ" എന്നത് ജനത്തിനു വ്യക്തികളെന്ന നിലയിലോ സമൂഹങ്ങളെന്ന നിലയിലോ തങ്ങളുടെ പൂർണ്ണതയിലെത്താൻ സഹായിയ്ക്കുന്ന പരിതോവസ്ഥകളുടെ ആകെത്തുകയാണ് (GS 26).

## 2. രാഷ്ട്രീയത്തിൽ സഭയ്ക്കു ഒരു ദൗത്യമുണ്ട്. അതിനുള്ള പ്രധാനകാരണങ്ങൾ താഴെ ചേർക്കുന്നു.

2.1 ഒന്നാമതായി രാഷ്ട്രീയത്തിനു ഒരു ധാർമ്മിക വശമുണ്ടെന്നതാണ്. രാഷ്ട്രീയം ഒരു മാനുഷിക പ്രവർത്തനമാണ്. അത് ജനങ്ങൾക്ക് നന്മയോ തിന്മയോ ആയി തീരാം. അവരെ അനുഗ്രഹത്തിലേക്കോ പാപത്തിലേക്കോ നയിക്കാൻ അതിനുകഴിയും.

2.2 രണ്ടാമതായി സുവിശേഷദൗത്യവും ദൈവരാജ്യവും സഭയെ രാഷ്ട്രീയ ഇടപെടലിനു ക്ഷണിക്കുന്നു. സകല സൃഷ്ടികളോടും സുവിശേഷം അറിയിക്കുക എന്നതു രാഷ്ട്രീയത്തേയും സുവിശേഷത്താൽ പ്രകാശിപ്പിക്കാനുള്ള ബാധ്യത ഉൾകൊള്ളുന്നു. അതിലുപരി യേശുവിൻെറ ദൗത്യത്തിൻെറ കേന്ദ്രം ദൈവരാജ്യം പ്രഘോഷിക്കുകയായിരുന്നു. എന്നാൽ ദൈവരാജ്യം ക്ഷണിക്കുന്നത് പശ്ചാത്താപത്തിലേയ്ക്കും നവീകരണത്തിലേയ്ക്കുമാണ് (Mk. 1:15). നവീകരണത്തിനുള്ള ഈ ആഹ്വാനം രഷ്ട്രീയ മണ്ഡലത്തേയും ഉൾക്കൊള്ളുന്നു.

2.3 മൂന്നാമതായി സഭാദൗത്യം രാഷ്ട്രീയ രംഗത്തേയും അതിലുള്ള ക്രൈസ്തവരുടെ ഭാഗഭാഗിത്വത്തേയും ഉൾക്കൊള്ളുന്നു. സമ്പൂർണ്ണ രക്ഷ ആത്മാവും ശരീരവും ചേർന്ന സമഗ്രമനുഷ്യൻെറ രക്ഷയാണ്; ഭൗതികവും ആത്മീയവുമാണത്. അതുകൊണ്ടാണ് യേശു പാപങ്ങൾ മോചിക്കുക മാത്രമല്ല, രോഗങ്ങൾ സൗഖ്യമാക്കുക കൂടി ചെയ്തിട്ടുണ്ട്. ഇതുപോലെ തന്നെ സഭയും സൗഖ്യദായകമായ രക്ഷയുടെ കൃപ രാഷ്ട്രീയമുൾപ്പടെയുള്ള ഭൗതികമണ്ഡലത്തിലേയ്ക്കും കൊണ്ടുവരേണ്ടിയിരിക്കുന്നു.

3. **രാഷ്ട്രീയത്തെ നവീകരിക്കുകയോ സുവിശേഷവൽകരിക്കുകയോ ചെയ്യുന്നതുവഴി ദൗത്യം പൂർത്തിയാക്കുന്നു**.

3.1 വിശ്വാസവും രഷ്ട്രീയവും തമ്മിൽ വ്യതിരക്തമായ പാത സ്വീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ രഷ്ട്രീയസംസ്കാരത്തെ സുവിശേഷവത്കരിക്കുന്നതിന് ഉപയുക്തമായ ക്രിസ്തീയ വിദ്യാഭ്യാസം വഴി.

3.2 ജനങ്ങൾക്ക് ശരിയായ മനഃസാക്ഷിയോടുകൂടി തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിനും യോഗ്യരായവരെ മാത്രം തിരഞ്ഞെടുക്കുവാനും സഹായകരമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകികൊണ്ട്.

3.3 മറ്റു ഗവണ്മെൻറിതര സംഘടനകളുമായി (NGO) യോജിച്ചുകൊണ്ട് സത്യസന്ധമായും സംശുദ്ധമായും സമാധാനപരമായും തിരഞ്ഞെടുപ്പ് നടത്തുന്നതിനു സഹായിച്ചുകൊണ്ട്.





3.4 രാഷ്ട്രീയരംഗത്തെ അജപാലനപ്രവർത്തന ലക്ഷ്യമെന്ന നിലയിൽ ഘടനാപരമായ പരിവർത്തനത്തിനായി സമ്മർദ്ദം ചെലുത്തിക്കൊണ്ട്. ഉദാഹരണത്തിന് തിരഞ്ഞെടുപ്പു പ്രക്രിയയിൽ കാലതാമസം ഒഴിവാക്കുന്നതിനും വോട്ടിംഗ് മുതൽ ഫലപ്രഖ്യാപനം വരെ ഉടനീളം കുറ്റമറ്റവിധം നടത്തപ്പെടുന്നതിനും പര്യാപ്തമായ പരിഷ്കാരങ്ങൾക്കുവേണ്ടി സമ്മർദ്ദം ചെലുത്തികൊണ്ട്.

3.5 പൊതുനന്മയെ ലക്ഷ്യമാക്കിയുള്ള നിയമ നിർമ്മാണത്തിനു വേണ്ടിയും സ്ഥാപിതതാൽപര്യ സംരക്ഷണത്തിനു വേണ്ടിയുള്ള നിയമനിർമാണത്തിനെതിരായും അഭിപ്രായരൂപീകരണം നടത്തുന്നതുവഴി.

3.6 രാഷ്ട്രീയത്തെ സംശുദ്ധമാക്കാനും നന്മയിലേക്കു തിരിച്ചുവിടാനുമായുള്ള ജനകീയ പ്രസ്ഥാനങ്ങളിലും മുന്നേറ്റത്തിലും പങ്കുചേർന്നുകൊണ്ട്.

3.7 സഭയുടെ സ്വന്തം സംഘടനകളുടെയും അജപാലന സാമൂഹ്യപ്രവർത്തന കേന്ദ്രങ്ങളുടെയും ശൃംഖലയുടെ സഹായത്തോടെ ഇലക്ഷൻ സംശുദ്ധമായും സത്യസന്ധമായും സമാധാനപൂർവ്വകമായി നടത്തുന്നതിനും സഹായിച്ചുകൊണ്ട്.

3.8 ക്രൈസ്തവവിശ്വാസികളുടെ ജീവിതംവഴി യേശുവിനും അവിടുത്തെ സുവിശേഷത്തിനും സാക്ഷ്യം വഹിക്കുന്നതിലൂടെ. ഇതാണു രാഷ്ട്രീയത്തെ സുവിശേഷവൽകരിക്കുന്നതിനുള്ള സഭയുടെ എറ്റം വലിയ സംഭാവന.

4. **അൽമായരുടെ രാഷട്രീയ പങ്കാളിത്തം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ:**

വൈദികരും സന്യസ്തരും സജീവ രാഷ്ട്രീയത്തിലിറങ്ങുന്നതിനു സഭ അനുവദിക്കുന്നില്ല. എന്നാൽ അത്മായർ സജീവ രാഷ്ട്രീയത്തിൽ ഇടപെട്ടു പ്രവർത്തിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നു. അതുവഴി അവർ പ്രകാശവും പുളിമാവുമായി ലോകത്തിൽ പ്രവർത്തിക്കണമെന്നു ആഗ്രഹിക്കുന്നു. ഇതിനായി താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാൻ ഞങ്ങൾ താൽപര്യപ്പെടുന്നു.

4.1 രാഷ്ട്രീയ പങ്കാളിത്തത്തിനുള്ള അടിസ്ഥാന മാനദണ്ഡം പൊതുനന്മയെ കുറിച്ചുള്ളതായിരിക്കണം.

4.2 രാഷ്ട്രീയത്തിലിടപെട്ടു പ്രവർത്തിക്കുന്നത് നീതി സംരക്ഷിക്കാനും വളർത്താനുമായിരിക്കണം.

4.3 രാഷ്ട്രീയപ്രവർത്തനത്തിൻെറ പ്രചോദനവും മാർഗ്ഗദർശനവും സേവന തൽപരതയായിരിക്കണം.

4.4 അത് പാവപ്പെട്ടവരോടുള്ള മുൻഗണനാപരമായ സ്നേഹം നിറഞ്ഞതാകണം.

4.5 രാഷ്ട്രീയ പ്രവർത്തനപദ്ധതിയും ലക്ഷ്യവും ജനശാക്തീകരണ മായിരിക്കണം.

എന്നാൽ അത്മായരെ സംബന്ധിച്ചിടത്തോളം വെറും രാഷ്ട്രീയ പ്രവർത്തനത്തേക്കാൾ അടിസ്ഥാനപ്രാധാന്യമുള്ളത് വചനസാക്ഷ്യം വഹിച്ചുകൊണ്ടുള്ള ഒരു ജീവിതത്തിനാണ്.

5. "അത്മായവിശ്വാസികൾ" എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ പറയുന്നു. "സ്വാതന്ത്ര്യം, നീതി, ഐക്യം, പൊതുനന്മക്കുവേണ്ടിയുള്ള വിശ്വസ്ഥവും നിസ്വാർത്ഥവുമായ സമർപ്പണം, ലളിതമായ ജീവിതശൈലി, ദരിദ്രരോടും നിസ്സാരരോടുമുള്ള പ്രത്യേക പരിഗണന മുതലായ മാനുഷിക സുവിശേഷമൂല്യങ്ങൾക്ക് അത്മായവിശ്വാസികൾ സാക്ഷ്യം വഹിക്കണം. (CL. 42)

മെത്രാന്മാർ ഏതെങ്കിലുമൊരു പാർട്ടിയെയോ സ്ഥാനാർത്ഥിയെയോ പ്രത്യേകം പിന്തുണക്കുന്നില്ല. സുവിശേഷത്താൽ പ്രകാശിതമായ മനഃസാക്ഷിക്കനുസരിച്ച് വോട്ടു ചെയ്യാനുള്ള അത്മായരുടെ സ്വാതന്ത്ര്യത്തെ അംഗീകരിക്കുകയാണു ചെയ്യുന്നത്. തൻെറ അനുയായികൾ ലക്ഷ്യം വയ്ക്കേണ്ട രാഷ്ട്രീയ സംവിധാനത്തെക്കുറിച്ച് യേശു കാര്യമായൊന്നും പറഞ്ഞിട്ടില്ല. താനൊരു രാഷ്ട്രീയ സാമൂഹിക പരിഷ്കർത്താവോ പോരാളിയോ ആണെന്ന് അവിടുന്ന് ഒരിക്കലും അവകാശപ്പെട്ടിട്ടുമില്ല. യേശു ഏതെങ്കിലുമൊരു രാഷ്ട്രീയ സംവിധാനം ഇവിടെ അവതരിപ്പിച്ചിട്ടില്ല. മരുഭൂമിയിലെ പരീക്ഷണത്തിന് വ്യക്തമായ ഒരു രാഷ്ട്രീയ മാനമുണ്ടായിരുന്നു. പക്ഷെ അതിനു വഴങ്ങിക്കൊടുക്കാൻ





അവിടുന്ന് തയ്യാറായില്ല. സമൂഹത്തിൻെറ ഭരണാധികാരം കൈക്കലാക്കാൻ ഒന്നിലേറെ തവണ അവസരമുണ്ടായിട്ടും അവിടുന്ന് അതിനു കൂട്ടാക്കിയില്ല.

അതേസമയം ക്രൈസ്തവ സമൂഹം യേശുവിൻെറ പ്രബോധനം ജീവിക്കുന്നപക്ഷം സാമൂഹിക രാഷ്ട്രീയരംഗങ്ങളിൽ ഗണ്യമായ ചലനമുണ്ടാക്കാൻ കഴിയും. അവിടുന്ന് ദരിദ്രർക്ക് സുവിശേഷവും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും പ്രഖ്യാപിച്ചുകൊണ്ട് എല്ലാ അർത്ഥത്തിലും സമൃദ്ധമായ ജീവൻ വാഗ്ദാനം ചെയ്തു (Jn. 10:10). അതിനാൽ സാമൂഹികമായി ഗൗരവതരമായൊരു ഉത്തരവാദിത്വം നമ്മുടെ തോളിൽ വയ്ക്കപ്പെട്ടിട്ടുണ്ടെന്ന കാര്യം ക്രിസ്തു അനുയായികളായ നാം അംഗീകരിക്കുക തന്നെ വേണം.

ജനാധിപത്യഭരണം ഫലപ്രദമാകണമെങ്കിൽ പ്രാതിനിധ്യ സ്വഭാവവും ഉത്തരവാദിത്വവും കൂടിയേതീരൂ. നാം നമ്മുടെ പ്രതിനിധികളെ തിരഞ്ഞെടുക്കണം. അവർ കൂട്ടായി നമ്മോട് ഉത്തരവാദിത്വമുള്ള ഒരു ഗവണ്മെൻറിനു രൂപം കൊടുക്കണം. ഗവണ്മെൻറിനെ കൂടുതൽ പ്രാതിനിധ്യ സ്വഭാവമുള്ളതും ജനങ്ങളോട് കൂടുതൽ ഉത്തരവാദിത്വമുള്ളതുമാക്കി തീർക്കാനുള്ള എല്ലാശ്രമങ്ങളെയും കത്തോലിക്കാസഭ ശക്തമായി പിന്തുണക്കുന്നു. അതിനാൽ പ്രതിനിധികളെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ സവിശേഷമായ ശ്രദ്ധ ചെലുത്താൻ സഭ തൻെറ അംഗങ്ങളോടാവശ്യപ്പെടുന്നു. സ്ഥാനാർത്ഥികളുടേയും അവരുടെ പാർട്ടികളുടേയും മുൻ കാലചരിത്രവും പ്രത്യയശാസ്ത്രവും കണക്കിലെടുത്ത് സ്വതന്ത്രമായി വോട്ടവകാശം ഉപയോഗിക്കാൻ സഭ തൻെറ ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നു. ഇന്ത്യൻ ഭരണഘടന എല്ലാ പൗരന്മാർക്കും തുല്യ അവസരങ്ങളും തുല്യ നിയമപരിരക്ഷയും ഉറപ്പുനൽകുന്നുണ്ട്. ന്യൂനപക്ഷങ്ങൾക്ക് തങ്ങളുടെ മതം പ്രചരിപ്പിക്കാനും വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്താനുമുള്ള സ്വാതന്ത്ര്യവും കൂടി ഭരണഘടന ഉറപ്പുനൽകുന്നു. ഈ അവകാശങ്ങൾക്കു വെറും അധരസേവ ചെയ്യുന്നവരെയല്ല യഥാർത്ഥ വിലകൽപിക്കുന്നവരെയാണ് നമ്മുടെ പ്രതിനിധികളായി നാം തിരഞ്ഞെടുക്കേണ്ടത്.

ന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങളെ ധ്വംസിക്കുന്നതും തീവ്രവാദം വളർത്തുന്നതുമായ പാർട്ടികളെ

തിരഞ്ഞെടുപ്പുവഴി അധികാരത്തിലെത്തിച്ചാലുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ക്രൈസ്തവരെ പഠിപ്പിക്കുക നമ്മുടെ ഉത്തരവാദിത്വമാണ്. അത്മായസംഘടനകളും അത്മായവേദികളും ഇക്കാര്യം വേണ്ടവിധം ഗ്രഹിച്ച് ക്രൈസ്തവവോട്ടർമാരെ ബോധവൽകരിക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

നമ്മുടെ ക്രൈസ്തവസമൂഹത്തിനു ഒരു രാഷ്ടീയ അവബോധമുണ്ടാക്കുന്നതിന് തഴെപ്പറയുന്ന ചില നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാൻ ഞങ്ങൾക്ക് സന്തോഷമുണ്ട്.

5.1 ഭരണാധികാരികൾക്കുവേണ്ടി പ്രാർത്ഥിക്കാനുള്ള ചുമതല. മനുഷ്യജീവനേയും സുവിശേഷപ്രഘോഷണത്തെയും ദോഷകരമായി ബാധിക്കുന്ന പ്രശ്നങ്ങളെ പരിഹരിക്കാനാവശ്യമായ ദൈവസഹായം ഭരണാധികാരികൾക്ക് ലഭിക്കാൻ എല്ലാ ക്രൈസ്തവരും പ്രാർത്ഥിക്കണം.

5.2 വോട്ടുചെയ്യുന്നതിനുള്ള ചുമതല. യാതൊരു കാരണവശാലും വോട്ടുചെയ്യാതിരിക്കരുത്. വോട്ട് ചെയ്യുമ്പോൾ സ്ഥാനാർത്ഥികൾ ഉത്തമരല്ലെങ്കിൽ "രണ്ടു തിന്മകളിൽ ലഘുവായ തിന്മ തിരഞ്ഞെടുക്കുക" എന്ന തത്വം പാലിക്കേണ്ടതാണ്. ഇത്തരുണത്തിൽ വോട്ടർപട്ടികയിൽ പേരുചേർക്കുക എന്നത് എല്ലാവരും നിർബന്ധമായും സ്വീകരിക്കേണ്ട ആദ്യനടപടിയാണ്. എല്ലാവരും അവരുടെ മണ്ഡലത്തിലെ വേട്ടർപട്ടികയിൽ പേരുചേർക്കണം. ഇതുവരെ അതു ചെയ്യിട്ടില്ലെങ്കിൽ എത്രയും വേഗം അതു ചെയ്യണം. ഒന്നിലേറെ മണ്ഡലങ്ങളിൽ പേരു ചേർക്കാതിരിക്കാൻ ശ്രദ്ധിക്കുക.

5.3 അറിയുന്നതിനുള്ള ചുമതല. ഇക്കാലത്തും ഭാവിയിലും നമ്മുടെ ജീവിതത്തെ ബാധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള ഒരു തുടർവിദ്യാഭ്യാസം നമ്മുടെ കർത്തവ്യമാണ്. രാഷ്ട്രീയമായ അജ്ഞത ഒരിക്കലും ആത്മീയസൗഭാഗ്യമാവില്ലെന്ന് അനുസ്മരിക്കുക.

5.4 അഭിപ്രായ സമന്വയത്തിനുള്ള ചുമതല. നാം ഒരു ന്യൂനപക്ഷ സമൂഹമാണ്. നമ്മുടെ സമൂഹത്തിൽ നിന്ന് ഒരു മണ്ഡലത്തിലേക്ക് ഒന്നിലേറെപേർ മത്സരിച്ചാൽ ജയസാധ്യത ചുരുക്കും. മാത്രമല്ല, വലിയ രാഷ്ട്രീയപാർട്ടികൾ നമ്മുടെ അനൈക്യത്തെ മുതലെടുക്കുന്നതായും കാണാറുണ്ട്. അതുകൊണ്ട് നാം എതെങ്കിലും ഒറ്റ സ്ഥാനാർത്ഥിയുടെ പിന്നിൽ അണിനിരന്ന് അയാളെ ജയിപ്പിക്കനായി എല്ലാ കഴിവുകളും പ്രയോഗിക്കുകയാണ് വേണ്ടത്.





5.5 മതേതരപാർട്ടികളേയും സ്ഥാനാർത്ഥികളേയും തിരഞ്ഞെടുക്കാനുള്ള ഉത്തരവാദിത്വം. മതമൗലികവാദികളായ സ്ഥാനാർത്ഥികളെയും പാർട്ടികളെയും ഒഴിവാക്കണമെന്ന് ഞങ്ങൾ നിങ്ങളെ ശക്തിപൂർവ്വം ഉദ്ബോധിപ്പിക്കുന്നു. അവർ നമ്മുടെ ന്യൂനപക്ഷാവകാശങ്ങളെ ലംഘിക്കുകയും അവരുടെ വിഭാഗീയ പ്രത്യയശാസ്ത്രം നമ്മുടെ മേൽ അടിച്ചേൽപിക്കുകയും നമ്മെ ഭീഷണിപ്പെടുത്തി നിശബ്ദരാക്കുകയും ചെയ്യാനുള്ള സാധ്യത ഏറെയാണ്.

5.6 ധാർമ്മികതയെ ഉയർത്തിപ്പിടിക്കാനുള്ള ചുമതല. സ്വാർത്ഥതാൽപര്യങ്ങൾക്കും സ്ഥാപിത താൽപര്യങ്ങൾക്കും വേണ്ടി മാത്രം നിലകൊള്ളുന്നവരുടെ സ്വാധീനത്തിന്റെ കുത്തൊഴുക്കിൽപെടാതെ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

6. **ഉപസംഹാരം:**

ഈ ഇടയലേഖനം പ്രാർത്ഥനാപൂർവം വായിക്കുകയും ഇത് നിങ്ങളുടെ ഇടവകയിലും സ്ഥാപനങ്ങളിലും സമൂഹങ്ങളിലും എങ്ങനെ ഏറ്റം നന്നായി പ്രാവർത്തികമാക്കാൻ കഴിയുമെന്ന് നോക്കുകയും ചെയ്യണമെന്ന് നിങ്ങളോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഇതു വഴി ദൈവവചനം നമ്മുടെ ആത്മീയവും ഭൗതികവുമായ ജീവിതത്തിന് പോഷണമായിത്തീരട്ടെ. നമ്മുടെ ചുറ്റുമുള്ള സഹോദരീസഹോദരന്മാരുടെ നേർക്കുള്ള നമ്മുടെ ക്രിസ്തീയമായ സമർപ്പണവും നിറവേറ്റാൻ ദൈവവചനം നമ്മെ പ്രചോദിപ്പിക്കട്ടെ.

നിങ്ങളുടെ ഇടയന്മാരായ ഞങ്ങൾ നിങ്ങൾക്കേവർക്കും അനുഗ്രഹസമൃദ്ധമായ ഒരു വചനവർഷം ആശംസിക്കുന്നതോടൊപ്പം ഞങ്ങളുടെ ഹൃദയപൂർവ്വകമായ പൈതൃകാശീർവാദവും നൽകുകയും ചെയ്യുന്നു.

---

ഈ ഇടയലേഖനം 2008 ഏപ്രിൽ 20–ാം തിയതി കുർബാന മദ്ധ്യേ വായിക്കണം.

# ഇടയലേഖനം

സീറോ മലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്താ
**കർദ്ദിനാൾ വർക്കി വിതയത്തിൽ**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവ ജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരി സഹോദരൻമാരെ,

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ദുകാറാനത്തിരുന്നാൾ ദിനമായ ഇന്ന് നിങ്ങൾക്കെല്ലാവർക്കും ദുകാറാനത്തിരുനാളിന്റെ ആശംസകൾ നേരുന്നു. ലോകത്തിലെവിടെയാണെങ്കിലും കൃതജ്ഞതയോടും അഭിമാനത്തോടും കൂടി മാത്രമേ ഒരു സീറോ - മലബാർ സഭാ വിശ്വാസിക്ക് ഈ ദിനത്തെക്കുറിച്ച് ചിന്തിക്കുവാൻ സാധിക്കുകയുള്ളു. തന്റെ നാഥനും കർത്താവുമായ യേശുനാഥന്റെ കല്പനയനുസരിച്ച് പ്രതിബന്ധങ്ങളെ തരണം ചെയ്ത് നമ്മുടെ മാതൃഭൂമിയായ ഭാരതത്തിൽ വിതച്ച വിശ്വാസത്തിന്റെ വിത്തിനെ സ്വന്തം ജീവരക്തം കൊണ്ട് സമ്പന്നമാക്കി അതിന് വളരുവാൻ വേണ്ട വളവും ഊർജ്ജവും നമ്മുടെ പിതാവായ തോമാശ്ലീഹ നല്കിയതിന്റെ പരിപാവനമായ ഓർമ്മയാണ് നാമിന്ന് ആചരിക്കുന്നത്. ദൈവത്തിന്റെ പ്രത്യേകമായ ഈ പരിപാലനയുടെ മുമ്പിൽനമുക്ക് കൃതജ്ഞതയോടെ ശിരസ്സുനമിക്കാം. അതുപോലെതന്നെ തന്റെ ഗുരുനാഥന്റെ തിരുവിലാവിലെ മുറിവുകൾ കണ്ട് എന്റെ കർത്താവേ എന്റെ ദൈവമേ എന്ന് നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹാ നടത്തിയ ആദ്യവിശ്വാസ പ്രഘോഷണത്തിന്റെ പിൻതലമുറക്കാരനാകാൻ ഭാഗ്യം ലഭിച്ചതിൽ ഓരോ സീറോ-മലബാർക്രിസ്ത്യാനിയ്ക്കും ആത്മാർത്ഥമായി അഭിമാനിക്കാം. ഇതും ദൈവപരിപാലനയുടെ അനന്തരഫലം തന്നെ.





അതുകൊണ്ടുതന്നെ ദുക്റാനതിരുനാൾ ആചരിക്കുന്ന ഈഅവസരത്തിൽ വിശ്വാസ ജീവിതത്തെ സംബന്ധിച്ചുള്ള നമ്മുടെ വലിയ ഉത്തരവാദിത്വങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കാം. ഈ വർഷം ഒക്ടോബർ 5 മുതൽ 26 വരെ നടക്കാനിരിക്കുന്ന അഖിലകത്തോലിക്കമെത്രാൻ സമ്മേളനത്തിന്റെ വിഷയം ദൈവവചനം സഭയുടെ ജീവിതത്തിലും ദൗത്യത്തിലും എന്നതാണെന്നുള്ളത് പ്രത്യേകം അനുസ്മരണീയമാണ്. ദൈവപരിപാലനയിൽ ദൈവവചനമാകുന്ന സുവിശേഷം സഭയുടെ പ്രാരംഭഘട്ടത്തിൽതന്നെ തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തിലൂടെ നമുക്ക് നല്കപ്പെട്ടു. ഇരുപതുനൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ ഈ സുവിശേഷ വെളിച്ചം നമ്മുടെ സഭയുടെ ജീവിതത്തിലും പ്രത്യേക ദൗത്യത്തിലും എങ്ങനെ ഫലം പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നു എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. ഈ പരിശോധന സഭയുടെ തലത്തിൽ എന്നുപറയുമ്പോൾ അത് വ്യക്തി തലത്തിലും കുടുംബതലത്തിലും സമൂഹങ്ങളുടെ തലത്തിലും എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

രണ്ടു കാര്യങ്ങൾ ഈ വിഷയവുമായി ബന്ധപ്പെട്ട് നിങ്ങളുടെ പരിചിന്തനത്തിന് ഞാൻ വിധേയമാക്കുകയാണ്.

1. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനത്തിന്റെ വെളിച്ചത്തിൽ പരിശുദ്ധപിതാവിന്റെ നേതൃത്വത്തിന് വിധേയമായി തങ്ങളുടെ സഭാപാരമ്പര്യത്തിനനുസരിച്ചു ലോകമെങ്ങും സുവിശേഷം പ്രഘോഷിക്കുവാനുള്ള അവകാശവും ഉത്തരവാദിത്വവും ഓരോ വ്യക്തിസഭകൾക്കുമുണ്ട്. എന്നാൽ സീറോ - മലബാർ സഭയെ സംബന്ധിച്ചിടത്തോളം രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമാപനം കഴിഞ്ഞിട്ടു 40 വർഷങ്ങൾ പൂർത്തിയായെങ്കിലും ഈ രംഗത്ത് വളരെ പരിമിതികൾ ഇന്നും നിലനില്ക്കുന്നു. ദൈവ വചനം സഭയുടെ ജീവിതത്തിലും ദൗത്യത്തിലും എന്ന വിഷയത്തെക്കുറിച്ച് ആഗോളസഭ ചിന്തിക്കുമ്പോൾ സീറോ-മലബാർ സഭയുടെ മേലുള്ള ഈ രംഗത്തെ പരിമിതികൾ നീക്കം ചെയ്യപ്പെടുമെന്ന് നമുക്കു പ്രത്യാശിക്കാം.

2. ലോകമെങ്ങും സുവിശേഷം പ്രസംഗിക്കുവാനുള്ള സീറോ-മലബാർ സഭയുടെ ദൗത്യ നിർവ്വഹണത്തിന്റെ പ്രധാന ഉത്തരവാദിത്വം വഹിക്കുവാനുള്ള മിഷണറിമാർ സഭാതനയരായ നാമോരോരുത്തരുമാണ്. ഭാരതത്തിലായാലും വിദേശത്തായാലും നമുക്ക് ലഭിച്ച വിശ്വാസപാരമ്പര്യമനുസരിച്ചു ജീവി

ച്ചുകൊണ്ട് നമ്മുടെ ജീവിതത്തിലൂടെ ദൈവ വചനത്തിന് സാക്ഷ്യം വഹിക്കുവാനുള്ള വലുതായ ഉത്തരവാദിത്വം നമുക്കോരോരുത്തർക്കുമുണ്ട്. ഈ അവസരത്തിൽ, ദൈവവചനം സ്വന്തം ഇഷ്ടങ്ങൾക്കൊത്ത് വ്യാഖ്യാനിക്കാനുള്ളതല്ല; അത് സഭയുടെ അധികാരമാണ് എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. സഭാപാരമ്പര്യങ്ങൾക്കനുസൃതമായ സുവിശേഷവ്യാഖ്യാനം വിവേചിച്ചറിയുവാൻ നാം ശ്രദ്ധ വെയ്ക്കേണ്ടിയിരിക്കുന്നു. സീറോ-മലബാർ സഭയുടെ പാരമ്പര്യങ്ങൾക്കനുസരിച്ചുള്ള അജപാലനദൗത്യ നിർവ്വഹണത്തിന്റെ പരിമിതികൾ കൊണ്ട് പലപ്പോഴും ഈ മേഖലയിൽ ശരിയായ മാർഗ്ഗനിർദ്ദേശമോ സഹായമോ നൽകുന്നതിന് നമുക്ക് കഴിയാതെ പോകുന്നുണ്ട്. അതുകൊണ്ട് ഈ രംഗത്ത് ഏവരുടെയും സത്വരശ്രദ്ധയും നിതാന്ത ജാഗ്രതയും ഉറപ്പുവരുത്തേണ്ടതുണ്ട്. 2000 വർഷം നമ്മുടെ പൂർവ്വികർ കാത്തുസൂക്ഷിച്ച കത്തോലിക്കാ വിശ്വാസം തെറ്റായ പ്രബോധനങ്ങളിൽപെട്ട് നമുക്ക് നഷ്ടമായി പോകാതിരിക്കുവാൻ നാം അതീവ ശ്രദ്ധാലുക്കളാകേണ്ടിയിരിക്കുന്നു.

ഈ വർഷം ദുക്റാനതിരുനാൾ അനുസ്മരിക്കുമ്പോൾ ദൈവം സീറോ-മലബാർ സഭക്ക് പ്രത്യേകമായി നല്കുന്ന വലിയൊരു സന്തോഷത്തിന്റെ അവസരത്തെക്കുറിച്ച് സൂചിപ്പിക്കാതിരിക്കുവാൻ സാധിക്കുകയില്ല. അടുത്ത ഒക്ടോബർ 12-ന് സീറോ-മലബാർ സഭയുടെ ഒരു മകൾ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുകയാണ്. വാഴ്ത്തപ്പെട്ട അൽഫോൻസ അന്ന് വിശുദ്ധയായി പ്രഖ്യാപിക്കപ്പെടും. ഭാരതത്തിലെ ആദ്യത്തെ വനിതാവിശുദ്ധയായിരിക്കും വി. അൽഫോൻസ. മാർത്തോമ്മാശ്ലീഹാ തന്റെ രക്തം ചിന്തി നട്ടുവളർത്തിയ സഭാരാമത്തിലെ ആദ്യത്തെ വർണ്ണ പുഷ്പമായി വാഴ്ത്തപ്പെട്ട അൽഫോൻസ വിരാജിക്കുവാൻ പോവുകയാണ്. നമുക്ക് ഈ അവസരത്തെ ഓർത്ത് ദൈവത്തിന് നന്ദി പറയാം. വാഴ്ത്തപ്പെട്ട അൽഫോൻസായെപ്പോലെ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടാനുള്ള സീറോ-മലബാർ സഭയിലെ മറ്റ് വാഴ്ത്തപ്പെട്ടവരുടെ നാമകരണത്തിനായി നമുക്ക് പ്രാർത്ഥിക്കാം. അതിനെക്കാളെല്ലാം ഉപരിയായി അൽഫോൻസാമ്മയെപ്പോലെ ദൈവവചനം ഹൃദയത്തിൽ ധ്യാനിച്ചുകൊണ്ട് ജീവിതത്തിൽ പ്രാവർത്തികമാക്കി വീരോചിതമായ ജീവിതസാക്ഷ്യത്തിലൂടെ വിശുദ്ധിയുടെ ഔന്ന്യത്യത്തിലേയ്ക്കുയരാൻ നമുക്ക് പരിശ്രമിക്കാം.





ദുക്റാനതിരുനാൾ നമ്മുടെ സഭയിൽ സഭാദിനമായി നാം പ്രത്യേകം അനുസ്മരിക്കുന്ന ദിനവും കൂടിയാണല്ലോ. മാർത്തോമ്മാശ്ലീഹാ ഈ സഭയുടെ വളർച്ചയ്ക്കുവേണ്ടി സ്വന്തം രക്തം തന്നെ ചിന്തി. ദുക്റാനതിരുനാൾ ആഘോഷിക്കുന്ന ഈ അവസരത്തിൽ നമ്മുടെ സഭക്കുവേണ്ടി എത്രമാത്രം ത്യാഗം സഹിക്കുവാൻ നാം സന്നദ്ധരാണ് എന്ന് നമുക്ക് പരിശോധിക്കാം. ബാഹ്യവും ആന്തരികവുമായ നിരവധി പ്രതിസന്ധികളെ നമ്മുടെ സഭയ്ക്ക് നേരിടേണ്ടിവരുന്നുണ്ട്. പ്രതിസന്ധികളുടെ ഈ ഘട്ടങ്ങളിൽ സഭയോടൊത്ത് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ത്യാഗമനുഷ്ഠിച്ചുതന്നെ അവളെ സംരക്ഷിക്കുവാനും നാം തയ്യാറാകണം. സഭയുടെ പഠനങ്ങൾക്കും പ്രവർത്തനങ്ങൾക്കും എതിരായി പ്രവർത്തിക്കുന്ന സഭാശത്രുക്കളെ തിരിച്ചറിയുവാനും അവരോട് പക്ഷം ചേരാതെ താല്ക്കാലികനേട്ടങ്ങൾക്കും വ്യക്തിതാല്പര്യങ്ങൾക്കും അതീതമായി നമുക്കൊറ്റക്കെട്ടായി പ്രവർത്തിക്കാം.

മുൻവർഷത്തെപ്പോലെ ഈവർഷവും സഭാദിനത്തോടനുബന്ധിച്ച് ഒരാൾക്ക് ഒരു രൂപ നിരക്കിൽ എല്ലാ സീറോ - മലബാർ സഭാ വിശ്വാസികളും സഭയുടെ സാമ്പത്തിക ബാധ്യതകൾ തരണം ചെയ്യുന്നതിനായി സാമ്പത്തിക സഹായം നൽകണമെന്ന കഴിഞ്ഞവർഷത്തെ സിനഡിന്റെ തീരുമാനം ഈ അവസരത്തിൽ ഞാൻ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. സാധിക്കുന്നവർ അതിൽകൂടുതലായ സഹായവും ചെയ്യുന്നതിൽ സന്തോഷമേയുള്ളു. സഭ നമ്മുടെ സ്വന്തമാണ്. സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ സഭാതനയരായ എല്ലാവരും തങ്ങളുടെ കഴിവിനൊത്ത് പങ്കാളികളാകേണ്ടതുണ്ട്. സഭാദിനത്തോടനുബന്ധിച്ച് സഭയുടെ സാമ്പത്തിക പ്രതിസന്ധിയിൽ സഹായഹസ്തമായിത്തീരുവാൻ സഭാതനയർക്ക് ഒരവസരം കൈവന്നിരിക്കുകയാണ്. ഈ അവസരം എല്ലാവരും ഉദാരമനസ്ഥിതിയോടെ പ്രയോജനപ്പെടുത്തും എന്നു പ്രതീക്ഷിക്കുന്നു.

ഈ അവസരത്തിൽ നമ്മുടെ സഭയുടെ അധികാരപരിധിയ്ക്ക് പുറത്തുവസിക്കുന്ന സീറോ-മലബാർ സഭാംഗങ്ങളോട് ഒരുവാക്ക്. നമ്മുടെ സഭയുടെ തനതായ പാരമ്പര്യവും ആരാധനക്രമവും ഒക്കെ അനുസരിച്ചുള്ള അജപാലന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനുള്ള നമ്മുടെ പരിശ്രമങ്ങൾക്ക് വേണ്ടത്ര വിജയം കൈവരിക്കുവാൻ ഇപ്പോഴും സാധിച്ചിട്ടില്ലായെന്നത് ഖേദകരമായ വസ്തുതയാണ്. നമ്മുടെ ന്യായമായ അവകാശങ്ങൾ അനുവദി

ച്ചുതരുന്നതിൽ വലിയ കാലവിളംബമാണ് വന്നുകൊണ്ടിരിക്കുന്നത്. നിങ്ങളുടെ സഭയുടെ തലവനും പിതാവുമെന്നനിലയിൽ ഞാനും മെത്രാൻ സമിതിയും പരിശുദ്ധ പിതാവിന്റെ പക്കലും റോമിലെ വിവിധ ഓഫീസുകളിലും നമ്മുടെ ആവശ്യങ്ങൾ അവതരിപ്പിക്കുന്നുണ്ടെങ്കിലും അവയുടെ പുരോഗതി വളരെ മന്ദഗതിയിലാണ്. എങ്കിലും നമ്മുടെ ന്യായമായ അവകാശങ്ങൾക്കു വേണ്ടി നിയമാനുസൃതമായ രീതിയിൽ നമ്മൾ നമ്മുടെ പരിശ്രമം തുടരേണ്ടിയിരിക്കുന്നു, എല്ലാറ്റിലും ഉപരിയായി നിരന്തരമായ പ്രാർത്ഥനയിലൂടെ. വീണ്ടും ഒരു ദുക്റാനതിരുനാൾ അടുത്തു വരുന്ന ഈ ഘട്ടത്തിൽ നമ്മുടെ സഭയെ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ പ്രത്യേക മാദ്ധ്യസ്ഥ്യത്തിന് നമുക്ക് സമർപ്പിക്കാം. തോമാശ്ലീഹായെപ്പോലെ നമ്മുടെ വിശ്വാസത്തിന് വീരോചിതമായ സാക്ഷ്യം നല്കുവാൻ നമുക്കേവർക്കും ഇടയാകട്ടെ. ദുക്റാന തിരുനാളിന്റെ ആശംസകൾ നേർന്നുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

കാക്കനാട്ട് മൗണ്ട് സെന്റ് തോമസിലുള്ള ശ്രേഷ്ഠ മെത്രാപ്പോലീത്തൻ കാര്യാലയത്തിൽ നിന്ന് 2008-മാണ്ട് മേയ് മാസം 23-ാം തീയതി നൽകപ്പെട്ടത്.

Sd/-

വർക്കി കാർഡിനൽ വിതയത്തിൽ
സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്.

---

NB.:ഈ ഇടയലേഖനം ജൂൺ 29-ാം തീയതി ഞായറാഴ്ച കുർബ്ബാന മധ്യേ എല്ലാപള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബ്ബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.





## സർക്കുലർ 1/2008

ഭദ്രാവതി രൂപതയിലെ ബഹുമാനപ്പെട്ട വൈദികർക്കും സിസ്റ്റേഴ്സിനും ദൈവജനത്തിനുമുഴുവനും,

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

അപ്പസ്തോലപ്രമുഖരായ വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടേയും നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും തിരുന്നാളുകൾ യഥാക്രമം ജൂൺ 29, ജുലൈ 3 തിയതികളിൽ നാം ആഘോഷിക്കുകയാണല്ലോ. നമ്മുടെ കർത്താവീശോമിശിഹായുടെ കൽപ്പനയനുസരിച്ചും, അവിടുത്തോടുള്ള സ്നേഹത്തെപ്രതിയും, പ്രതികൂലസാഹചര്യങ്ങളെ തരണംചെയ്ത് വി. പത്രോസ് റോമിലും പ്രാന്തപ്രദേശങ്ങളിലും, വി. പൗലോസ് മദ്ധ്യപൂർവ്വദേശത്തും, വി. തോമ്മശ്ലീഹാ നമ്മുടെ മാതൃഭൂമിയായ ഭാരതത്തിലും സുവിശേഷവിത്തുവിതച്ച്, വിശ്വാസം വളർത്തി സ്വന്തജീവരക്തം കൊണ്ട് പരിപോഷിപ്പിച്ചതിന്റെ ഓർമ്മയിലാണ് ഈ തിരുന്നാളുകൾ നാം ആഘോഷിക്കുക. വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുന്നാളാഘോഷിക്കുന്ന ജൂൺ 29-ന് ഈ വർഷം മറ്റൊരു പ്രത്യേകതയുമുണ്ട്. അന്ന് നമ്മൾ വി. പൗലോസിന്റെ ജനനത്തിന്റെ 2000-ാം വാർഷികത്തിലേക്ക് പ്രവേശിക്കുകയാണ്. ഈ മഹത്സംഭവം ആഗോളതലത്തിൽ ആഘോഷിക്കുന്നതിനും, അത് സഭയിൽ ദൈവവചന പ്രഘോഷണത്തിനും, വിശ്വാസജീവിതത്തിനും ഉത്തേജനം നൽകുന്നതിനുമായി പരി. പിതാവ് ബനഡിക്ട് 16-ാമൻ മാർപ്പാപ്പ 2008 ജൂൺ 28 മുതൽ 2009 ജൂൺ 29 വരെ വി. പൗലോസിന്റെ വർഷമായി പ്രഖ്യാപിച്ചിരിക്കുന്നു. അതുപോലെതന്നെ, ഈവർഷം ജൂലൈ 3-ന് മാർത്തോമ്മാശ്ലീഹയുടെ ദുക്റാനത്തിരുന്നാൾ ആഘോഷിക്കുമ്പോൾ ഭാരതക്രൈസ്തവരായ നമുക്കെല്ലാം അഭിമാനിക്കാവുന്ന മറ്റൊരു കാര്യവും നമ്മുടെ ചിന്തകളിലുണ്ടാവും. മാർത്തോമ്മശ്ലീഹാ ജീവരക്തം നൽകി നട്ടുവളർത്തിയ സഭയുടെ ഒരു മകൾ, വാഴ്ത്തപ്പെട്ട അൽഫോൻസ, ഒക്ടോബർ മാസം 12-ാം തിയതി വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുന്ന സംഭവം. ഈ ആഘോഷങ്ങളെല്ലാം നമ്മുടെ വിശ്വാസബോധ്യങ്ങളിൽ ആഴപ്പെടുന്നതിനും ദൈവവചനത്തിലടിസ്ഥിതമായ ഉത്തമ ക്രൈസ്തവജീവിതം നയിക്കുന്നതിനും നമ്മെ ആഹ്വാനം ചെയ്യുന്നു.

ഷിമോഗ ജില്ലയുടെ വിവിധഭാഗങ്ങളിലും പ്രാന്തപ്രദേശങ്ങളിലുമായി കഴിയുന്ന തോമ്മാശ്ലീഹായുടെ മക്കളും, സീറോ-മലബാർ സഭാംഗങ്ങളുമായ നമുക്ക് നമ്മുടെ തനതായ പാരമ്പര്യത്തിൽ നിന്ന് ശക്തിയും പ്രചോദനവും സ്വീകരിച്ച് വിശ്വാസബോധ്യങ്ങൾ ജീവിക്കുവാനും, സഭാകൂട്ടായ്മയിൽ വളരുവാനും, നമുക്ക് ചുറ്റുമുള്ളവർക്ക് സുവിശേഷ സാക്ഷ്യമേകുവാനും ദൈവകൃപയിൽ രൂപീകൃതമായതാണ് ഭദ്രാവതി രൂപത. ഈ ലക്ഷ്യങ്ങളിലേയ്ക്ക് നമ്മെ നയിക്കാനാവശ്യമായ രൂപതാസംവിധാനങ്ങളും ചട്ടക്കൂടുകളുമൊക്കെ നമുക്ക് രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. രൂപതാസ്ഥാപനത്തിനുശേഷം നിലവിലുണ്ടായിരുന്ന ചില പ്രത്യേകസാഹചര്യങ്ങൾ മൂലം അജപാലനകാര്യങ്ങളിൽ 2008 മെയ് മാസം വരെ തത്സ്ഥിതി തുടരുമെന്ന് ഞാൻ നിങ്ങളെ അറിയിച്ചിരുന്നുവല്ലോ? ആയതിനു ഇപ്പോൾ മാറ്റം വരുന്നു എന്നറിയിക്കുന്നതിൽ സന്തോഷമുണ്ട്.

രൂപതയുടെ ഭരണപരവും അജപാലനപരവുമായ കാര്യങ്ങളിൽ രൂപതാദ്ധ്യക്ഷനോടൊത്ത് ഏറ്റം പ്രധാന പങ്കുവഹിക്കുന്ന വ്യക്തിയാണ് വികാരി ജനറാൾ. നമ്മുടെ രൂപതയുടെ വികാരി ജനറാളായി മാനന്തവാടി രൂപതയുടെ മുൻ വികാരി ജനറാളും അഡ്മിനിസ്ട്രേറ്ററുമായി അനുഭവ പരിചയമുള്ള പെരി. ബഹു. ജോർജ്ജ് ഞരളക്കാട്ട് അച്ചൻ 2008 ജൂൺ മാസം 1-ാം തിയതി ചാർജെടുത്ത വിവരം സന്തോഷത്തോടെ നിങ്ങളെ ഞാനറിയിക്കുന്നു. രൂപതയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വൈദികരെ നൽകുന്നതിൽ വളരെ ഉദാരമായ സമീപനം സ്വീകരിച്ചിരിക്കുന്ന ദിവ്യകാരുണ്യമിഷനറി സഭയേയും സഭാധികാരികളേയും ഏറെ നന്ദിയോടെ ഓർക്കുന്നു. മറ്റ് സന്യാസസമൂഹങ്ങളിൽപ്പെട്ട ഏതാനും വൈദികർകൂടി ഉടനെ തന്നെ രൂപതയിൽ പ്രവർത്തിക്കുന്നതിനായി എത്തുമെന്നും കരുതുന്നു. ഇതോടൊപ്പം പങ്കുവയ്ക്കുവാനുള്ള മറ്റൊരു സന്തോഷവാർത്തയാണ് നമ്മുടെ രൂപതയിൽ വൈദികരാകുന്നതിനുവേണ്ടി ഈ വർഷം 10 യുവാക്കന്മാർ വിവിധ മൈനർ സെമിനാരികളിൽ ചേർന്ന് പഠനം ആരംഭിച്ചിരിക്കുന്നുവെന്നത്.

രൂപതയുടെ ഭരണനിർവ്വഹണത്തിനും, അജപാലനപ്രേഷിത പ്രവർത്തനങ്ങളും, സാമൂഹ്യക്ഷേമ - സാംസ്കാരിക പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്നതിനും നടപ്പിലാക്കുന്നതിനുമായി വ്യത്യസ്ഥ തലങ്ങളിലുള്ള ആലോചനാസമിതികളും, കാര്യനിർവ്വഹണസമിതികളും





രൂപപ്പെടുത്തുന്നതിനുള്ള ശ്രമം ആരംഭിച്ചുകഴിഞ്ഞു. ഇതിനുവേണ്ടി ഇടവക, ഫൊറോന, രൂപതാ തലങ്ങളിൽ പ്രതിനിധിയോഗങ്ങൾ നിലവിൽ വരണം. ഇക്കാര്യങ്ങൾ 2008 ജൂൺ 10-ന് രൂപതാഭവനിൽ ചേർന്ന വൈദികസമ്മേളനത്തിൽ ചർച്ച ചെയ്തതിന്റെ വെളിച്ചത്തിൽ, 2008 ആഗസ്റ്റ് മാസം 9-ാം തിയതി രൂപതാ പാസ്റ്ററൽ കൗൺസിൽ നിലവിൽ വരത്തക്കവിധം ഇടവക, ഫൊറോന തലങ്ങളിലെ തിരഞ്ഞെടുപ്പുകൾ നടത്തുന്നതിനുള്ള സമയക്രമം താഴെപ്പറയും പ്രകാരം നിശ്ചയിച്ചുനൽകുന്നു. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യം പൗരസ്ത്യകാനോൻ നിയമവും, സീറോ - മലബാർ സഭയുടെ പ്രത്യേകനിയമവും, ഇവയ്ക്ക് രണ്ടിനും വിധേയമായി ഓരോ രൂപതയുടേയും പ്രത്യേക സാഹചര്യത്തിനനുസരിച്ച് രൂപപ്പെടുത്തുന്ന രൂപതാനിയമാവലിയും അനുസരിച്ചാണ് തിരഞ്ഞെടുപ്പും മറ്റും നടത്തേണ്ടത്. നമുക്ക് സ്വന്തമായി രൂപതാനിയമാവലിയുണ്ടാകുവാൻ ഇനിയും കാലമേറെ എടുക്കുമെന്നതിനാൽ അതുവരെ മാതൃരൂപതയായ മാനന്തവാടി രൂപതയുടെ നിയമാവലിയായിരിക്കും നാം അനുസരിക്കുക.

**പ്രതിനിധി യോഗങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് സമയക്രമം.**

**1) വാർഡ് പ്രതിനിധികളുടെ തിരഞ്ഞെടുപ്പ്:**

വാർഡ് പ്രാർത്ഥനായോഗത്തിൽ വച്ചാണ് വാർഡ് പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടത്. അതിനാൽ ഈ ഉദ്ദേശം നേരത്തെ അറിയിച്ച് വാർഡ് സമ്മേളനങ്ങൾ കൂടി അതിൽനിന്നും രണ്ട് പുരുഷന്മാർ, ഒരു സ്ത്രീ എന്ന നിലയിൽ തിരഞ്ഞെടുപ്പ് നടത്തണം. ജൂലൈ 6-നു മുമ്പ് ഈ തിരഞ്ഞെടുപ്പുകൾ നടത്തി അവരുടെ പേരുകൾ 6-ാം തിയതിയിലെ പൊതുയോഗത്തിൽ വായിക്കണം.

**2) പൊതുയോഗം: കൈക്കാരന്മാരുടെയും ഫൊറോന കൗൺസിൽ പ്രതിനിധികളുടെയും തിരഞ്ഞെടുപ്പ്.**

ജൂൺ 22, 29, ജൂലൈ 6 തിയതികളിൽ പള്ളികളിൽ വിളിച്ചുപറഞ്ഞതിനുശേഷം എല്ലാ ഇടവകകളിലും ജൂലൈ 6-ാം തിയതി പൊതുയോഗം ചേരണം. യോഗത്തിൽ കുടുംബനാഥന്മാരാണ് പങ്കെടുക്കേണ്ടത്. യോഗത്തിൽ നിന്ന് (a) ഓരോ ഇടവകയിലും രണ്ടിൽക്കുറയാത്തവിധം കൈക്കാരന്മാരെ തിരഞ്ഞെടുക്കണം. 21 വയസിൽ കുറയാത്തവരും, 65 വയസിൽ കവിയാത്തവരുമായ വ്യക്തികളെയാണ് തിരഞ്ഞെടുക്കേണ്ടത്. (മാനന്തവാടി രൂപതാനിയമാവലി പേജുകൾ 151-152 കാണുക) (b) പൊതുയോഗത്തിൽനിന്ന് രണ്ട് പുരുഷന്മാർ, ഒരു സ്ത്രീ എന്ന നിലയിൽ മൂന്നു പേരെ ഫൊറോനകൗൺസിലിലേക്ക്

തിരഞ്ഞെടുക്കണം. തിരഞ്ഞെടുക്കപ്പെടുന്ന പുരുഷന്മാരിൽ ഒരാൾ 35 വയസ്സിൽ താഴെയുള്ള വ്യക്തിയായിരിക്കണം. തിരഞ്ഞെടുക്കപ്പെടുന്നവരുടെ പേരുകൾ റിപ്പൺപേട്ട്, ഷിമോഗ ഫൊറോന വികാരിമാരുടെ പേർക്ക് ജൂലൈ 13 - നുള്ളിൽ അയയ്ക്കേണ്ടതാണ്.

**3) ഫൊറോനാ കൗൺസിൽ:**

ഇടവകകളിൽനിന്നും ഫൊറോന കൗൺസിലിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ യോഗം, ഫൊറോനാ വികാരിമാർ സൗകര്യപ്രദമായ സ്ഥലം നിശ്ചയിച്ച് ഇടവക വികാരിമാരെ മുൻ കൂട്ടി അറിയിച്ചശേഷം ജൂലൈ 19–ാം തിയതി കൂടി രൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്കുള്ള മൂന്ന് പ്രതിനിധികളെ തിരഞ്ഞെടുക്കണം. തിരഞ്ഞെടുക്കപ്പെടുന്ന പുരുഷന്മാരിൽ ഒരാൾ 35 വയസ്സിൽ താഴെയുള്ള വ്യക്തിയായിരിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന മൂന്ന് വ്യക്തികളുടെയും പേരും, അഡ്രസ്സും ജൂലൈ 27–ന് മുമ്പ് ലഭിക്കത്തക്കവിധം രൂപതാ വികാരി ജനറാളിന്റെ പേർക്ക് അയയ്ക്കണം.

**4) കൈക്കാരന്മാരുടെയും വാർഡ് പ്രതിനിധികളുടെയും സ്ഥാനം ഏൽപ്പിക്കൽ:**

തിരഞ്ഞെടുക്കപ്പെടുന്ന കൈക്കാരന്മാരുടെയും വാർഡ് പ്രതിനിധികളുടെയും പേരുവിവരങ്ങൾ (ജൂലൈ 6–ന്റെ പൊതുയോഗ മിനിറ്റ്സ്) രൂപതാ കേന്ദ്രത്തിൽ അറിയിച്ച്, അവിടെ നിന്നും അംഗീകാരം ലഭിച്ചതിനുശേഷമാണ് ഇവർ സ്ഥാനമേൽക്കേണ്ടത്. പൊതുയോഗ മിനിറ്റ്സിന്റെ രണ്ട് കോപ്പികൾ ജൂലൈ 13–ന് മുൻപായി രൂപതാ കേന്ദ്രത്തിൽ ലഭിച്ചാൽ ജൂലൈ 27–ാം തിയതി സ്ഥാനം ഏൽക്കത്തക്കവിധത്തിൽ ഇവിടെ നിന്നും അംഗീകാരം നൽകുവാൻ കഴിയും. (സ്ഥാനം ഏൽപ്പിക്കൽ: നിയമാവലി പേജുകൾ 175–178 കാണുക.)

**5) പാരീഷ് കൗൺസിൽ ക്രമീകരണം:**

കൈക്കാരന്മാർ, വാർഡ് പ്രതിനിധികൾ എന്നിവരുടെ തിരഞ്ഞെടുപ്പിനുശേഷം മറ്റ് ഉൾക്കൊള്ളിക്കേണ്ട വ്യക്തികളെയും കൂട്ടിച്ചേർത്ത് ഓരോ ഇടവകയിലും പാരീഷ് കൗൺസിൽ രൂപപ്പെടുത്തണം. (നിയമാവലി പേജുകൾ 143–146 കാണുക.) പാരീഷ് കൗൺസിൽ ഓരോ മാസവും നിശ്ചിത ദിവസം കൂടുന്നതാണ് നല്ലത്. ചുരുങ്ങിയത് രണ്ട് മാസത്തിൽ ഒരിക്കലെങ്കിലും കൂടിയിരിക്കണം. ഇടവകയുടെ ആത്മീയ–ഭൗതീകകാര്യങ്ങൾ ഇവിടെ ചർച്ച ചെയ്യപ്പെടണം.





**6) കണക്കുകൾ, തിരട്ടുകൾ:**


ഇടവകയുടെ ഓരോ മാസത്തേയും വരവു–ചെലവു കണക്കുകൾ (നാൾവഴിയും, തിരട്ടും) പാരീഷ് കൗൺസിലിൽ അവതരിപ്പിച്ച് പാസാക്കണം. പാസാക്കുന്ന തിരട്ടിന്റെ ഒരു കോപ്പി വികാരി ജനറാളച്ചന്റെ പേരിൽ രൂപതാ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കണം.

**7) അക്കൗണ്ടന്റ് (സെക്രട്ടറി):**

ഓരോ ഇടവകയിലും പള്ളിയുടെ കണക്കുകളും, മറ്റു റിക്കാർഡുകളും കൃത്യമായി എഴുതിസൂക്ഷിക്കുന്നതിനായി ഒരു സെക്രട്ടറി ഉണ്ടായിരിക്കേണ്ടതാണ്. പൊതുയോഗത്തിന്റെയോ പാരീഷ് കൗൺസിലിന്റെയോ അറിവോടെ വികാരിയച്ചന് ഒരാളെ നിയമിക്കാം. നിയമിക്കുന്നതിനുമുൻപ് രൂപതാ കേന്ദ്രത്തിൽനിന്ന് അംഗീകാരം വാങ്ങിയിരിക്കണം. സെക്രട്ടറിക്ക് ചെറിയൊരു ശമ്പളത്തോടുകൂടിയോ ശമ്പളം കൂടാതെയോ ഈ ജോലി ചെയ്യാവുന്നതാണ്.

മിശിഹായിൽ പ്രിയ സഹോദരങ്ങളെ, നമ്മുടെ രൂപത ഒരു പ്രാദേശിക സഭയെന്നനിലയിൽ, ഭദ്രാവതിയിൽ മിശിഹായുടെ ശരീരമെന്ന നിലയിൽ അതിന്റെ ആത്മീകവും ഭൗതീകവുമായ ജീവിതത്തിനും സംവിധാനങ്ങൾക്കും അടിസ്ഥാനമിടുന്ന ഈ കാലഘട്ടം നമ്മുടെ രൂപതാജീവിതത്തെ സംബന്ധിച്ചിടത്തോളം അതിപ്രധാനമാണ്. നാമെല്ലാവരും നമ്മുടെ ശ്രേഷ്ഠമായ സഭാ പാരമ്പര്യത്തിന് അനുസൃതമായി വിശ്വാസജീവിതത്തിൽ ആഴപ്പെടുന്നതിനും, പങ്കുവയ്ക്കലിലൂടെയുള്ള സഭാകൂട്ടായ്മയിൽ വളരുന്നതിനും സഹായകമാകത്തക്കവിധത്തിൽ, ദൈവഹിതമനുസരിച്ച് നമ്മുടെ രൂപതാസംവിധാനങ്ങൾ രൂപപ്പെട്ടുവരുവാൻ ദൈവപിതാവിനോട് നമുക്ക് നിരന്തരം പ്രാർത്ഥിക്കാം.

വി. പത്രോസ്, പൗലോസ് ശ്ലീഹന്മരുടെയും നമ്മുടെപിതാവായ മാർത്തോമ്മാശ്ലീഹായുടെയും തിരുന്നാൾ മംഗളങ്ങൾ എല്ലാവർക്കും ഹൃദയപൂർവ്വം നേർന്നുകൊണ്ട്,



ഷിമോഗ<br>16.06.2008

മാർ ജോസഫ് അരുമച്ചാടത്ത്<br>ഭദ്രാവതി രൂപതാദ്ധ്യക്ഷൻ

ഈ സർക്കുലർ 2008 ജൂൺ 22–ാം തിയ്യതി കുർബ്ബാന മദ്ധ്യേ വായിക്കണം.

# ഇടയലേഖനം

## വാ. അൽഫോൻസാമ്മയുടെ നാമകരണത്തോടനുബന്ധിച്ച് കേരള കത്തോലിക്കാ മെത്രാൻസമിതി പുറപ്പെടുവിച്ച ഇടയലേഖനം

### വിശുദ്ധ അൽഫോൻസാ സഹനത്തിലൂടെയും സ്നേഹത്തിലൂടെയും വിശുദ്ധിയിലേക്ക്

വന്ദ്യവൈദികരേ, ബഹുമാനപ്പെട്ട സന്യസ്തരേ, പ്രിയ സഹോദരീ സഹോദരരേ,

ഭാരതത്തിലെ, പ്രത്യേകിച്ച് കേരളത്തിലെ, കത്തോലിക്കാ സഭയുടെ വലിയ അഭിമാനഭാജനമാണ് വി. അൽഫോൻസാമ്മ. ഒക്ടോബർ 12-ന് സാർവത്രിക സഭ ഔദ്യോഗികമായി അൽഫോൻസാമ്മയെ വിശുദ്ധയെന്ന് പ്രഖ്യാപിക്കുകയാണല്ലോ. ഇരുപതു നൂറ്റാണ്ട് പഴക്കമുള്ള കേരളസഭയ്ക്ക് ഇത് പുണ്യ മുഹൂർത്തമാണ്. കഠിനരോഗവും വേദനയും ക്രിസ്തുവിന്റെ കുരിശിനോട് ചേർത്തുസഹിച്ച് അവൾ വിശുദ്ധിയിൽ വളർന്നു. ലോകദൃഷ്ടിയിൽ വൻ കാര്യങ്ങളൊന്നും ചെയ്തിട്ടില്ലെങ്കിലും മനുഷ്യന്റെ ഉള്ളുകാണുന്ന ദൈവം അവളുടെ സമർപ്പണത്തിന്റെയും വിശ്വസ്ഥതയുടെയും ആഴം കണ്ടു. അവളെ മഹത്വീകരിച്ചു. ദൈവമായ കർത്താവിന്റെ ശക്തമായ പ്രവൃത്തികളുടെ സക്ഷ്യമായവൾ പ്രശോഭിക്കുന്നു (cf. സങ്കീ. 71:16-17).

കുടമാളൂരിലെ മുട്ടത്തുപാടത്ത് കുടുംബത്തിൽ യൗസേപ്പിന്റെയും മറിയത്തിന്റെയും നാലാമത്തെ സന്താനമായി അൽഫോൻസാ 1910 ആഗസ്റ്റ് 19-ന് ഭൂജാതയായി. എട്ടാം ദിവസം അന്ന എന്ന നാമത്തിൽ ജ്ഞാനസ്നാനം നൽകപ്പെട്ടു. മൂന്നാം മാസം അമ്മ മരിച്ചതുകൊണ്ട് മുട്ടുചിറയിലെ മുരിക്കൻ ഭവനത്തിൽ ആറുമാസക്കാലം അമ്മയുടെ മൂത്തസഹോദരി വളർത്തി. പിന്നീട് മുട്ടത്തുപാടത്ത് മുന്നാം ക്ലാസ് പാസ്സാകുന്നതുവരെ വസിച്ചു. തുടർന്നുള്ള വിദ്യാഭ്യാസം മുട്ടുചിറയിലെ സർക്കാർ സ്കൂളിൽ മുരിക്കൻ വീട്ടിൽ താമസിച്ചുകൊണ്ട് നടത്തി. സുന്ദരിയും സുശീലയുമായ അന്നക്കുട്ടി ഏവരുടെയും പ്രിയപ്പെട്ടവളായി വളർന്നുവന്നു.

ചെറുപ്പം മുതലേ അന്നക്കുട്ടി ആന്തരികമായ ശക്തിയും ക്ഷമാശീലവും സഹനശക്തിയും പ്രകടമാക്കിയിരുന്നു. പേരമ്മയുടെ മക്കൾ





അന്നയെ കള്ളിയും ശ്രദ്ധയില്ലാത്തവളുമായി അവതരിപ്പിക്കുവാൻ ശ്രമിച്ചപ്പോഴും സ്കൂളിൽ കൂട്ടുകാർ അവളെ ഉന്തിയിട്ട് മുട്ട പൊട്ടിച്ചപ്പോഴും പരാതി കൂടാതെ അവരോട് ക്ഷമിച്ച് ഉണ്ണീശോയ്ക്ക് "സുകൃതമാല കോർത്തത്" പിന്നീടുള്ള ജീവിതത്തിന് മുന്നൊരുക്കമായിരുന്നു. ഈശോയ്ക്കായി തന്റെ ജീവിതം സമർപ്പിക്കാൻ ചെറുപ്പത്തിലേ അവൾ തീരുമാനിച്ചു. ഒരു പാവപ്പെട്ട മഠത്തിൽ ചേരണമെന്നാതായിരുന്നു അന്നക്കുട്ടിയുടെ തീവ്രാഭിലാക്ഷം. പേരമ്മയ്ക്ക് അത് സമ്മതമല്ലായിരുന്നു. നല്ലൊരു പുരുഷനെകൊണ്ട് അവളെ വിവാഹം കഴിപ്പിക്കണമെന്നതായിരുന്നു അവരുടെ ആഗ്രഹം. അന്നക്കുട്ടി ധർമ്മസങ്കടത്തിലായി. ഒരു അഗ്നി പരീക്ഷണത്തിലൂടെയാണ് അവൾ തന്റെ ആഗ്രഹം സാധിച്ചെടുത്തത്. പാദങ്ങൾ തീയിൽ പൊള്ളിച്ചതും അതിന്റെ അന്തരഫലങ്ങളെ സധൈര്യം സ്വീകരിച്ചതും അവളുടെ ഉറച്ച തീരുമാനത്തിന്റെ ബഹിർസ്ഫുരണങ്ങളായിരുന്നുവെന്ന് കാലം പിന്നീട് തെളിയിച്ചല്ലോ.

1928 ആഗസ്റ്റ് രണ്ടിന് അന്നക്കുട്ടി ഭരണങ്ങാനം ക്ലാരമഠത്തിൽ അർത്ഥിനിയായിച്ചേർന്ന്, അൽഫോൻസാ എന്ന പേര് സ്വീകരിച്ചു. തുടർന്ന് ചങ്ങനാശ്ശേരി വാഴപ്പിള്ളിയിൽ എട്ടാം ക്ലാസ്സിൽ മലയാളം ഹയർ പഠത്തിന് അധികാരികൾ അയച്ചു. അനാരോഗ്യം കാരണം പഠനം പൂർത്തീകരിക്കാനായില്ല. 1930 മെയ് 19-ന് സഭാവസ്ത്രം സ്വീകരിച്ച അൽഫോൻസായെ 1932-ൽ വാകക്കാട് പ്രൈമറി സ്കൂളിൽ താല്കാലിക അധ്യാപികയായി നിയമിച്ചു. രോഗം കലശലായതുമൂലം ഒരു വർഷം കഴിഞ്ഞപ്പോൾ ഭരണങ്ങാനത്തേക്ക് തന്നെ തിരിച്ചു പോരേണ്ടിവന്നു. 1935 ആഗസ്റ്റ് 12-ന് ചങ്ങനാശേരി ക്ലാരമഠത്തിൽ നോവ്യഷേറ്റിൽ പ്രവേശിച്ചു. താമസിയാതെ ശക്തമായ രക്തസ്രാവം തുടങ്ങി. നോവ്യഷേറ്റ് ക്രമങ്ങൾ പാലിക്കാൻ സാധിക്കാത്തതുകൊണ്ട് അൽഫോൻസായെ പറഞ്ഞുവിടുവാൻ അധികാരികൾ ഒരുങ്ങി. അൽഫോൻസായുടെ ഹൃദയാഭിലാഷം മനസ്സിലാക്കിയ മാർ ജെയിംസ് കാളാശ്ശേരി പിതാവ് അവളെ പറഞ്ഞു വിടണ്ടാ എന്നു നിർദ്ദേശിച്ചു. അത് ദൈവികമായ ഒരിടപെടലായിരുന്നു. 1936 ആഗസ്റ്റ് 12-ന് നിത്യവ്രതം സ്വീകരിച്ച് അൽഫോൻസാ ഭരണങ്ങാനത്തേക്ക് മടങ്ങി.

പിന്നീട് മരിക്കുന്നതുവരെ രോഗശയ്യയിലായിരുന്നു. 1946 ജൂലൈ 28-ന് അൽഫോൻസാമ്മ ഇഹലോകവാസം വെടിഞ്ഞു. സ്കൂൾ കുട്ടികൾ

അവളുടെ കബറിടത്തിൽ പോയി മാദ്ധ്യസ്ഥ്യം യാചിച്ച് അനുഗ്രഹങ്ങൾ നേടി. സാവധാനം മുതിർന്നവർക്കും അൽഫോൻസാമ്മയോടുള്ള ഭക്തി വളർന്നു. തത്ഫലമായി 1953 ഡിസംബർ 2–ാം തിയതി ദൈവദാസിയായും 1984 നവംബർ 9–ന് ധന്യയായും അവൾ പ്രഖ്യാപിക്കപ്പെട്ടു. 1986 ഫെബ്രുവരി 28–ന് മഹാനായ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ അൽഫോൻസായെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു.

ദുരിതങ്ങളും രോഗങ്ങളും വ്യാധികളുമെല്ലാം നാഥൻെറ തലോടലുകളായി അൽഫോൻസാമ്മ സ്വീകരിച്ചു. കൂടുതൽ വേദനകൾ ദൈവത്തോട് ചോദിച്ചു വാങ്ങുകയും സഹിക്കാൻ വയ്യാതെ ജീവൻ പോകുമെന്ന അവസ്ഥ വരുമ്പോൾ അവയെ മാറ്റാൻ അപേക്ഷിക്കുകയും ചെയ്യുക അൽഫോൻസാമ്മയുടെ രീതിയായിരുന്നു. ദൈവമത് നിവർത്തിച്ചു കൊടുക്കുകയും ചെയ്തിരുന്നു. അൽഫോൻസാമ്മയും ദൈവവും തമ്മിലുള്ള ഗാഢമായ ഒരു പാരസ്പര്യത്തെ അത് വെളിപ്പെടുത്തുന്നുണ്ട്. അൽഫോൻസായ്ക്ക് സഹിക്കേണ്ടിവന്ന രോഗങ്ങൾ നമ്മെ അത്ഭുതപ്പെടുത്തും. രക്തസ്രാവം, ഡബിൾ ന്യൂമോണിയ, ക്ഷയം, മലമ്പനി, കാലുകളിൽ വ്രണം, പാരവശ്യം, പാരവശ്യത്തെ തുടർന്നു വലിയ വിശപ്പും ദാഹവും, അപ്പോൾ കഴിക്കുന്ന ഭക്ഷണത്തിൻെറ ഫലമായി 60–70 പ്രാവശ്യം വരെ നീളുന്ന ഛർദ്ദി, ത്വക്കിൻെറ ചുക്കിച്ചുളിയൽ, ഉറക്കമില്ലായ്മ തുടങ്ങിയ ശാരീരികരോഗങ്ങളും കൂടാതെ, മറ്റുള്ളവരിൽ നിന്നുണ്ടാകുന്ന വിമർശനങ്ങളുടെയും തെറ്റിദ്ധാരണകളുടെയും ഫലമായുള്ള മാനസികവ്യഥകളും പരിത്യക്തതയും എല്ലാം അവൾക്ക് അനുഭവിക്കേണ്ടിവന്നു. വേദനയിലും പ്രാർത്ഥന, പ്രായശ്ചിത്തം, പരോപകാരപ്രവൃത്തികൾ, മിഷനുവേണ്ടി സമർപ്പണം എന്നിവയ്ക്ക് ഒരു കുറവും അൽഫോൻസാ വരുത്തിയിരുന്നില്ല. പഴയനിയമത്തിലെ ജോബിനെപ്പോലെ സഹനങ്ങളെ അവൾ പ്രാർത്ഥനയും സ്തുതിഗീതങ്ങളുമായി മാറ്റി. പരാതിയോ ആവലാതിയോ അവൾ ഒരിക്കലും പ്രകടിപ്പിച്ചിട്ടില്ല. സഹനാഗ്നിയാൽ സ്ഫുടം ചെയ്തെടുത്ത ജീവിതമായിരുന്നു അൽഫോൻസായുടേത്. സഹിക്കുന്ന ഈശോയോടുള്ള സ്നേഹം, വീരോചിതമായി സഹിക്കാൻ അവൾക്ക് ശക്തിപകർന്നു. സഹിക്കാൻ ഒന്നുമില്ലാത്ത ദിവസം ശൂന്യമായി അവൾ കരുതിയിരുന്നു.

സഹനത്തെ രക്ഷാകരമാകാനുള്ള വിജ്ഞാനം അൽഫോൻസാ ദൈവവചനത്തിൽ നിന്ന് ആർജ്ജിച്ചു. "ഗോതമ്പ്മണി നിലത്തുവീണ്





അഴിയുന്നില്ലെങ്കിൽ, അത് വെറുതെ ഇരിക്കുന്നു. അഴിയുന്നെങ്കിലോ അത് വളരെ ഫലങ്ങൾ പുറപ്പെടുവിക്കും" (യോഹ. 12:24). ഈ തിരുവചനത്തെ ജീവിതം കൊണ്ട് വ്യാഖ്യാനിച്ചവളാണ് അൽഫോൻസാ. സ്വയം അഴിഞ്ഞ് ഇല്ലാതെയാകുമ്പോഴും നിസ്സാരയാക്കപ്പെടുമ്പോഴുമാണ് തൻെറ ജീവിതം സ്വർഗ്ഗത്തിൽ ഫലം ചൂടുന്നതെന്ന് അവൾക്ക് ഉറച്ച ബോധ്യമുണ്ടായിരുന്നു. റോസിൻെറ ചുവട്ടിൽ വളമായി ഇടുന്ന വട്ടയിലയും വെട്ടിയിലയുമാണ് താൻ എന്ന് അവൾ കൂടെക്കൂടെ പറഞ്ഞിരുന്നല്ലോ. "കർത്താവിൻെറ കുരിശിൻെറ ഓഹരി എനിക്കുണ്ട്. ഞാൻ കർത്താവിനോടുകൂടെ കുരിശിലാണ്. ഈ ഭാഗ്യം എല്ലാവർക്കും കിട്ടുന്നതാണോ?" എന്ന് അൽഫോൻസാ ചോദിക്കുമ്പോൾ സഹിക്കുന്നതിൽ ഭാഗ്യം താൻ കണ്ടെത്തിയിരിക്കുന്നു എന്നാണർത്ഥം.

മരിക്കുന്നതിന് ഏതാനം മാസം മുമ്പ് അൽഫോൻസാ തൻെറ സഹനാനുഭവം എഴുതി; "തീജ്വാലയിൽ കിടക്കുന്ന കീടത്തിനു സമമാണ് ഇപ്പോഴത്തെ എൻെറ അവസ്ഥ. എൻെറ വിഷമതകളെല്ലാം എൻെറ നല്ല ദൈവം നോക്കികൊണ്ടിരിക്കുകയും എന്നെ ആശ്വസിപ്പിക്കുകയും ചെയ്യുന്നുണ്ട്. എനിക്ക് ഒരിക്കലും ഉണ്ടായിട്ടില്ലാത്ത വിധത്തിലുള്ള പല വിഷമതകളും സഹിക്കുവാൻ ദൈവം അനുവദിക്കുന്നുണ്ട്. സമാധാനക്കേട് ഒട്ടുമില്ല. ഞാൻ സന്തോഷിക്കുകയും ദൈവത്തിനു നന്ദി പറയുകയും ചെയ്യുന്നു."

സ്വർഗ്ഗത്തെക്കുറിച്ചുള്ള ബോധ്യവും ദൈവത്തോടൊത്ത് നിത്യം വസിക്കണമെന്ന ആഗ്രഹവും ആണ് അൽഫോൻസായ്ക്ക് സഹനശക്തി പകർന്നു കൊടുത്തത്. അവളുടെ വാക്കുകൾ വ്യക്തമാണ്. "സഹനവും ത്യാഗവുമാകുന്ന കല്ലുകൾ കൊണ്ടാണ് സ്വർഗ്ഗത്തിൽ നമുക്കായി മാളികകൾ പണിയുന്നത്." തൻെറ ഭൗമിക കൂടാരം നശിച്ചുപോയാലും നിത്യം നിലനിൽക്കുന്ന ദൈവത്തിൽ നിന്നുള്ള ഒരു ഭവനം ഉണ്ടെന്ന ഉറപ്പും അവൾക്കുണ്ടായിരുന്നു (cf. 2 കോറി. 5:1). സ്ഥിരമായ പിതൃദേശം ഇവിടെയല്ല, ഭാവിയിലാണെന്ന കാര്യത്തിൽ അവൾക്ക് തെല്ലും സംശയമുണ്ടായിരുന്നില്ല (ഹെബ്രാ 11:13–16; ഫിലി. 3:20). ദൈവം സുനിശ്ചിതമായി തന്നെ സ്നേഹിക്കുന്നു. എന്തു സംഭവിച്ചാലും അവിടുന്ന് തന്നെ കൈവിടില്ല, അവിടുന്ന് തന്നോട് കൂടെ ഉണ്ട് എന്ന വിശ്വാസം അവളിൽ ദൃഢപ്പെട്ടിരുന്നു. ത്യാഗത്തിനും സഹനത്തിനും

അങ്ങനെ അവൾ അർത്ഥം കണ്ടെത്തി. വേദനയുടെ മുമ്പി ൽ നമുക്കും വേണ്ടത് ഈ ഉറപ്പും ബോധ്യവും ആണ്.

ജീവിതം ഉൾക്കൊള്ളുന്ന സഹനത്തിനു മുമ്പിൽ ഒളിച്ചോടുകയോ വഴിമാറി നടക്കുകയോ അല്ല നാം ചെയ്യേണ്ടത്. മറിച്ച് അതിനെ സ്വീകരിക്കാനുള്ള കഴിവു നേടുകയാണ്. അൽഫോൻസാമ്മ നമുക്ക് തരുന്ന പാഠമാണിത്. അനന്തമായ സ്നേഹം കൊണ്ട് സഹനം ഏറ്റെടുത്ത ക്രിസ്തുവിനോടുള്ള ഐക്യത്തിൽ സഹനത്തിൻെറ അർത്ഥം നാം കണ്ടെത്തണം. സഹനത്തിൻെറ വിശുദ്ധീകരണശക്തിയും പക്വതയിലേക്കു നയിക്കുന്ന രീതിയും പ്രത്യാശയിലേക്കുള്ള യാത്രയും നാം നവമായി അൽഫോൻസായിൽ നിന്ന് പഠിക്കണം (cf. പ്രത്യാശയിൽ രക്ഷ, 37–38).

അവൾ സ്നേഹിച്ച ദൈവം അവൾക്ക് അവർണ്ണനീയമായ മാധുര്യമായപ്പോൾ യാതൊരു ലൗകികകാര്യങ്ങൾക്കും അവളെ വശീകരിക്കാനായില്ല. ഈശോയുടെ വാക്കുകൾ അവൾക്ക് വഴി കാട്ടിയായി. സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവച്ചിരിക്കുന്ന നിധിയാണെന്ന് അവിടുന്ന് പറഞ്ഞിട്ടുണ്ടല്ലോ. വിവേകമതിയായ അൽഫോൻസാ തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങി, നിധി കണ്ടെത്തി (cf. മത്താ. 13:44). മണവാളനെ സ്വീകരിക്കാൻ വിളക്കിൽ എണ്ണയുമെടുത്ത് കാത്തിരുന്ന വിവേകമതിയായ കന്യകയായി അവൾ (cf. മത്താ.25:1–13). ചിതലും പുഴുവും നശിപ്പിക്കാത്തതും കള്ളന്മാർ മോഷ്ടിക്കാത്തതുമായ സ്വർഗ്ഗരാജ്യത്തിലേക്ക് നിക്ഷേപം ശേഖരിച്ചവളുമാണ് അൽഫോൻസാ (cf. മത്താ. 6:19–20). ജീവിതം കൊണ്ട് സുവിശേഷത്തിന് ഭാഷ്യം രചിച്ച അൽഫോൻസാമ്മ നമുക്ക് മാതൃകയാകണം. പ്രത്യേകിച്ചും ഭൗതികതക്കും സുഖലോലുപതയ്ക്കും അടിപ്പെട്ടുകൊണ്ടിരിക്കുന്ന ആധുനികലോകത്തിന് അവൾ വഴികാട്ടിയാണ്.

സ്നേഹമായിരുന്നു അൽഫോൻസായുടെ ജീവിതം. അതു തന്നെയാണ് വിശുദ്ധിയും. അവൾ പറയുന്നു: “എല്ലാവരോടും എനിക്ക് സ്നേഹമാണ്. ആരെയും വെറുക്കാൻ എനിക്ക് സാധിക്കുകയില്ല. എൻെറ മുഴുവൻ സ്നേഹത്തിൻെറയും പരിഹാരത്തിൻെറയും ഒരു ബലിവസ്തുവായി ഈശോയ്ക്ക് എന്നെത്തന്നെ സമർപ്പിക്കുന്നു. സ്നേഹത്തെപ്രതി ദുരിതങ്ങൾ സഹിക്കുക, അതിൽ സന്തോഷിക്കുകയും ചെയ്യുക. അതു മാത്രമേ ഇഹത്തിൽ ഞാൻ ആഗ്രഹിക്കുന്നുള്ളൂ.”





ദൈവത്തെയും മനുഷ്യനെയും സ്നേഹിക്കാൻ തയ്യാറാകുമ്പോൾ അതിൽ സഹനമുണ്ട്. കാരണം, അവിടെ നമ്മുടെ അഹംഭാവവും സ്വാർത്ഥതയും ഇല്ലാതാകണം. വെട്ടിയൊരുക്കപ്പെടാനും മുറിവേൽക്കപ്പെടാനും നാം തയ്യാറാകണം. സ്വയം പരിത്യജിക്കുന്നതിലെ വേദന സ്വീകരിക്കാതെ സ്നേഹത്തിന് നിലനിൽക്കാനാവില്ല. “എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ച് അനുദിനം തൻെറ കുരിശുമെടുത്ത് എൻെറ പിന്നാലെ വരട്ടെ” (ലൂക്കാ 9:23) എന്ന ഈശോയുടെ വാക്കുകൾ അൽഫോൻസാമ്മയുടെ കാതുകളിൽ നിരന്തരം മുഴങ്ങിയിരുന്നു. അത് ജീവിക്കാൻ അവൾ പ്രതിജ്ഞാബദ്ധയുമായിരുന്നു. അതവളെ വിശുദ്ധയാക്കി.

2008 ഒക്ടോബർ 12–ന് റോമിലെ സെൻറ് പീറ്റേഴ്സ് സ്വകയറിൽ രാവിലെ 9.30–ന് ആരംഭിക്കുന്ന വിശുദ്ധ കുർബാന മദ്ധ്യേ പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പാ അൽഫോൻസാമ്മയെ വിശുദ്ധയായി പ്രഖ്യാപിക്കുന്ന വിവരം എല്ലാവർക്കും അറിയാവുന്നതാണല്ലോ. കേരളത്തിൽ നിന്ന് മെത്രാന്മാരും വൈദികരുടെയും സമർപ്പിതരുടെയും അല്മായരുടെയും പ്രതിനിധികളും അടങ്ങുന്ന അനേകം പേർ ആ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്നതാണ്. അൽഫോൻസാ വിശുദ്ധയായി പ്രഖ്യാപിക്കപ്പെടുന്ന ഇന്ത്യൻസമയം ഉച്ചകഴിഞ്ഞ് 1.30–ന് കൃതജ്ഞതയുടെയും ആനന്ദത്തിൻെറയും അടയാളമായി കേരളത്തിലെ എല്ലാ ദേവാലയങ്ങളിലും മണികൾ മുഴക്കേണ്ടതാണ്. വിശ്വാസികളെല്ലാവരും മൗനമായി ഏതാനം നിമിഷം ആ സമയം പ്രാർത്ഥിക്കുകയും വേണം.

2008 നവംബർ 9–ന് അൽഫോൻസാമ്മയുടെ കബറിടം സ്ഥിതിചെയ്യുന്ന ഭരണങ്ങാനത്ത് പൗരസ്ത്യ സഭാ കാര്യാലയത്തിൻെറ പ്രീഫെക്ട് കർദ്ദിനാൾ ലെയനാർദോ സാന്ദ്രി അധ്യക്ഷതവഹിക്കുന്ന പൊതുസമ്മേളനം ഇന്ത്യയുടെ ബഹുമാന്യനായ മുൻ രാഷ്ട്രപതി അബ്ദുൾകലാം ഉദ്ഘാടനം ചെയ്യും. ഇന്ത്യയിലെ അപ്പസ്തോലിക് ന്യുൻഷിയോ പെദ്രോ ലോപ്പ്സ് ക്വിന്താനയും കർദ്ദിനാൾമാരായ ടെലസ്ഫോർ ടോപ്പോ, ഓസ്വാൾഡ് ഗ്രേഷ്യസ് ആൻജലോ, മാർ വർക്കി വിതയത്തിൽ എന്നിവരും, ആർച്ചുബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിലും മാർ ജോസഫ് പൗവ്വത്തിലും പ്രസംഗിക്കുന്നതാണ്. തുടർന്ന് 4.15–ന് ഇന്ത്യയിലെ എല്ലാ മെത്രാന്മാരും പങ്കെടുക്കുന്ന കൃതജ്ഞതാബലി സീറോ

മലബാർ സഭയുടെ പരമാധ്യക്ഷൻ ശ്രേഷ്ഠ മെത്രാപ്പോലീത്ത അത്യുന്നത കർദ്ദിനാൾ മാർ വർക്കി വിതയത്തിലിൻെറ മുഖ്യ കാർമ്മികത്വത്തിൽ നടക്കുന്നതാണ്. മലങ്കര കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻ മോറൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ വചനസന്ദേശം നൽകുന്നതുമാണ്.

കഴിയുന്നിടത്തോളം ആളുകൾ വിശുദ്ധ ബലിയിലും പൊതു സമ്മേളനത്തിലും പങ്കെടുത്ത് അൽഫോൻസാമ്മയോടുള്ള ഭക്തിയും സ്നേഹവും പ്രടിപ്പിക്കുകയും വിശുദ്ധയുടെ മാതൃകയെ പിഞ്ചെന്ന് വിശുദ്ധിയിൽ വളരാൻ പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ദൈവം നിങ്ങളെയെല്ലാവരെയും വി. അൽഫോസാമ്മയുടെ മാധ്യസ്ഥത്താൽ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി

1. **ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ** (കെ.സി.ബി.സി. പ്രസിഡണ്ട്)

2. **മാർ വർക്കി കർദ്ദിനാൾ വിതയത്തിൽ** (മേജർ ആർച്ചുബിഷ്പ്പ്, സീറോ മലബാർസഭ)

3. **ബസേലിയോസ് മാർ ക്ലീമിസ്** (ശ്രേഷ്ഠ കാതോലിക്കാബാവ, മലങ്കരസഭ)

4. **മാർ ജോസ് പൊരുന്നേടം** (മാനന്തവാടിരൂപതാ മെത്രാൻ)

പാസ്റ്ററൽ ഓറിയൻേറഷൻ സെൻറർ

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആസ്ഥാനകാര്യാലയം

കൊച്ചി–682025

08.08.2008

---

N.B. ഈ ഇടയലേഖനം 2008 ഒക്ടോബർ മാസം 5–ാം തിയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.





## സർക്കുലർ 2/2008

ഭദ്രാവതി രൂപതയിലെ ബഹു. വൈദികർക്കും, സന്യാസിനികൾക്കും അത്മായ സഹോദരങ്ങൾക്കും,

യേശുവിൽ പ്രിയ സഹോദരീസഹോദരങ്ങളേ,

കഴിഞ്ഞ ഏതാനും വർഷങ്ങളായി മതമൗലികവാദ പ്രസ്ഥാനങ്ങളാൽ വർഗീയകലാപങ്ങൾ ഏറെ നടക്കുന്ന ഭാരതത്തിലെ പിന്നോക്ക സംസ്ഥാനങ്ങളിൽ ഒന്നാണ് ഒറീസ. കുഷ്ഠരോഗികളുടെ ഇടയിൽ ത്യാഗോജ്ജ്വലമായ സേവനം അനുഷ്ഠിച്ച ഓസ്ട്രേലിയൻ മിഷനറിയായ ഗ്രഹാംസ്റ്റെനും രണ്ടു മക്കളും അതിദാരുണമായി വധിക്കപ്പെട്ടതും ഇവിടെവച്ചു തന്നെയാണ്. 2007 ഡിസംബറിൽ ക്രൈസ്തവർക്കെതിരായി ഒറീസയിൽ നടന്ന അക്രമങ്ങളിൽ അനേകർക്ക് വീടും സമ്പത്തും നഷ്ടമായി. അന്നും രക്ഷക്കായി മനുഷ്യർ എല്ലാം ഉപേക്ഷിച്ച് വനാന്തരങ്ങളിലേയ്ക്ക് പലായനം ചെയ്തു. സ്വന്തം നാട്ടിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും തിരിച്ചു വന്ന് എല്ലാം പൂർവ്വസ്ഥിതിയിൽ ആക്കുവാനുള്ള യത്നം നടക്കുമ്പോഴാണ് പുതിയ അക്രമങ്ങൾ ഒറീസയിൽ കാൻഡമാൻ ജില്ലയിലും, സമീപജില്ലകളിലും അരങ്ങേറിയത്.

2007–ലെ വർഗ്ഗീയ കലാപങ്ങളിൽ നിർണ്ണായക പങ്കുവഹിച്ച ലക്ഷ്മണാനന്ദസ്വാമി വധിക്കപ്പെട്ട ഹീനകൃത്യം മാവോയിസ്റ്റുകൾ ഏറ്റെടുത്തിട്ടും, അത് ക്രിസ്ത്യാനികളുടെമേൽ ആരോപിച്ചുകൊണ്ടാണ് പുതിയ അക്രമങ്ങൾ തുടങ്ങിയത്. കാൻഡമാൻ ജില്ലയിൽ തുടങ്ങിയ അക്രമം ഒറീസയിലെ മറ്റു ജില്ലകളിലേയ്ക്കും വ്യാപിച്ചു. ഇതിനകം 24 പേർ മരിച്ചു; നിരവധി പേർക്ക് മാരകമായ പരിക്കുകളേറ്റു; ഏതാണ്ട് 4000–ാളം ഭവനങ്ങൾ, അവയിൽ ഭൂരിഭാഗവും ക്രിസ്ത്യാനികളുടേത് പൂർണ്ണമായോ ഭാഗികമായോ തകർക്കപ്പെട്ടു. ആയിരക്കണക്കിനാളുകൾ വൈദികരും സന്ന്യാസിനികളുമുൾപ്പെടെ പ്രാണരക്ഷാർത്ഥം വനാന്തരങ്ങളിലേയ്ക്ക് പലായനം ചെയ്തു. ക്രൈസ്തവരുടെ ഹോസ്റ്റലുകൾ, കോൺവെൻറുകൾ, സ്കൂളുകൾ, വ്യാപരകേന്ദ്രങ്ങൾ എന്നിവ ആക്രമിക്കപ്പെട്ടു; ഗവണ്മെൻറും പോലീസും ആവശ്യമായ, സമയോചിതമായ സംരക്ഷണം നൽകുന്നതിൽ പരാജയപ്പെട്ടു.

പ്രിയമുള്ളവരേ, ക്രൈസ്തവനും ക്രൈസ്തവസഭക്കും പീഡനങ്ങൾ പുതുമയല്ല. എന്നും ഏറെ പീഡനങ്ങൾ ഏറ്റുവാങ്ങേണ്ടിവന്നവളാണ്

സഭയെന്ന് സഭാചരിത്രം നമ്മെ ഓർമ്മപ്പെടുത്തുന്നു. രക്തസാക്ഷികളുടെ ചുടുനിണത്തിൽ വളർന്നവളാണ് സഭ. അതുകൊണ്ട് ഇപ്പോൾ നടക്കുന്ന പീഡനങ്ങളേയും അക്രമങ്ങളേയും ഓർത്ത് നാം നഷ്ടധൈര്യരാകേണ്ടതില്ല. പീഡനങ്ങളിലൂടെ മുന്നേറുമ്പോഴാണ് നാം ഭാഗ്യവാന്മാർ. "എന്നെ പ്രതി മനുഷ്യർ നിങ്ങളെ പീഡിപ്പിക്കുകയും എല്ലാവിധ തിന്മകളും നിങ്ങൾക്കെതിരെ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങൾക്ക് മുമ്പുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ ഇപ്രകാരം പീഡിപ്പിച്ചിട്ടുണ്ട്" (മത്താ 5:11–12) എന്ന യേശുവചനം നമുക്ക് ഓർക്കാം. വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിയായിത്തീർന്ന പത്രോസും നമ്മെ ഓർമ്മപ്പെടുത്തുന്നത് മറ്റൊന്നല്ല. "നന്മ പ്രവർത്തിച്ചിട്ട് കഷ്ടത അനുഭവിക്കുക എന്നതാണ് ദൈവഹിതമെങ്കിൽ അതാണ് തിന്മ പ്രവർത്തിച്ചിട്ട് കഷ്ടത അനുഭവിക്കുക എന്നതിനേക്കാൾ നല്ലത്" (1 പത്രോ. 3:17).

ഒറീസയിലെ സ്ഥിതിഗതികൾ ശാന്തമായിവരുന്നെങ്കിലും മറ്റുപല സംസ്ഥാനങ്ങളിലേയ്ക്കും അക്രമങ്ങൾ പടരുന്നതിൻെറ സൂചനകൾ വ്യക്തമാണ്. മദ്ധ്യപ്രദേശിലും ആന്ധ്രാപ്രദേശിലും തുടർന്ന് കർണ്ണാടകയിലും നടക്കുന്ന അക്രമങ്ങൾ ഒറ്റപ്പെട്ടതായും യാദൃശ്ചികമായി സംഭവിക്കുന്നതായും കരുതി നമുക്ക് നിഷ്ക്രിയരായിരിക്കുവാൻ സാധിക്കുകയില്ല. ഇവിടെ നമ്മളും സുരക്ഷിതരല്ല എന്ന ചിന്ത ഈ സംഭവങ്ങൾ നമുക്കു തരുന്നു.

തുടരെ തുടരെ നടക്കുന്ന ഇത്തരം സംഭവങ്ങളോട് എന്തായിരിക്കണം നമ്മുടെ പ്രതികരണം? ഭയത്തിൻെറയോ നഷ്ടധൈര്യത്തിൻെറയോ അതോ പ്രതിഷേധത്തിൻെറയോ? ഒരു ന്യൂനപക്ഷമെന്ന നിലയിൽ നമ്മുടെ ഭരണഘടന നമുക്ക് നൽകിയിരിക്കുന്ന അവകാശങ്ങൾ ഇത്ര നഗ്നമായി ഹനിക്കപ്പെടുമ്പോൾ നാം പ്രതിഷേധമുയർത്തണം. നമ്മുടെ പ്രതിഷേധത്തിൻെറ, വേദനയുടെ സ്വരം അധികാരികളുടെ കർണ്ണപുടങ്ങളിൽ എത്തണം. എന്നാൽ സർവ്വോപരി നമ്മുടെ പ്രതിഷേധങ്ങളും പ്രതികരണങ്ങളും നമ്മുടെ വിശ്വാസത്തിൻെറ വെളിച്ചത്തിലാകണം. "യുഗാന്ത്യംവരെ ഞാൻ നിങ്ങളോടുകൂടെയുണ്ട്," "നീ പത്രോസാണ് ഈ പാറമേൽ എൻെറ സഭ ഞാൻ സ്ഥാപിക്കും, നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല" (മത്താ. 16:18) എന്നരുളിയ നാഥൻ






നമ്മുടെകൂടെയുണ്ട്. "ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ പീഡിപ്പിക്കുന്നവർക്കായി പ്രാർത്ഥിക്കുവിൻ" (മത്താ. 5:44) എന്ന് പഠിപ്പിച്ച ഗുരുവിൻെറ മനോഭാവമായിരിക്കട്ടെ നമ്മുടേതും. "പിതാവേ ഇവരോട് ക്ഷമിക്കേണമെ; ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല" (ലൂക്കാ 23:34) ഇതായിരിക്കട്ടെ നമ്മുടെയും പ്രാർത്ഥന. "തിന്മ നിങ്ങളെ കീഴടക്കാതിരിക്കട്ടെ, തിന്മയെ നന്മ കൊണ്ട് കീഴടക്കുവിൻ" എന്നു പഠിപ്പിച്ച വി. പൗലോസായിരിക്കട്ടെ നമ്മുടെ മാതൃക.

ഇരുമ്പുചങ്ങലകളാൽ ബന്ധിക്കപ്പെട്ട് കൽതുറുങ്കിൽ അടക്കപ്പെട്ട പത്രോസിനെ അത്ഭുതമാംവിധം മോചിപ്പിച്ചത് ആദിമസഭയുടെ പ്രാർത്ഥനയായിരുന്നു. നമ്മളും ഈ സാഹചര്യത്തിൽ വിശ്വാസപൂർവ്വം തമ്പുരാനിലേക്ക് തിരിയണം. എല്ലാം നഷ്ടപ്പെട്ട നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണം. തങ്ങളുടെ വിശ്വാസത്തിൽ അവർ ഉറച്ചുനിൽക്കുവാൻ നമ്മുടെ പ്രർത്ഥനകൾ അവർക്കു ശക്തിപകരും. അക്രമികളോട് ക്ഷമിച്ചുകൊണ്ട് അവരുടെ മാനസാന്തരത്തിനായും നമുക്കു പ്രാർത്ഥിക്കാം. എന്തെല്ലാം പ്രതിസന്ധികളും പരീക്ഷണങ്ങളും വെല്ലുവിളികളും നേരിടേണ്ടിവന്നാലും നമ്മുടെ വിശ്വാസത്തിൽ ഉറച്ചു നിൽക്കുവാനായി നമുക്കുവേണ്ടിതന്നെയും പ്രാർത്ഥിക്കണം. തിരുകുടുംബത്തിൻെറയും തിരുസഭയുടെയും സംരക്ഷകനായ വി. യൗസേപ്പിതാവിൻെറ പ്രത്യേക മാദ്ധ്യസ്ഥം നാം തേടണം. നമ്മുടെ എല്ലാ ഇടവകകളിലും വിശുദ്ധ കുർബാനക്കു ശേഷവും, കുടുംബങ്ങളിൽ കുടുംബപ്രാർത്ഥനക്കു ശേഷവും"ഭാഗ്യപ്പെട്ട മാർ യൗസേപ്പേ" എന്ന പ്രാർത്ഥന നിർബന്ധമായും ചൊല്ലണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

കൂട്ടത്തിൽ മറ്റൊരു പ്രധാന കാര്യവും കൂടി ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തട്ടെ. എന്തെല്ലാം പ്രശ്നങ്ങളും സമ്മർദ്ദങ്ങളും ഉണ്ടായാലും നാം ആത്മസംയമനത്തോടെ, സമചിത്തതയോടെ പെരുമാറണം. മറ്റുള്ളവരുടെ മതവികാരങ്ങൾ മുറിപ്പെടുത്തുന്ന യാതൊരുവിധ സംസാരങ്ങളും, പ്രവർത്തനങ്ങളും, പെരുമാറ്റങ്ങളും നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകാതിരിക്കാൻ നമ്മൾ അതീവ ശ്രദ്ധയുള്ളവരായിരിക്കണം. കാലത്തിൻെറ അടയാളങ്ങളെ, സൂചനകളെ, കണക്കിലെടുത്ത് വിവേകപൂർവ്വകമായ രീതിയിൽ വർത്തിക്കാൻ നമുക്ക് കഴിയട്ടെ. നമ്മുടെ ചുറ്റുപാടുമുള്ള നാനാജാതിമതസ്ഥരായ എല്ലാവരുമായി നല്ല സ്നേഹബന്ധത്തിൽ കഴിയുവാൻ, സഹകരിക്കുവാൻ നമ്മൾ പരിശ്രമിക്കണം.

പ്രിയമുള്ളവരേ, യാതന അനുഭവിക്കുന്ന സഹോദരങ്ങളെ സഹായിക്കുക, എല്ലാം നഷ്ടപ്പെട്ടവർക്കു സഹായഹസ്തവുമായി എത്തുക ക്രൈസ്തവധർമ്മമാണ്. ഒറീസയിലെ ദുരിതമനുഭവിക്കുന്ന സഹോദരങ്ങളെ സാമ്പത്തികമായി സഹായിക്കാനും നമുക്ക് കടമയുണ്ട്. അവരോടൊപ്പം നമ്മളും യേശുവിൻെറ മൗതികശരീരത്തിലെ അവയവങ്ങളാണ്. ഒരവയവം വേദന അനുഭവിക്കുമ്പോൾ ശരീരം മുഴുവനും മറ്റ് അവയവങ്ങളും വേദനിക്കുന്നു. അവരുടെ വേദനകളെ ശമിപ്പിക്കാൻ നമുക്ക് മനസുണ്ടാകണം. സെപ്റ്റംബർ 28-ാം തിയതി വി. കുർബാന മദ്ധ്യേ നമ്മുടെ ദേവാലയത്തിൽ നടത്തുന്ന സ്തോത്രക്കാഴ്ച്ച ഒറീസയിലെ ദുരിതമനുഭവിക്കുന്ന സഹോദരങ്ങൾക്കായി എടുത്ത് പ്രസ്തുത സംഖ്യ എത്രയും വേഗം രൂപതാകാര്യാലയത്തിൽ എത്തിക്കണം. ഉദാരമതികളായ വ്യക്തികളുടെ നിർലോഭമായ സഹകരണവും പ്രതീക്ഷിക്കുന്നു.

"എൻെറ ഏറ്റവും എളിയ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ, എനിക്കുതന്നെയാണ് ചെയ്തുതന്നത്" എന്നരുളിയ കർത്താവ് നിങ്ങളുടെ സന്മനസ്സിനെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിച്ചുകൊണ്ടും, ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിച്ച് പരിപാലിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ടും ഈശോയിൽ സ്നേഹപൂർവ്വം,



ഷിമോഗ
15.09.2008

മാർ ജോസഫ് അരുമച്ചാടത്ത്
ഭദ്രാവതി രൂപതാദ്ധ്യക്ഷൻ

---

ഈ സർക്കുലർ 2008 സെപ്റ്റംബർ 21-ാം തിയതി കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്





# ഇടയലേഖനം 1/2008

ഭദ്രാവതി രൂപതയിലെ ബഹു. വൈദികർക്കും, സന്ന്യാസികൾക്കും, അത്മായസഹോദരർക്കും.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരങ്ങളേ,

സാർവ്വത്രിക കത്തോലിക്കാസഭയുടെ ആസ്ഥാനമായ റോമിൽ നിന്ന് ഞാൻ നിങ്ങൾക്ക് ആശംസകൾ നേരുന്നു. പുതിയ മെത്രാന്മാർക്കായുള്ള ഒരു കോഴ്സിൽ പങ്കെടുക്കുന്നതിനായി ഞാൻ റോമിൽ വന്നതാണ്. ഞങ്ങൾ വിവിധ രാജ്യങ്ങളിൽ നിന്നുള്ള 110 മെത്രാന്മാർ ഈ കോഴ്സിൽ പങ്കെടുക്കുന്നു. ഞങ്ങളെല്ലാവരും കൂടി പരി. പിതാവിനെ കാണുകയും വി. പത്രോസിൻെറ ദേവാലയത്തിൽ ഒരുമിച്ച് ബലിയർപ്പിക്കുകയും ചെയ്തു.

കർണ്ണാടകയിലും, പല ക്രൈസ്തവദേവാലയങ്ങളും പ്രാർത്ഥനാലയങ്ങളും ആക്രമിക്കപ്പെട്ടു എന്ന വാർത്തയിൽ ഞാൻ അതീവമായി ദുഃഖിക്കുന്നു. ഈ സാഹചര്യത്തിൽ ഞാൻ നിങ്ങളെ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഒക്ടോബർ, വിശ്വാസികളായ നമുക്കെല്ലാവർക്കും, പ്രത്യേകിച്ച് ഭദ്രാവതി രൂപതയ്ക്ക് ഏറെ പ്രാധാന്യമുള്ള മാസമാണ്.

**<u>മാതാവിനും ജപമാലയ്ക്കും പ്രതിഷ്ഠിത മാസം.</u>**

ദൈവം നമുക്ക് തന്ന വലിയദാനമാണ് പരി. അമ്മ. ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ ഈയിടെ ലൂർദ്ദിലേയ്ക്ക് നടത്തിയ യാത്രാമദ്ധ്യേ പറയുകയുണ്ടായി, "പരി. അമ്മ നമ്മളെ സഹായിക്കാൻ നമ്മുടെ കൂടെ എപ്പോഴുമുണ്ട്; പ്രത്യേകിച്ച് സഭ പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന സമയത്ത്" മാർപ്പാപ്പയുടെ ലൂർദ്ദ് സന്ദർശനവും വി. കുരിശിൻെറ തിരുനാളും ഒരുമിച്ച് വന്നത് വലിയ ദൈവനിയോഗമായി മാർപ്പാപ്പ കരുതുന്നു. മാതാവ് ലൂർദ്ദിലെ മസ്സാബിയേലെ ഗ്രോട്ടോയിൽ ബർണ്ണദീത്തായ്ക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ കുരിശുവരച്ചുകൊണ്ടാണ് പ്രത്യക്ഷപ്പെട്ടത്. ലൂർദ്ദിലെ സന്ദേശത്തിൻെറ കാതൽ കുരിശുവരയിൽ സംഗ്രഹിക്കാം. കുരിശുവരയ്ക്കുന്നത് നമ്മുടെ വിശ്വാസത്തിൻെറ വലിയ പ്രകടനമാണ്. അത് ശ്രദ്ധയോടെ ചെയ്യുമ്പോൾ രക്ഷാകര രഹസ്യത്തിൻെറ

ഉള്ളറകളിലേയ്ക്ക് നമ്മൾ കടന്നുചെല്ലുന്നുവെന്നും മാർപ്പാപ്പ പറയുകയുണ്ടായി. ഒക്ടോബർ പരി. അമ്മയ്ക്കും ജപമാലയ്ക്കും പ്രതിഷ്ഠിതമായ മാസമാണ്. സന്ധ്യാവേളയിൽ ജപമാല ചൊല്ലുകയെന്നത് നമ്മുടെ പാരമ്പര്യവും പ്രത്യേകതയുമാണ്. ഈ മാസം പ്രത്യേകമായി നമ്മുടെ കുടുംബങ്ങളിൽ ജപമാല ചൊല്ലി പ്രാർത്ഥിക്കണം. നമ്മുടെ ദേവാലയങ്ങളിൽ ആഘോഷമായി നടത്തുന്ന പത്ത് ദിവസത്തെ ജപമാല പ്രാർത്ഥനയിൽ നിങ്ങളെല്ലാവരും പങ്കെടുക്കണം. കൂടാതെ, മാതാവിന് പ്രതിഷ്ഠിതമായ കപ്പേളകളിലും ഗ്രോട്ടോകളിലും ജനങ്ങൾ ഒരുമിച്ചുചേർന്ന് വൈകുന്നേരങ്ങളിൽ ജപമാലയർപ്പിക്കുന്നതും നല്ലതാണ്.

**<u>അൽഫോൻസാമ്മയുടെ നാമകരണം.</u>**

ഭാരത സഭയ്ക്ക് ദൈവം തന്ന വലിയദാനമാണ് അൽഫോൻസാമ്മ. ഭാരതത്തിൽ നിന്ന് ഇദംപ്രഥമമായി, വിശുദ്ധ പദവിയിലേയ്ക്ക് അൽഫോൻസാമ്മ ഉയർത്തപ്പെടുമ്പോൾ സീറോ മലബാർ സഭയ്ക്ക് ഇത് അഭിമാനത്തിൻെറ നിമിഷമാണ്. നമ്മുടെ ഇടയിൽ ജനിച്ച് നമ്മോടുകൂടി ജീവിച്ച് ഇപ്പോൾ വിശുദ്ധപദവിയിലേയ്ക്ക് അൽഫോൻസാമ്മ ഉയർത്തപ്പെടുമ്പോൾ ഓരോ കേരളീയനും അഭിമാനിക്കാം. ഭാരതസഭ പീഡനങ്ങളിലൂടെ കടന്നുപോകുന്ന ഈ സമയത്ത് അവളുടെ നാമകരണ നടപടി നമുക്ക് ഏറെ ദൈവാനുഗ്രഹ നിമിഷങ്ങളാണ്. സഹനത്തിൻെറയും നിഷ്കളങ്കസ്നേഹത്തിൻെറയും വലിയ മാതൃകയാണ് അൽഫോൻസാമ്മ. ദൈവസ്നേഹത്താൽ ജ്വലിച്ചിരുന്ന വ്യക്തിത്വമായിരുന്നു അവളുടേത്. പ്രേഷിത തീക്ഷ്ണത മുറ്റിനിന്ന ജീവിതമായിരുന്നു അൽഫോൻസാമ്മയുടേത്. ഒക്ടോബർ 12-ന് റോമിൽ നാമകരണ കർമ്മങ്ങൾ നടക്കുമ്പോൾ എനിക്കും അതിൽ പങ്കുചേരാൻ സാധിക്കുന്നത് വലിയ ദൈവാനുഗ്രഹമായി ഞാൻ കരുതുന്നു. നമ്മുടെ രൂപത മുഴുവൻേറയും പ്രതിനിധിയായി ഞാൻ ഇവിടെയുണ്ടാകും. ഞാൻ നിങ്ങളെ ഓരോരുത്തരേയും നമ്മുടെ രൂപത മുഴുവനെയും അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥത്തിന് സമർപ്പിച്ച് പ്രാർത്ഥിക്കും. ആ ദിവസം വി. ബലിയർപ്പിക്കുകയും വിശുദ്ധയുടെ മാദ്ധ്യസ്ഥം തേടുകയും ചെയ്യണം. ഈ അവസരത്തിൽ വി. അൽഫോൻസാമ്മയെ നമ്മുടെ രൂപതയുടെ സഹമദ്ധ്യസ്ഥയായി ഞാൻ പ്രഖ്യാപിക്കുന്നു.





**<u>മിഷൻ ഞായർ</u>**

ആഗോളസഭ ഒക്ടോബർ 19 മിഷൻ ഞായറായി ആഘോഷിക്കുന്നു. യേശുവിൻെറ പ്രേഷിത ദൗത്യം തുടരുന്നവരാണ് സഭയും നമ്മളോരോരുത്തരുമെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. ജീവിതസാക്ഷ്യം, വിവിധ ശുശ്രൂഷകൾ, പ്രാർത്ഥനകൾ, വചന പ്രഘോഷണം എന്നിവയിലൂടെ പ്രേഷിതരാകാൻ നമുക്കും കഴിയും. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ സാമ്പത്തികമായും സഹായിക്കേണ്ട ഉത്തരവാദിത്തം നമുക്കുണ്ട്. മതാദ്ധ്യാപകർ, സിസ്റ്റേഴ്സ്, വാർഡ് പ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിൽ നമ്മുടെ യുവജനങ്ങളും കുട്ടികളും അന്ന് ഭവനങ്ങൾ സന്ദർശിക്കുകയും കലണ്ടറുകൾ, മിഷൻ കവറുകൾ എന്നിവ വിതരണം ചെയ്യുകയും മിഷൻ പിരിവ് നടത്തുകയും ചെയ്യണം. കൂടാതെ വി. കുർബാന മദ്ധ്യേയുള്ള സ്തോത്രക്കാഴ്ചയും ഈ ഉദ്ദേശത്തെ പ്രതി എടുത്ത് രൂപതാ കാര്യാലയത്തിൽ എത്തിക്കണമെന്നും അറിയിക്കുന്നു.

**<u>രൂപതാ ദിനാഘോഷം - ഒക്ടോബർ 25:</u>**

ഭദ്രാവതി രൂപത ജന്മം കൊണ്ടിട്ട് ഒക്ടോബർ 25-ന് ഒരു വർഷം പൂർത്തിയാകുന്നു. ദൈവം നമുക്ക് തന്ന വിശ്വാസത്തിനും, ഒരു സമൂഹമായി നമ്മെ രൂപപ്പെടുത്തിയതിനും, പുതിയ രൂപത തന്ന് നമ്മെ അനുഗ്രഹിച്ചതിനും, ദൈവത്തിന് നന്ദി പറയേണ്ട അവസരം. ദൈവത്തിൻെറ കരങ്ങളിലെ ഉപകരണങ്ങളായി, നമ്മെ ഇത്രത്തോളം നയിക്കുവാൻ സഹായിച്ച എല്ലാവരെയും, പ്രത്യേകമായി നമ്മുടെ വൈദികരെയും, സിസ്റ്റേഴ്സിനെയും, പൂർവ്വികരെയും ഓർത്ത് നന്ദി പറയാം. നമ്മെ വീണ്ടും ദൈവത്തിനും ദൈവജനത്തിനും ശുശ്രൂഷകരായി അർപ്പിക്കുവാനുള്ള അവസരം കൂടിയാണിത്. രൂപതയെന്ന നിലയിൽ ഒരു കൊല്ലം നാം പൂർത്തിയാക്കുമ്പോൾ ഇനിയും ദൈവവഴിയിലൂടെ ഏറെ മുന്നോട്ട് പോകേണ്ടവരാണ് നാം എന്നും ഓർക്കാം. പടിപടിയായി നാം നല്ലൊരു ദൈവസമൂഹമായി, കുടുംബമായി മാറണം. നമ്മുടെ കുടുംബങ്ങൾ വിശുദ്ധീകരിക്കപ്പെടണം. ധാരാളം നല്ല വൈദികരെയും സന്ന്യാസിനികളെയും നമുക്ക് ലഭിക്കണം. മറ്റുള്ളവർക്ക് യേശു സാക്ഷികളായി നാം ഇനിയും മാറേണ്ടതുണ്ട്. നമ്മുടെ വിശ്വാസം മറ്റുള്ളവരുമായി പങ്കുവയ്ക്കപ്പെടണം. രൂപതാ ദിനാചരണം

ആഘോഷത്തേക്കാൾ ഉപരിയായി പ്രാർത്ഥനയുടെയും നവീകരണത്തിന്റെയും പുനർസമർപ്പണത്തിന്റെയും അവസരമായിട്ടാണ് ഞാൻ കണക്കാക്കുന്നത്. അതിനാൽ ഒക്ടോബർ ഒന്നു മുതൽ ഇരുപത്തിനാല് വരെയുള്ള ദിവസങ്ങളിൽ നമ്മൾ പ്രാർത്ഥിച്ച് ഒരുങ്ങണം. ഓരോ ഇടവകയും, ആശ്രമവും ഓരോ ദിവസം പ്രാർത്ഥനാദിനമായി ആചരിക്കണം. അന്ന് എല്ലാവരും വി. കുർബാനയിലും തുടർന്നുള്ള ആരാധനയിലും പങ്കുചേരണം. ഒക്ടോബർ പത്തൊൻപതാം തിയതി ഞായറാഴ്ച്ച നമ്മുടെ രൂപത മുഴുവനിലും പ്രാർത്ഥനാദിനമായി ആചരിക്കണം. അന്ന് എല്ലാവരും വി. കുർബാനയിലും ആരാധനയിലും രൂപതയെ പ്രത്യേകമായി സമർപ്പിച്ച് പ്രാർത്ഥിക്കണം. ഒക്ടോബർ ഇരുപത്തിയഞ്ചാം തിയതി രാവിലെ 10.30 മുതൽ വൈകുന്നേരം 4.00 വരെ ഷിമോഗയിൽ മെത്രാസനഭവനം കേന്ദ്രീകരിച്ച് നടക്കുന്ന രൂപതാദിന പരിപാടികൾ വിജയപ്രദമാക്കുവാൻ നിങ്ങളുടെ പ്രത്യേക പ്രാർത്ഥനയും അഭ്യർഥിക്കുന്നു.

ദൈവം പരി. അമ്മയുടെയും രൂപതാ മദ്ധ്യസ്ഥരായ വി. യൗസേപ്പ് പിതാവിന്റെയും അൽഫോൻസാമ്മയുടെയും മദ്ധ്യസ്ഥതയാൽ നിങ്ങളെയും നിങ്ങളുടെ പ്രവർത്തനങ്ങളെയും ധാരാളമായി അനുഗ്രഹിക്കട്ടേയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈശോയിൽ സ്നേഹപൂർവ്വം,

റോം — മാർ ജോസഫ് അരുമച്ചാടത്ത്,
22.09.2008 — ഭദ്രാവതി രൂപതയുടെ ഇടയൻ.

---

NB: ഈ സർക്കുലർ സെപ്റ്റംബർ 28-ന് വി. കുർബാന മദ്ധ്യേ വായിക്കണം.





രൂപതാദിനത്തോടനുബന്ധിച്ച് ഓരോദിവസവും പ്രാർത്ഥന നടത്താൻ നിശ്ചയിച്ചിരിക്കുന്ന സ്ഥലവും സമയവും

| No | Date | Place |
|---|---|---|
| 1 | 01-10-08 | Anandapuram |
| 2 | 02-10-08 | Ana vatty |
| 3 | 03-10-08 | Bhadravathi |
| 4 | 04-10-08 | Davangere |
| 5 | 05-10-08 | Holehonnur |
| 6 | 06-10-08 | Hossur(Siga) |
| 7 | 07-10-08 | Iduvally |
| 8 | 08-10-08 | Mastikatte |
| 9 | 09-10-08 | Nagavally |
| 10 | 10-10-08 | Ripponpett |
| 11 | 11-10-08 | Sagar |
| 12 | 12-10-08 | Shimoga |
| 13 | 13-10-08 | Unblebylu |
| 14 | 14-10-08 | Agumbe MCBS Bhavan |
| 15 | 15-10-08 | Anandapuram MCBS Bhavan |
| 16 | 16-10-08 | Anavatty MCBS Bhavan |
| 17 | 17-10-08 | Gadikoppa MCBS Bhavan |
| 18 | 18-10-08 | Machinahally MCBS Bhavan |
| 19 | 19-10-08 | Common Prayer Day |
| 20 | 20-10-08 | Padhuva Sadan |
| 21 | 21-10-08 | SH Convents |
| 22 | 22-10-08 | SABS Convents |
| 23 | 23-10-08 | FCC, DSH Convents |
| 24 | 24-10-08 | DSS, LSC Convents |
| 25 | 25-10-08 | Diocesan Day Celebration |

Requesting your kind co-operation,

Msgr. George Njaralakkatt,
Vicar General
Bishop's House of Bhadravathi

## രൂപതാകച്ചേരി വാർത്തകൾ

**വികാരി ജനറാൾ, ചൻസിലർ, ഫിനാൻസ് ഓഫീസർ**

ഭദ്രാവതി രൂപതയുടെ വികാരി ജനറാളായി, മാനന്തവാടി രൂപതയുടെ മുൻ വികാരി ജനറാളും, അഡ്മിനിസ്ട്രേറ്ററുമായിരുന്ന ബഹു. ജോർജ്ജ് ഞരളക്കാട്ടച്ചൻ ജൂൺ 1-നും, രൂപതാ ചൻസിലറും, ഫിനാൻസ് ഓഫീസറുമായി മാനന്തവാടി നോർബർട്ടൈൻ സഭാംഗം ബഹു. ഫ്രാൻസീസ് അള്ളുംപുറത്തച്ചൻ 2008 ജൂലൈ 3-നും ചാർജെടുത്തു.

മെത്രാഭിഷേക കർമ്മങ്ങൾ ഭംഗിയാക്കാൻ അദ്ധ്വാനിക്കുകയും തുടർന്ന് രൂപതയുടെ ആരംഭകാലയളവിൽ ഫിനാൻസ് ഓഫീസറായി സേവനം ചെയ്യുകയും ചെയ്ത റവ. ഫാ. ജോർജ്ജ് വള്ളിക്കാട്ടുകുഴി, ദിവ്യകാരുണ്യ മിഷനറി സഭയുടെ മിഷൻ കൗൺസിലറായി തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന് ഭദ്രാവതി രൂപതയുടെ നന്ദിയും പ്രാർത്ഥനിർഭരമായ അഭിനന്ദനങ്ങളും,

**ആലോചനാ സംഘം**

2007 ഡിസംബർ 22-ന് റവ. ഫാദേഴ്സ് ജോർജ്ജ് വള്ളിക്കാട്ടുകുഴി, ജോസഫ് പൂപ്പിള്ളിൽ, മാത്യു കിഴക്കേമുറി, തോമസ് പട്ടേരി, ജോസഫ് പെരിങ്ങാരപ്പിള്ളിൽ, തോമസ് നടുവിലേക്കുന്നേക്കാട്ട്, തോമസ് കാഞ്ഞിരംപാറയിൽ എന്നിവർ അഭിവന്ദ്യ ജോസഫ് അരുമച്ചാടത്തു പിതാവിനോടൊപ്പം രൂപതാ ആലോചനാ സംഘത്തിൻെറ ആദ്യയോഗം ചേർന്നു. ഇടവക രൂപീകരണത്തെപ്പറ്റിയും, വചനവർഷ ആചരണത്തെപ്പറ്റിയും ചർച്ച ചെയ്തു.

2008 ജൂലൈ 7-ന് ബഹു. വികാരി ജനറാൾ മോൺ. ജോർജ്ജ് ഞരളക്കാട്ട്, രൂപതാ ചാൻസിലറും ഫിനാൻസ് ഓഫീസറുമായ റവ. ഫാ. ഫ്രാൻസീസ് അള്ളുംപുറം എന്നിവരെയും ഉൾപ്പെടുത്തി ആലോചനാസംഘം പുനഃരൂപീകരിച്ചു. തുടർന്ന് ജൂലൈ 31-നും ഒക്ടോബർ 30-നും ആലോചനാസംഘം ചേരുകയുണ്ടായി.

**<u>മറ്റ് ആലോചനാസംഘാംഗങ്ങൾ</u>**: റവ. ഫാദേഴ്സ് ജോസഫ് പൂപ്പിള്ളിൽ, മാത്യു കിഴക്കേമുറി, സഖറിയാസ് ഇലവനാൽ, ജോസഫ് പെരിങ്ങാരപ്പിള്ളിൽ, ജോസ് അന്ത്യാംകുളം, ജോസഫ് മുതുപ്ലാക്കൽ, എം.എസ്.റ്റി, സെബാസ്റ്റ്യൻ ചെന്നക്കാട്ടുകുന്നേൽ.





**ഇടവകകളുടെ സ്ഥാപനം**

ഷിമോഗ, റിപ്പൺപേട്ട് എന്നീ ഇടവകകൾ ഫൊറോനകളായും, ഷിമോഗയുടെ കീഴിൽ ഭദ്രാവതി, ദാവൻഗര, ഹൊളേഹൊന്നൂർ, മാസ്തികട്ട, ഉംബളേബയൽ എന്നിവയും, റിപ്പൺപേട്ടിൻെറ കീഴിൽ, ആനന്ദപുരം, ആനവട്ടി, ഇഡുവള്ളി, ഹൊസ്സൂർ (ഇൻഡുവള്ളി), നാഗവള്ളി, സാഗർ എന്നിവയും ഇടവകകളായും മുൻകാല പ്രാബല്യത്തോടെ സ്ഥാപിക്കുവാൻ തീരുമാനിച്ചു.

രൂപതാ-ഇടവക സ്വത്തുക്കളുടെ വിഭജനത്തിനായി മോൺ. ജോർജ്ജ് ഞരളക്കാട്ട്, റവ. ഫാദേഴ്സ് ജോസഫ് പൂപ്പിള്ളിൽ, ജോർജ്ജ് വള്ളിക്കാട്ടുകുഴി, ഫ്രാൻസീസ് അള്ളുംപുറം എന്നിവരടങ്ങുന്ന കമ്മറ്റിയെ ചുമതലപ്പെടുത്തി.

**രൂപതാ ദിനം**

2008 ഒക്ടോബർ 25-ന് ആദ്യ രൂപതാദിനം സമുചിതമായി ആചരിച്ചു. അഭിവന്ദ്യ ജോസഫ് അരുമച്ചാടത്ത് പിതാവിൻെറ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാന അർപ്പിച്ചു. ഷിമോഗ രൂപതാദ്ധ്യക്ഷൻ റൈറ്റ്. റവ. ഡോ. ജെറാൾഡ് ലോബോ, എം.സി.ബി.എസ് സുപ്പീരിയർജനറൽ വെരി. റവ. ഫാ. ജോസഫ് കിഴക്കേമുറി, സയൺ പ്രൊവിൻഷ്യൽ റവ. ഫാ. അഗസ്റ്റ്യൻ പായിക്കാട്ട്, എമ്മാവൂസ് വൈസ് പ്രൊവിൻഷ്യൽ റവ. ഫാ. ആൻറണി കളപ്പുര, രൂപതയിൽ സേവനം ചെയ്യുന്ന സന്യസ്തരുടെ മേജർ സുപ്പീരിയേഴ്സ് എന്നിവർ വിശിഷ്ടാഥിതികളായിരുന്നു. സന്യാസ സമർപ്പണത്തിൻെറയും വിവാഹജീവിതത്തിൻെറയും ജൂബിലി ആഘോഷിക്കുന്നവരെയും, മതബോധന അദ്ധ്യാപനത്തിൽ 25-ഉം അതിലധികവും വർഷം സേവനം ചെയ്തവരെയും ആദരിച്ചു.

**വൈദികസമ്മേളനം**

2008 ജൂലൈ 19-ന് രൂപതാ അജപാലന പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യാനും വിലയിരുത്തുവാനുമായി വൈദികസമ്മേളനം നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ നമ്മുടെ രൂപതയിൽ വികാരി കുർബാനകൾ താഴെ പറയുന്നവയായി നിശ്ചയിച്ചു. 1) ക്രിസ്തുമസ്സ് 2) ഈസ്റ്റർ 3) മാതാവിൻെറ സ്വർഗ്ഗാരോപണം 4) ദുക്റാന 5) ഇടവക മധ്യസ്ഥൻെറ/മധ്യസ്ഥയുടെ തിരുനാൾ 6) മരിച്ചവരുടെ തിരുനാൾ.

### പാസ്റ്ററൽ കൗൺസിൽ

2008 ആഗസ്റ്റ് 9-ന് രൂപതാ പാസ്റ്ററൽ കൗൺസിലിൻെറ ആദ്യയോഗം ചേർന്നു. അഭിവന്ദ്യ പിതാവ്, ബഹു. വികാരി ജനറാൾ, വൈദിക-സന്യാസ-അൽമായ പ്രതിനിധികൾ എന്നിവർ ദീപം തെളിച്ച് ആരംഭിച്ച യോഗത്തിൽ ബഹു. മാത്യു കിഴക്കേമുറിയച്ചൻ ആമുഖ പ്രാർത്ഥനക്ക് നേതൃത്വം കൊടുത്തു. ബഹു. വികാരി ജനറാൾ മോൺ. ജോർജ്ജ് ഞരളക്കാട്ട് എല്ലാവരെയും സ്വാഗതം ചെയ്തു. അഭിവന്ദ്യ അരുമച്ചാടത്തു പിതാവ് ആമുഖപ്രസംഗം നടത്തി. ബഹു. ജനറാളച്ചൻ പാസ്റ്ററൽ കൗൺസിലിൻെറ ഉദ്ദേശലക്ഷ്യങ്ങൾ, പ്രാധാന്യം എന്നിവയെപ്പറ്റി ക്ലാസ്സെടുത്തു. തുടർന്ന് രൂപതാസംവിധാനങ്ങൾ, രൂപതാദിനാഘോഷം, ദൈവവചനാചരണം, ഇടവകാനവീകരണ പരിപാടികൾ എന്നിവയെപ്പറ്റി ചർച്ച ചെയ്തു. രൂപതാ ചാൻസിലർ ഫാ. ഫ്രാൻസീസ് അള്ളുംപുറം എല്ലാവർക്കും നന്ദി പറഞ്ഞു.

### രൂപതയിൽ നിന്നുള്ള വൈദികരുടെയും സമർപ്പിതരുടെയും യോഗം

രൂപതയിൽ നിന്നും ദൈവവിളി സ്വീകരിച്ച വൈദികരുടെയും സമർപ്പിതരുടെയും യോഗം 2008 ഒക്ടോബർ 24-ന് മാച്ചനഹള്ളി, കരുണാനിലയത്തിൽ വച്ചു നടത്തപ്പെട്ടു.

## Diocesan Perspective Planning

2008 സെപ്റ്റംബർ 9 മുതൽ 12 വരെയും, ഡിസംബർ 3 നും Diocesan Perspective Planning അഭിവന്ദ്യ പിതാവിൻെറ നേതൃത്വത്തിൽ നടത്തപ്പെട്ടു. Caritas-ൻെറ കർണാടക റീജണൽ ഓഫീസർ ശ്രീ. ജിമ്മി മാത്യു, കർണാടക ബിഷപ്സ് കൗൺസിൽ കൺസൾട്ടൻറ് ഫാ. ഫൗസ്റ്റിൻ ലോബോ എന്നിവർ ചർച്ചകൾക്കു നേതൃത്വം നൽകി.

### വികാരി, കൈക്കാരന്മാർ, സെക്രട്ടറിമാരുടെ യോഗം

2008 ഡിസംബർ 16-ന് വികാരിയച്ചന്മാർ, കൈക്കാരന്മാർ, സെക്രട്ടറിമാർ എന്നിവരുടെ യോഗം ബിഷപ്സ് ഹൗസിൽ വച്ചു നടത്തപ്പെട്ടു. കൈക്കാർന്മാർ, കണക്കൻ എന്നിവരുടെ ഉത്തരവാദിത്വം, കടമകൾ എന്നിവയെപ്പറ്റി ബഹു. ജനറാളച്ചനും, കണക്കുകൾ എപ്രകാരം എഴുതണം എന്നതിനെപ്പറ്റി ഓഡിറ്റർ ശ്രീ ജോസഫ് വി.ജി. യും ക്ലാസ്സുകൾ എടുത്തു.

റവ. ഫാ. ഫ്രാൻസീസ് അള്ളുംപുറം
രൂപതാചാൻസിലർ





## Appointments:

| | | |
|---|---|---|
| 1. | Rev. Msgr. George Njaralakatt | : Protosyncellus, Vicar, St. Joseph's Forane Church, Shimoga |
| 2. | Rev. Fr. Francis Allumpurath | : Chancellor, Finance Officer, Judicial Vicar |
| 3. | Rev. Fr. Anthyamkulam Jose | : Vicar, St. Antony's Church, Iduvally; Director, St. Antony's Balabhavan; Director, Diocesan Family Apostolate |
| 4. | Rev. Fr. Chempotickal Francis | : Vicar, St. Alphonsa's Church, Umblebylu; Director, St. Alphonsa's Balabhavan, Umblebylu; Diocesan Director, Holy Childhood |
| 5. | Rev. Fr. Chennakattukunnel Sebastian | : Vicar, Lourde Matha Church, Nagavally; Diocesan Director, Catholic Mothers' Association |
| 6. | Rev. Fr. Elavanal Zacahrias | : Director, Malanad Social Service Society |
| 7. | Rev. Fr. Kalapura Devasia | : Vicar, St. Mary's Church, Holehonnur; Asst. Director, MSSS |
| 8. | Rev. Fr. Kanjiramparayil Thomas | : Diocesan Director, Youth and Renewal Team |
| 9. | Rev. Fr. Kurisummoottil Jackson | : Director, Diocesan Commission for Peace and Justice |
| 10. | Rev. Fr. Mammottil Emmanuel | : Vicar, St. Joseph's Church, Davangere; Diocesan Director, Cherupushpa Mission League |
| 11. | Rev. Fr. Maniyampara Joseph | : Vicar, St. Peter's Church & Director, Navajyothi Boys Hostel, Masthikatte |

12.Rev. Fr. Muthuplakkal Joseph : Vicar, Good Shepherd Forane Church, Ripponpet

13.Rev. Fr. Naduvilekunnekkattu Thomas : Director, Diocesan Commission for Basic Christian Community

14.Rev. Fr. Orapuzhackal Michael : Vicar, Infant Jesus Church, Moolekatte, Bhadravathi.

15.Rev. Fr. Pallath Thomas : Vicar, St. Thomas Church & Director, St. Alfred's Old Age Home, Sagar

16.Rev. Fr. Peringarappilly Jose : Vicar, Kristuraja Church, Anavatty; Director, Diocesan Commission for Ecumenism and Dialogue

17.Rev. Fr. Podipara Varghese : Diocesan Director, Catechism and Bible Apostolate

18.Rev. Fr. Thekkekuttu Alex : Vicar, Sacred Heart Church, Hossur (Induvally)

19.Rev. Fr. Thekkumpuram Joseph : Director, Diocesan Commission for Education

20.Rev. Fr. Thurackal George : Vicar, Sacred Heart Church, Mallandur, Anandapuram.

21.Rev. Fr. Ullattil Antony : Assistant Vicar, Good Shepherd Forane Church, Ripponpet, Diocesan Vocation Promoter.

22. Rev. Fr. Kunnumpuram Job : Higher Studies (Canon Law), Rome.

23. Rev. Fr. Vettiyolil George : Language Study in Pune.

Rev. Msgr. George Njaralakatt
Protosyncellus





## മതബോധനം, ബൈബിൾപ്രേഷിതത്വം

**കോർ ടീം അംഗങ്ങൾ:**

റവ. ഫാ. വർഗീസ്സ് പൊടിപാറ
റവ. ഫാ. ജാക്സൺ കുരിശുമ്മൂട്ടിൽ
റവ. സി. ലിസ മറ്റം, എസ്. എച്ച്.
റവ. സി. ഫാത്തിമ, എസ്.എ.ബി.എസ്.
റവ. സി. റീമാ എഫ്.സി.സി.
ശ്രീ. ഡേവീസ് തരകൻ
ശ്രീമതി. ട്രീസ കൂള

2008 ഏറെ അനുഗ്രഹങ്ങളുടെ വർഷമായിരുന്നു. ദൈവത്തിൻെറ കൃപകളും, വി. യൗസേപ്പിതാവിൻെറയും, വി. അൽഫോൻസാമ്മയുടെയും മാദ്ധ്യസ്ഥതയും എല്ലാത്തിലും വഴികാട്ടിയായി. നിർദ്ദേശങ്ങളും പ്രോത്സാഹനവും നൽകി സഹായിച്ച അഭിവന്ദ്യ പിതാവിനും, വികാരി ജനറാൾ അച്ചനും, ചാൻസിലറച്ചനും നന്ദി.

**കോർ ടീം ട്രെയിനിംഗ്**

കർണാടക സംസ്ഥാന കോർഡിനേറ്റർ റവ. ഫാ. ഫൗസ്റ്റിൻ ലോബോ സംഘടിപ്പിച്ച മൂന്നു പരിശീലന പരിപാടികളിൽ കോർ ടീം പങ്കെടുത്തു. മറ്റു രൂപതാ മതബോധന ടീമുമായുള്ള പങ്കുവെക്കൽ ഏറെ കാര്യങ്ങൾ പഠിക്കുവാൻ ഞങ്ങൾക്ക് അവസരം നൽകി.

### ദൈവവചനവർഷം, പൗളിൻ വർഷം

**ഡമാസ്കസ് എക്സ്പീരിയൻസ്**

ഏറെ ഒരുക്കത്തോടും പ്രാത്ഥനയോടും കൂടി ആരംഭിച്ച "ഡമാസ്കസ് എക്സ്പീരിയൻസ്" വളരെ വിജയമായിരുന്നു. അതിൻെറ ഒരുക്കം നടത്തിയതിൻെറ വിവരങ്ങളും താഴെ ചേർക്കുന്നു.

**Preparation:**

| Date, Time & Venue | Participants |
|---|---|
| 5th July 5.30 PM<br>Bishop's House | Mar Joseph Arumachadath,<br>Very Rev. Msgr. George Njaralakatt<br>Diocesan Bible & Catechism Team |

| | |
|---|---|
| 12th July7.00 PM<br>to 13th 4.00 PM<br>Machanahally | Mar Joseph Arumachadath,<br>Very Rev. Msgr. George Njaralakatt,<br>Diocesan Bible & Catechism Team,<br>Catechism Head Masters |
| 9th August 5.30 PM<br>Bishop's House | Resource Persons & Core Team |
| 16th August 5.30 PM<br>Bishop's House | Resource Persons & Core Team |
| 31st August 8.00 PM<br>Bhadravathi | Resource Persons & Core Team<br>& Parishioners |

| **Date, Time & Parish** | **Team** |
|---|---|
| Sep 14th, 9.00 – 2.00<br>Iduvally | Fr. Varghese Podipara<br>Fr. Jackson Kusrisummoottil |
| Sep 28th, 9.00 – 2.00<br>Sagar & Ripponpett | Fr. Jaison Kanjiramparayil<br>Fr. Jogin Thekkumpuram |
| Oct 12th, 9.00 – 2.00<br>Masthikatte & Davangere | Fr. Job Kunnumpram<br>Sr. Lissa Mattam |
| Oct 26th, 9.00 – 2.00<br>Nagavally & Koppam | Sr. Reema FCC<br>Sr. Fathima SABS |
| Nov 2nd, 9.00 – 2.00<br>Anandapuram & Holehonnur | Mr. Davis Tharakan<br>Mrs.Treesa Koola |
| Nov 16th, 9.00 – 2.00<br>Anavatty & Shimoga | Mr. Davis Tharakan<br>Mrs.Treesa Koola<br>Fr. Jaison Kanjiramparayil |





**Time Table:**

| | | |
|---|---|---|
| 09.00 - 10.30 | : | Eucharistic Celebration |
| 10.45 - 11.45 | : | First Talk |
| 12.00 - 01.00 | : | Second Talk |
| 01.05 - 02.00 | : | Third Talk |

**Team:**

| 1st | 2nd | 3rd |
|---|---|---|
| Fr. Varghese P | Fr. Jackson K | Fr. Jogin T |
| Mr. Davis T | Fr. Jaison Thomas | Fr. Job K |
| Sr. Fathima, SABS | Sr. Reema FCC | Mr. Davis T |
| Sr. Lissa, SH | Mrs. Treesa Koola | Sr. Reema, FCC |

പ്രത്യേകമായി ഫാ. ജെയ്സൺ കാഞ്ഞിരംപാറക്കും, ഫാ. ജോഗിൻ തെക്കുംപുറത്തിനും, അവർ നൽകിയ സഹായസഹകരണങ്ങൾക്ക് നന്ദി പറയുന്നു.

**മതബോധനം**

**മതാദ്ധ്യാപക പരിശീലനം**

മെയ്, ഒക്ടോബർ മാസങ്ങളിലായി രണ്ടു പ്രോഗ്രാമുകൾ നടത്തി. പ്രഗൽഭരായ വ്യക്തികളെ ക്ലാസ്സുകൾക്കായി ലഭിച്ചു. മോൺ. ജോർജ്ജ് ഞരളക്കാട്ട്, റവ. ഫാ. ആൻറണി നരികുളം, റവ. ഫാ. ജോസഫ് മുതിരക്കാല എന്നിവർക്ക് പ്രത്യേക നന്ദി.

**ആത്മീയ ശിബിര**

മതബോധന കുട്ടികൾക്കായി ഒക്ടോബറിൽ നടത്തിയ ആത്മീയ ശിബിരയിൽ കുട്ടികൾ ഏറെ ഉത്സാഹത്തോടും, തീക്ഷ്ണതയോടും കൂടെ പങ്കെടുത്തു. പ്രാർത്ഥിച്ചും, പങ്കുവച്ചും, തങ്ങളുടെ കഴിവുകൾ പ്രകടിപ്പിച്ചും അവർ ദിവസങ്ങൾ ചിലവഴിച്ചു.

**ടീം സന്ദർശനം**

ഇടവകകളിലെ മതബോധന പരിപാടികൾ വിലയിരുത്തുവാനും, ആവശ്യമായ പ്രോത്സാഹനവും, തിരുത്തലുകളും നൽകുവാനുമായി താഴെ പറയുന്ന ക്രമത്തിൽ, മതബോധന ടീമംഗങ്ങൾ ഇടവകകളിൽ സന്ദർശനം നടത്തി.

November 9 : Sunday

| | | |
|---|---|---|
| Iduvally | : | Sr. Reema F.C.C |
| Ripponpett | : | Sr. Liza S.H |
| Masthikatte | : | Sr. Fathima S.A.B.S |

November 22 : Sunday

| | | |
|---|---|---|
| Induvally | : | Mrs. Treesa Koola |
| Sagar | : | Mr. Davis |
| Bhadravathi | : | Sr. Liza S.H |
| Davangere | : | Fr. Jackson |

November 30 : Sunday

| | | |
|---|---|---|
| Umblebylu | : | Fr. Podipara |
| Anandapuram | : | Sr. Reema F.C.C |

December 7 : Sunday

| | | |
|---|---|---|
| Shimoga | : | Sr. Fathima S.A.B.S |
| Nagavalli | : | Fr. Podipara |
| Anavatti | : | Mr. Davis |

**ക്രിസ്മസ് സ്പെഷ്യൽ**

ക്രിസ്മസിൻെറ സന്ദേശം പങ്കുവെക്കാൻ അവസരമൊരുക്കി മതാദ്ധ്യാപകർക്കും കുട്ടികൾക്കുമായി രണ്ടു പരിപാടികൾ നടത്തുകയുണ്ടായി.

1) **കരോൾഗാന മത്സരം** – എല്ലാ മതബോധന വിദ്യാർത്ഥികൾക്കും.

**സമ്മാനാർഹരായവർ:**

എവർ റോളിംഗ് ട്രോഫി & ഒന്നാം സമ്മാനം (രൂ. 2001/–):
സെൻറ്. പീറ്റേഴ്സ്, മാസ്തിക്കട്ട

രണ്ടാം സമ്മാനം (രൂ. 1501/–):
സെൻറ്. മേരീസ്, ഹൊളേഹൊന്നൂർ

മൂന്നാം സമ്മാനം (രൂ. 1001/–):
ഗുഡ് ഷെപ്പേർഡ് ഫൊറോന, റിപ്പൺപേട്ട്

പ്രോത്സാഹന സമ്മാനം: പങ്കെടുത്ത എല്ലാഗ്രൂപ്പിനും





2). **ഉപന്യാസ രചനാമത്സരം** – എല്ലാ മതാദ്ധ്യാപകർക്കും (രണ്ടു ഗ്രൂപ്പായി - ബഹു. സിസ്റ്റേഴ്സും ബ്രദേഴ്സും ഒരു ഗ്രൂപ്പ്; മറ്റു മതാദ്ധ്യാപകർ ഒരു ഗ്രൂപ്പ്).

വിഷയം: പൗലോസ് ആദിമസഭയുടെ പ്രേഷിതൻ (1500 മുതൽ 2000 വരെ വാക്കുകളിൽ). സമർപ്പിക്കേണ്ട അവസാന തിയതി: ജനുവരി 20.
സമ്മാനങ്ങൾ: ഒന്നും, രണ്ടും, പ്രോത്സാഹന സമ്മാനങ്ങളും.

റവ. ഫാ. വർഗീസ് പൊടിപാറ
രൂപതാ മതബോധന ഡിറക്ടർ

## കുടുംബപ്രേഷിതത്വം

ഭദ്രാവതി രൂപതയിലെ എല്ലാ കുടുംബങ്ങളും നസ്രത്തിലെ തിരുകുടുംബം പോലെ ശാന്തിയും സമാധാനവും അനുഭവിക്കുന്ന, സ്നേഹത്തിൽ ഒന്നാകുന്ന കുടുംബങ്ങളായി മാറണം എന്ന ആഗ്രഹത്തോടെ കുടുംബപ്രേഷിതത്വ വിഭാഗം അതിൻെറ പ്രവർത്തനങ്ങൾ രൂപതയിൽ ഏകോപിപ്പിക്കുന്നു.

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

2008 ആഗസ്റ്റ് 9,10,11 തിയതികളിൽ മാച്ചിനഹള്ളി കരുണാനിലയത്തിൽ വച്ച് നടത്തപ്പെട്ട വിവാഹത്തിനൊരുക്കമായുള്ള കോഴ്സിൽ 30 പേർ പങ്കെടുത്തു. അഭിവന്ദ്യ മാർ ജോസഫ് അരുമച്ചാടത്തു പിതാവ് സെമിനാർ ഉദ്ഘാടനം ചെയ്തു. ക്ലാസ്സുകൾ എടുത്ത മാനന്തവാടി രൂപതാ കുടുംബപ്രേഷിതത്വ ഡിറക്ടർ റവ. ഫാ. മാത്യു മാടപ്പിള്ളിക്കുന്നേലച്ചനും ടീമംഗങ്ങൾക്കും നന്ദി. രൂപതാ വികാരി ജനറൽ മോൺ. ഞരളക്കാട്ടും ക്ലാസ്സുകൾ എടുത്തു. കോഴ്സിൽ പങ്കെടുത്തവർക്ക് അഭിവന്ദ്യ പിതാവ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

**<u>മാതൃവേദി, പിതൃവേദി</u>** എന്നിവയുടെ രൂപീകരണം എല്ലാ ഇടവകകളിലും നടന്നു വരുന്നു.
ഇടവകാതലത്തിൽ വാർഡുപ്രാർത്ഥനകൾ സജീവമാക്കാനുള്ള പരിശ്രമങ്ങളും, ജീവന്റെ മൂല്യത്തെപ്പറ്റി ബോധ്യമുളവാക്കാൻ ഭ്രൂണഹത്യയെപ്പറ്റി ചർച്ചകളും സെമിനാറുകളും നടത്തപ്പെട്ടു.

**<u>2009-ലെ കർമ്മപരിപാടികൾ</u>**

| | | |
|---|---|---|
| ജനുവരി 24, 25 | : | ദമ്പതി കൂട്ടായ്മ (സാഗർ) |
| ഫെബ്രുവരി 27,28 | : | ദമ്പതി കൂട്ടായ്മ (മാച്ചിനഹള്ളി) |
| മാർച്ച് 13,14,15 | : | വിവാഹത്തിനൊരുക്കമായുള്ള കോഴ്സ് (മാച്ചിനഹള്ളി) |
| ഏപ്രിൽ 24,25 | : | ഏകസ്ഥരുടെ കൂട്ടായ്മ (മാച്ചിനഹള്ളി) |
| മെയ് 16,17 | : | വിധവാ സംഗമം |
| ജൂൺ 20,21 | : | വിവാഹത്തിനൊരുക്കമായുള്ള കോഴ്സ് (കന്നഡ) |
| നവംബർ 20,21,22 | : | വിവാഹത്തിനൊരുക്കമായുള്ള കോഴ്സ് |

റവ. ഫാ. ജോസ് അന്ത്യാകുളം
ഡിറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്, ഭദ്രാവതി രൂപത

നമ്മുടെ രൂപതയിലെ റിപ്പൺപേട്ട് ഫൊറോനയിൽ സ്തുത്യർഹമായ സേവനം ചെയ്ത് അവിടെ പുതുതായി കൂദാശ ചെയ്ത മനോഹരമായ ദേവാലയത്തിന്റെ നിർമ്മാണത്തിൽ നിർണ്ണായക പങ്കു വഹിച്ച ബഹു. തോമസ് പട്ടേരിയച്ചൻ എം.സി.ബി.എസ്. സയൺ പ്രൊവിൻസിന്റെ അസിസ്റ്റൻറ് പ്രൊവിൻഷ്യളായി തിരഞ്ഞെടുക്കപ്പെട്ട് സ്ഥലം മാറിയിരിക്കുന്നു. അച്ചന് ഭദ്രാവതി രൂപതയുടെ ആശംസകളും പ്രാർത്ഥനകളും.





## യുവജന പ്രേഷിതത്വം

ടീമംഗങ്ങൾ:

ഫാ. ജെയ്സൺ തോമസ്
ഫാ. അലക്സ് തെക്കേക്കുറ്റ്
സി. ലിസ എസ്.എ.ബി.എസ്.
സി. ലിസ എസ്.എച്ച്.
സി. പാവന എസ്.എച്ച്.

2008 ജൂലൈ 19-ന് ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ പിതാവ് മാർ ജോസഫ് അരുമച്ചാടത്ത്, വികാരി ജനറാൾ മോൺ. ജോർജ്ജ് ഞരളക്കാട്ട്, ചാൻസിലർ റവ. ഫാ. ഫ്രാൻസീസ് അള്ളുംപുറം എന്നിവരോടൊത്ത് പ്രവർത്തന പരിപാടികൾ പ്ലാൻ ചെയ്യുന്നതിനായി ചേർന്ന യോഗം രൂപതയിലെ യുവജനങ്ങളുടെ കണക്കു ശേഖരിക്കുന്നതിനും, നിലവിൽ രൂപതയിൽ സജീവമായി പ്രവർത്തിക്കുന്ന ജീസ്സസ് യൂത്തുമായി ഒന്നു ചേർന്ന് നമ്മുടെ യുവജന പ്രസ്ഥാനം മുൻപോട്ടു കൊണ്ടുപോകുവാനും തീരുമാനിച്ചു.

ജോലിക്കും, പഠനത്തിനുമായി നമ്മുടെ 60% യുവജനങ്ങൾ മറ്റു പട്ടണങ്ങളിലേക്കു പോയിരിക്കുന്നതിനാൽ അവർ ഇവിടെ എണ്ണത്തിൽ കുറവാണ്. എന്നാൽ ഷിമോഗയിലും, ദാവൻഗരയിലുമായി നേഴ്സിങ് പഠനം നടത്തുന്ന 750-ഓളം യുവതീയുവാക്കൾ രൂപതക്ക് അനുഗ്രഹമാണ്.

ജൂലൈ 13-ന് ഷിമോഗയിൽ, ഗാഡികൊപ്പ സാൻതോം സ്കൂളിൽ വച്ചു നടത്തപ്പെട്ട ഏകദിന പരിപാടിയിൽ 420 യുവജനങ്ങൾ പങ്കെടുത്തു.

ഒക്ടോബർ 12-ന് ഫാ. ജെയ്സൺ റിപ്പൺപേട്ട് ഫൊറോനയിൽ യുവജനങ്ങളെ സന്ദർശിച്ച് ചർച്ച നടത്തുകയും യൂണിറ്റിനു രൂപം കൊടുക്കുകയും ചെയ്തു.

ഷിമോഗ സെൻറ്. ജോസഫ്സ് ഫൊറോനാ ദേവാലയത്തിൽ യുവജനങ്ങൾ എല്ലാ ഞായറാഴ്ചയും രാവിലെ 7.30-ന്റെ കുർബാനക്കു ശേഷം പള്ളിയിൽ ഒന്നു ചേർന്ന് പ്രാർത്ഥന നടത്തുന്നു.

സെപ്റ്റംബർ മാസത്തിൽ എറണാകുളം റിന്യൂവൽ സെൻററിൽ നടത്തപ്പെട്ട ജീസസ്സ് യൂത്ത് മീറ്റിംഗിൽ ഫാ. ജെയ്സൺ, സി. ലിസ

എസ്.എ.ബി.എസ്, സി. ലിസ എസ്.എച്ച്, സി. പാവന എസ്.എച്ച് എന്നിവർ പങ്കെടുത്തു.

സെപ്റ്റംബർ 13, 14 തിയതികളിൽ ബാംഗളൂരിൽ നടത്തപ്പെട്ട കർണ്ണാടക യൂത്ത് പ്ലാനിംഗിൽ ഫാ. ജെയിസണും, സി. പാവന എസ്.എച്ചും, നവംബർ 19-ന് യൂത്ത് ഡിറക്ടേഴ്സിനായി ബാംഗളൂരിൽ നടന്ന യോഗത്തിൽ ഫാ. ജെയ്സണും പങ്കെടുത്തു.

ഡിസംബർ 7-ന് ഹൊസ്സൂർ (ഇണ്ടുവള്ളി) ഇടവകയിലെ യുവജനങ്ങൾക്ക് ഫാ. ജെയിസൺ ക്ലാസ്സെടുത്തു.

റവ. ഫാ. ജെയിസൺ തോമസ്
യൂത്ത് ഡിറക്ടർ, ഭദ്രാവതി രൂപത

## സാമൂഹ്യപ്രവർത്തനം (മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി)

ഷിമോഗ ജില്ലയുടെ വിവിധ ഭാഗങ്ങളിലെ 16 മിഷൻ സെൻററുകളിൽ എം.സി.ബി.എസ്. ഷിമോഗ മിഷൻെറ ആഭിമുഖ്യത്തിൽ 1979 മുതൽ തന്നെ സാമൂഹ്യപ്രവർത്തനങ്ങളും ആരംഭിച്ചിരുന്നു. "ശാന്തിനികേതൻ ചാരിറ്റബിൾ സൊസൈറ്റി"യുടെ ബാനറിൽ വിദ്യാഭ്യാസം, സാക്ഷരത, ആരോഗ്യം, ശിശുക്ഷേമം, കൃഷിവികസനം, ഗ്രാമവികസനം തുടങ്ങിയ മേഖലകളിൽ അനേകം പദ്ധതികൾ ആരംഭിക്കുകയും മുന്നൂറിലേറെ ഗ്രാമങ്ങളിൽ ജനങ്ങളുടെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കുവാൻ മുൻകൈ എടുക്കുകയും ചെയ്തു.

2007-ൽ ഭദ്രാവതി രൂപത നിലവിൽ വന്നതോടെ രൂപതയുടെ അജപാലന പ്രേഷിത പ്രവർത്തനങ്ങൾക്ക് ഒരു ഏകീകൃതഭാവം





കൈവന്നു. രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് അരുമച്ചാടത്തിൻെറ നേതൃത്വത്തിൽ ചേർന്ന യോഗം രൂപതയുടെ സാമൂഹ്യ പ്രവർത്തനങ്ങൾ "മലനാട് സോഷ്യൽ സർവീസ് സൊസൈറ്റി"യുടെ കീഴിൽ ഏകീഭവിപ്പിക്കാൻ തീരുമാനിച്ചു. ഫാ. സക്കറിയാസ് ഇലവനാൽ എം.സി.ബി.എസ്. സാമൂഹ്യപ്രവർത്തന ഡിറക്ടറായി 2008 ജൂലൈയിൽ ചുമതലയേറ്റു. തുടർന്ന് Caritas India, CHAI എന്നീ സംഘടനകളുമായി ചേർന്ന് മുമ്പോട്ടുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു തുടങ്ങി.

2008 സെപ്റ്റംബർ 9 മുതൽ 12 വരെ ഡൽഹിയിൽ ചേർന്ന Caritas India - യുടെ കേന്ദ്രതല മീറ്റിംഗിൽ ഫാ. സക്കറിയാസ് ഇലവനാൽ പങ്കെടുത്തു. ഇതേ സമയം സെപ്റ്റംബർ 9,10 തിയതികളിൽ ഷിമോഗയിൽ, ഭദ്രാവതി ബിഷപ്സ് ഹൗസിൽവച്ച് ഭാവി പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കുവാൻ വേണ്ടി പ്രത്യേക കാര്യശാല (Diocesan Perspective Planning) നടത്തപ്പെട്ടു. പ്രസ്തുത പരിപാടിയിൽ Caritas-ൻെറ കർണാടക റീജണൽ ഓഫീസർ ശ്രീ. ജിമ്മി മാത്യു, കർണാടക ബിഷപ്സ് കൗൺസിലിൽ കൺസൾട്ടൻറ് ഫാ. ഫൗസ്റ്റിൻ ലോബോ എന്നിവർ ചർച്ച നയിച്ചു. ഷിമോഗാ രൂപതാദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. ജെറാൾഡ് ലോബോ മുഖ്യ അതിഥിയായും പങ്കെടുത്തു.

ഭദ്രാവതി രൂപതാക്ഷ്യൻ, വികാരി ജനറാൾ, രൂപതാചാൻസിലർ, എം.സി.ബി.എസ് മിഷൻ സുപ്പീരിയർ, എല്ലാ സെൻററുകളിലെയും അച്ചന്മാർ, സിസ്റ്റേഴ്സ്, കോർഡിനേറ്റർമാർ തുടങ്ങി 40 പേർ പങ്കെടുത്ത കാര്യശാലയിൽ രൂപതാ സാമൂഹ്യപ്രവർത്തന വിഭാഗത്തിൻെറ ദർശനം, ഉദ്ദേശ്യലക്ഷ്യങ്ങൾ, മുഖ്യ പ്രവർത്തനമേഖലകൾ ഇവയെക്കുറിച്ച് സമഗ്രമായി ചർച്ചനടത്തി ഭാവി രൂപരേഖ തയ്യാറാക്കുവാനുള്ള അഭിപ്രായ സമന്വയം ഉണ്ടായി. മുമ്പോട്ട് ഏറ്റെടുത്തു നടത്തുവാനുള്ള പ്രോജക്ടുകളെ സംബന്ധിച്ച് തീരുമാനിക്കാൻ രൂപതാദ്ധ്യക്ഷൻെറ നേതൃത്വത്തിൽ 9 അംഗ ഉപസമിതിയെ തിരഞ്ഞെടുത്തു. തുടർന്ന് 2008 നവംബർ 6,7 തിയതികളിൽ ഉപസമിതി ചേർന്ന് വിദ്യാഭ്യാസം, ആരോഗ്യം, കൃഷിവികസനം അഥവാ ഉപജീവനം എന്നീ മേഖലകളിലായിരിക്കണം പ്രധാന പ്രോജക്ടുകൾ ആരംഭിക്കേണ്ടത് എന്ന

ധാരണയിലെത്തുകയും കരടു രൂപരേഖകൾ തയ്യാറാക്കി Caritas-ന് സമർപ്പിക്കുകയും ചെയ്തു.

2008 ഡിസംബർ 3-ാം തിയതി കൂടിയ Diocesan Perspective Planning Committee-യുടെ മീറ്റിംഗിൽ Caritas പ്രതിനിധികളും, രൂപതാദ്ധ്യക്ഷനും, മറ്റുസമിതിയംഗങ്ങളും ചേർന്ന് മുൻഗണനാക്രമത്തിൽ താഴെ ചേർക്കുന്ന പദ്ധതികൾ തയാറാക്കുവാൻ തീരുമാനം എടുത്തു.

1) വിദ്യാഭ്യാസം
2) ആരോഗ്യം
3) പ്രകൃതി വിഭവങ്ങൾ, കൃഷി, തൊഴിൽ പരിശീലനം ഇവ മുഖേന ഉപജീവനവികസനം.

ഇവക്കു പുറമേ സ്ത്രീ-പുരുഷ സമത്വം കൈവരുവാൻ ഉതകുന്ന രീതിയിൽ ഉള്ള പ്രവർത്തനങ്ങൾ എല്ലാ പ്രോജക്ടിലും പൊതുവായി ഉൾപ്പെടുത്തണം എന്നു തീരുമാനിച്ചു.

ഷിമോഗ-സാഗർ റോഡിൽ ബിഷപ്പ്സ് ഹൗസിനോടു ചേർന്ന് MSSS -ന്റെ ഓഫീസ് പ്രവർത്തനം ആരംഭിച്ചു. പ്രോജക്ട് മാനേജരായി ശ്രീ ജേക്കബ് മാത്യു 2009 ജനുവരി ഒന്നു മുതൽ ചാർജെടുക്കുന്നു. CHAI -യുമായി ചേർന്ന് ആരോഗ്യമേഖലയിലെ പ്രവർത്തകർക്കായി ഒരു പരിശീലന ക്ലാസ്സും, സ്വാശ്രയസംഘാംഗങ്ങളെ മെച്ചപ്പെടുത്തുവാനും, പുനഃസംഘടിപ്പിക്കുവാനുമായി 3 ദിവസത്തെ കാര്യശാലയും 2009 ജനുവരി മാസത്തിൽ നടത്തപ്പെടും. ഗവണ്മെന്റിന്റെ പങ്കാളിത്തത്തോടെ HIV/AIDS രോഗികൾക്കായി ഒരു Community Care Centre ഭദ്രാവതി കേന്ദ്രമാക്കി തുടങ്ങുവാനുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചിട്ടുണ്ട്.

റവ. ഫാ. സക്കറിയാസ് ഇലവനാൽ
ഡിറക്ടർ, മലനാട് സോഷ്യൽ സർവീസ് സൊസൈറ്റി





# രൂപതാ വിദ്യാഭ്യാസകമ്മിറ്റി

"സർവ്വ ജ്ഞാനവും കർത്താവിൽനിന്ന് വരുന്നു. അത് എന്നേയ്ക്കും അവിടുത്തോടുകൂടിയാണ്........തന്റെ സൃഷ്ടികളിലെല്ലാം അവിടുന്ന് ജ്ഞാനത്തെ പകർന്നു." (പ്രഭാ. 1:1-9)

**കമ്മിറ്റി അംഗങ്ങൾ**

ഫാ. ജോഗിൻ തെക്കുമ്പുറം
ഫാ. വർഗ്ഗീസ് പൊടിപ്പാറ
സി. എത്സിലിറ്റ് എസ്. എച്ച്.
സി. ഗ്രേസ്ലിൻ എസ്. എ. ബി. എസ്.

രൂപതയുടെ വിദ്യാഭ്യാസ കമ്മിറ്റിയുടെ ഭാരവാഹികൾ അഭിവന്ദ്യ പിതാവിനും പെരിയ ബഹു. വികാരി ജനറാളച്ചനും, ബഹു. ചാൻസലറച്ചനുമൊപ്പം സമ്മേളിച്ച് രൂപതയുടെ വിദ്യാഭ്യാസനയത്തെക്കുറിച്ച് ചർച്ച ചെയ്തു.

**മുഖ്യചർച്ചാവിഷയങ്ങൾ:**

1. നമ്മുടെ സ്ക്കൂളുകളിൽ പഠിപ്പിക്കുന്ന എല്ലാ അദ്ധ്യാപകരുടെയും ഒരു സമ്മേളനം
2. കരിയർ ഗയിഡൻസ്
3. എല്ലാ സ്ക്കൂളുകൾക്കും മൈനോറിറ്റി സർട്ടിഫിക്കറ്റ്
4. പാവപ്പെട്ട ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സ്കൂളിൽ സൗജന്യ വിദ്യാഭ്യാസം
5. രൂപതയ്ക്ക് ഒരു പൊതു വിദ്യാഭ്യാസനയം

എല്ലാ പ്രിൻസിപ്പാൾമാരുടെയും മാനേജർമാരുടെയും കോർ ടീം അംഗങ്ങളുടെയും ഒരു മീറ്റിംഗ് ഒക്ടോബർ മാസത്തിൽ വിളിച്ചുകൂട്ടാൻ തീരുമാനിച്ചു. ഷിമോഗ, മാനന്തവാടി ബൽത്തങ്ങാടി രൂപതകളിലെ വിദ്യാഭ്യാസനയം പഠിച്ച് നമ്മുടെ രൂപതയുടെ പൊതു വിദ്യാഭ്യാസനയരൂപീകരണത്തിനായി ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ ഫാ. ജോഗിൻ തെക്കുമ്പുറം എം. സി. ബി. എസ്., സി. ഗ്രേസ്ലിൻ എസ്. എ. ബി. എസ്., സി. ട്രീസ എസ്. എച്ച്., സി. ശുഭ സി. എം. സി., ശ്രീ. ആൻറണി എന്നിവരെ ചുമതലപ്പെടുത്തുകയും ചെയ്തു.

രൂപതാ വിദ്യാഭ്യാസകമ്മിറ്റിക്കുവേണ്ടി,
റവ. ഫാ. ജോഗിൻ തെക്കുംപുറം

# Justice and Peace Commission

"കർത്താവിൻെറ ആത്മാവ് എൻെറ മേൽ ഉണ്ട്, ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ച്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു." (ലൂക്ക 4:18)

നീതിയുടെയും സമാധാനത്തിൻെറയും അവതാരമായ ഈശോമിശിഹായുടെ ദൗത്യത്തിൽ പങ്കുകാരാകാനുള്ള എളിയശ്രമങ്ങളിൽ ഭദ്രാവതി രൂപതയും ബദ്ധശ്രദ്ധ ചെലുത്തുന്നു എന്നതിൻെറ സൂചനയാണ് രണ്ട് വൈദികരും രണ്ട് കന്യാസ്ത്രീകളും, രണ്ട് അത്മായരും അടങ്ങുന്ന Justice and Peace Commission. കർണ്ണാടകസംസ്ഥാനത്തെ Justice and Peace Commission-ൻെറ Workshop ഓഗസ്റ്റ് 24-ന് ബാംഗ്ലൂർ NBCLC-ൽ വച്ച് സംഘടിപ്പിക്കുകയുണ്ടായി. അതിൽ രൂപതാകമ്മീഷൻ അംഗങ്ങളായ ആയ ഫാ. ജാക്സൺ കുരിശുമ്മൂട്ടിൽ, ഫാ. ജിബി ഒരപ്പുഴിക്കൽ, സി. ലിസി, ശ്രീമതി ബ്രിജിത്ത് തോമസ്, ശ്രീ. ബിൻ എന്നിവർ പങ്കെടുത്തു. ഫാ. ഫൗസ്റ്റിൻ ലോബോ ചർച്ചകൾക്ക് നേതൃത്വം നൽകി. Commission അദ്ധ്യക്ഷനായിരുന്ന കാർവാർ ബിഷപ്പിൻെറ സാന്നിദ്ധ്യം ദിവസത്തിൻെറ പ്രാധാന്യം വർദ്ധിപ്പിച്ചു.

പ്രധാനമായും കർണ്ണാടകയിലെ ഭൂമിയില്ലാത്ത ജനങ്ങളുടെ അവസ്ഥയിലേയ്ക്കാണ് ചർച്ചകൾ വിരൽ ചൂണ്ടിയത്. 2 വർഷത്തിനുള്ളിൽ ഓരോ രൂപതയിലെയും ഭൂമിയില്ലാത്തവരിൽ 20% പേർക്കെങ്കിലും ഭൂമി നേടിക്കൊടുക്കാൻ വേണ്ടുന്ന മാർഗ്ഗങ്ങളെപ്പറ്റി കർമ്മപദ്ധതി തയ്യാറാക്കി. ന്യായവിലഷോപ്പുകളിലെ അന്യായവില പരിഹരിക്കാനുള്ള കർമ്മപദ്ധതി, സർക്കാരിൽ നിന്നും ലഭിക്കേണ്ട അവകാശങ്ങൾ അർഹരായവരിൽ എത്തിക്കാനുള്ള കർമ്മപദ്ധതി എന്നിവ തയ്യാറാക്കി. തുടർ നടപടികൾ ത്വരിതഗതിയിലാക്കാൻ ഒരു കോർകമ്മറ്റിയെ നിശ്ചയിച്ചു.

Justice and Peace Commission-ന് വേണ്ടി,

റവ. ഫാ. ജാക്സൺ കുരിശുമ്മൂട്ടിൽ.





## COLLECTIONS: 2008

| | St. Thomas | Peters' Pence | Orisssa Fund | Mission Sunday |
|---|---|---|---|---|
| 1. Anandapuram, Sacred Heart Church | 300.00 | 335.00 | 450.00 | 3,380.00 |
| 2. Anavatty, Kristuraj Church | 350.00 | 150.00 | 2,215.00 | 985.00 |
| 3. Bhadravathi, Infant Jesus Church | 625.00 | 388.00 | 523.00 | 4,563.00 |
| 4. Bhatkal, Little Flower Church | | | 400.00 | 200.00 |
| 5. Davangere, St. Joseph's Church | 750.00 | 1,300.00 | 6,950.00 | 5,080.00 |
| 6. Holehonnur, St. Mary's Church | 150.00 | 150.00 | 150.00 | 760.00 |
| 7. Hossur (Induvally), Sacred Heart Church | | | 3,600.00 | 8,000.00 |
| 8. Iduvally, St. Antony's Church | 500.00 | 1,500.00 | 3,000.00 | 5,000.00 |
| 9. Joga, St. Mary's Church | | | ....... | 500.00 |
| 10.Jedikatte, Karunanilaya | | | 1,001.00 | .......... |
| 11.Kargal, Holy Spirit Church | | | ......... | 715.00 |
| 12.Nagavally, Lourde Matha Church | 500.00 | 500.00 | ........ | 1,000.00 |
| 13.Ripponpett, Good Shepherd Church | 2,300.00 | 2,000.00 | ......... | .......... |
| 14.Masthikatte, St. Peter's Church | 100.00 | 304.00 | 1,100.00 | 1,000.00 |
| 15.Sagar, St.Thomas Church | 715.00 | 605.00 | 2,920.00 | 7,025.00 |
| 16.Shimoga, St. Joseph's Church | 1,600.00 | 1,500.00 | 5,100.00 | 5,500.00 |
| 17.Umblebylu, St. Alphonsa's Church | 390.00 | 250.00 | 221.00 | 1,771.00 |
| 18.Uttarakoppa, St. Sebastian's Church | | | 210.00 | 195.00 |
| **Total** | **8,280.00** | **8,982.00** | **27,840.00** | **45,674.00** |

# Bishop's Diary

**November 2007**

4 : Iduvally, Cathedral Church
8 - 10 : Bangalore, Kristhotsava- Karnata Mission Conference
11 : Davongere, Confirmation
18 : Bangalore St. Sebastian,s Church, Mathikere
20 : Dwaraka, Mananthavady
21 : Mananthavady, SABS Provincial House
22 : Thamarassery
25 : Shimoga, Sacred Heart Cathedral, Christ the King Feast
27 : Belthangady, Pastoral Centre
29 : Dwaraka, Mananthavady, Eucharistic Convention

**December 2007**

2 - 6 : Satara-Solapur Mission, Maharastra
9 : Erattayar
10 : Karimpan, Idukki Bishop's House
11 : Chempakappara
12 : Kochera, Kattappana
13 : Kanjirappally
14 : Podipara, Changanacherry
15 : Chunangamvely, Perpetual profession, S.D. Provincial House
16 : Kottayam MCBS Provincial House
17 : Mallapally
20 : Chunangamvely, MCBS Generalate
22 : Diocesan Consultors' Meeting





23 : Ripponpett, Good Shepherd Church
24 : Iduvally, St. Antony's Catherdal
27 : Thamarassery, Sanathana, Priestly Ordination of MCBS Deacons
28 : Koorachundu
29 : Nialmboor
30 : Vandamattom
31 : Muvattupuzha, FCC Provincial House

**January 2008**

1 : Udumbannoor, St. Sebastian's Church
2 : Mannanam, Feast of Bl. Chavara
3. : Kozhikode, MCBS Zion Provincial House
4 : Erattayar, School Day
5 : Arinchermala, Mananthavady, Blessing of FCC Convent
6 : Moolakatte, Infant Jesus Church
8 : Christmas-New Year Gathering
10 : Anavatty, School Day
11 : Ripponpett, School Day, St. Mary's Higher Secondary School
12 : Pariyaram, MCBS Minor Seminary
13 : Koppam & Bhatkal, First Communion, Confirmation
17 – 19 : Mandya Mission
20 : Hinkal, Mysore, Infant Jesus Church
21 : Hossur, Induvally, First Communion
22 : Shimoga, School Day, St. Joseph's U.P. School
23 : Nagavally, Annual Celebration of SHGs
24 : Nagavally, Kotta

26 : Bangalore
27 : Bangalore, St. Thomas Parish
30 : Bangalore, Jeevalaya, Convocation
31 : N.R. Pura, Blessing of Little Flower Church

**February 2008**

1 : N.R. Pura, Little Flower Church, First Communion, Confirmation
3 : Iduvally, St. Antony's Cathedral Church,
5 - 7 : Kakkanad, Seminar on Mission Policy of the Syro-Malabar Church
9 : Aluva, Caenacle, Perpetual Profession of SABS Junior Sisters
10 : Nagavally, First Communion, Confirmation
12 - 22 : Jamshedpur, C.B.C.I. General Body Meeting
26 : Bangalore
27 : Bangalore, Minor Orders, Camilian Fathers
28 - 29 : Bangalore, KRCBC Meeting

**March 2008**

1 : Bangalore, San Thome
3 - 4 : Shalom – Ester Programme
10 - 12 : Hossur, Induvally, Pastoral visit
18 - 20 : Iduvally
21 : Ripponpett
24 : Kottayam, Funeral of Bro. Mathew Varukuzhy MCBS
28 : Bangalore, Minor orders, Dharmaram College
29 : Bangalore, Diaconate, Dharmaram College
30 : Sagar, First communion, Confirmation





**April 2008**

3 : Erattayar
4 : Kompayar, Blessing of the Kurishady
5 : Palai, First profession of SABS Novices
6 : Athirampuzha Lisieux Seminary; Kudamaloor, Viswasotsavam
7 : Murinjapuzha, First Communion, Confirmation
10 : Umblebylu, Bl. Alphonsa Church
13 : Moolakatte, Parish Day
16 : Muthur, Blessing of the parish church
19 - 20 : Masthikatte
28 : Ripponpett, Youth Seminar

**May 2008**

1 : Mananthavady, Diocesan Day
2 : Mananthavady, SH Provincial House
3 : Sidhapura, Kurg, First Communion, Confirmation
4 : Shimoga, St. Joseph's Church
5 : Kalar, Thalassery, Priestly ordination
6 - 7 : Chunangamvely, MCBS Golden Jubilee
10 : Nilgiri, Kayyunny, First Communion, Confirmation
11 : Iduvally, First Communion
18 : Anandapuram, First Communion
20 : Eattayar, Priestly ordination of Dn. Jayan Mannookulam TOR
22 : Kottayam, Papal Seminary alumni meet
23 - 24 : Shimoga Vocation camp
25 : Matchenahally
28 - 29 : Kalyan

**June 2008**

2 : Trichur, Marymatha Major Seminary, opening of the academic year

3 : Thamarassery

12 : Bellary, Episcopal ordination of Bp. Henry D'Souza

14 : Meeting with Caritas India personnel

18 : Ripponpett

19 - 20 : Bangalore, KRCBC Meeting

23 : Holehonnur, Blessing of the new school building

**July 2008**

6 : Mylapore, Feast of St. Thomas the Apostle

7 : Diocesan Consultors' Meeting

9 : Youth Ministry Team Meet

13 : Gadikoppa, Jesus Youth Leaders' Seminar

14 : Sunday School Teachers' Meet

15 : N.R. Pura

19 : Meeting of the Diocesan Department of Education

28 : Matchenahally

31 : Diocesan Consultors' Meeting

**August 2008**

2 : Satna

3 : Satna, St. Ephrem's Seminary, Convocation and New Priests' Day

4 - 5 : Satna Mission

8 : Matchenahally

9 : Shimoga, First Diocesan Pastoral Council Meeting

10 : Matchenahally

11 : Meeting of Headmasters and Managers of the schools





13 -14 : Social Workers' Meet

18 - 29 : Kakkanad, Mount St. Thomas, Syro-Malabar Bishops' Synod

30 : Erattayar

**September 2008**

1 : Chennai

4 : Shimoga, Health workers' Meet

5 : Matchenahally

7 : Pulinkunnoo, St. Mary's Church, Parish Fest, Eucharistic Procession

9 - 10 : Shimoga, Diocesan Perspective Planning

12 - 30 : Rome, Conference of New Bishops

**October 2008**

1-20. : Abroad

21 - 24 : Bagalore, KRCBC Meeting

25 : Diocesan Day

27 : Sagar, St. Alphonsa's Feast

30 : Consultors' Meeting

**November 2008**

1 : Ripponpett, Blessing of the newly constructed Parish Church

2 : Kerala Samajam

6 – 7 : Diocesan Perspective Planning, Committee Meeting

7 : Afternoon to Palai

9 : Bharananganam, Thanksgiving Mass

10 : Kattapana

9 – 14 : Hale Jedikatte, Priests' retreat at Karunanilaya

15 : Ripponpet, SABS convent, SABS centenary celebration

21 : Class on Hindutva by Fr. Terrence for the Priests

22 : Hale Jedikatte, 10.00 am - Blessing of CMC Convent and School

: 2.00 pm - Class on Hindutva for the Sisters, followed by recollection

27 : To Pune

29 : Pune, Minor orders, CMI Study House

30 : Pune, (Morning) - Diaconate, CMI Study House

: Afternoon - Kalyan

**December 2008**

3 : Diocesan Perspective Planning

7- 11 : New Delhi, Caritas India

16 : 10.00 am - Meeting of Priests, trustees and secretaries

: 2.00 pm - Recollection for priests

17 : Recollection for sisters

26 : Nagavally, Ordination of Dn. Chacko Mathoor

27 : Kalayamthany (Kothamangalam), Ordination of Dn. Kunnel Scaria; Arakkulam (Pala), Ordination of Dn. Mundunadackal George

28 : Perinchamkutty (Idukki), Ordination of Dn. Vayalil George

29 : Mannar (Pala), Ordination of Dn. Panachikala Varghese; Lakkattor (Changanacherry), Ordination of Dn. Kottupallil Thomas

30 : Seethathode (Kanjirapilly), Ordination of Dn. Pottamplackal Joseph

31 : Anappara (Eranakulam), Ordination of Dn. Kolattukudy Varghese





## Bishop's Programme

**January 2009**

3 : Vithura (Changanacherry), Ordination of Dn. Madathilchira Antony

4 : Kumarakom (Changanacherry), Ordination of Dn. Kochuchira James

7 : Back to Shimoga

9 : Holehonnur, School Anniversary

10 : Gadikoppa, School Union Day

11 : Moolekatte, Bhadravathi, Parish Feast

12 : Bhadravathi, St. Mary's School Day

14 : Hinkal, Mysore, Jubilee of Fr. Gervasis Mattom.

16 : Mount St. Thomas Kakkanad, Women Religious Major Superiors Meeting

17 : Ripponpet, School Union Day

18 : Umblebylu, Parish Feast

20 : Diocesan Consultors' Meeting

24 : CRI Meeting and Monthly Recollection

25 : Gadikoppa, Ecuminical Prayer; Visit of His Beatitude Major Archbishop Mar Cleemis

26 : N.R.Pura, Consecration of Malankara Catholic Church

27 : Matchenahally, St. Theresa's School day

29 : Mount St. Thomas Kakkanad, Meeting and Reception of the Newly Ordained Priests of Syro-Malabar Church

30 : Mettupadam, School Day

**February 2009**

1 : Chittattukara, Jubilee of Rev. Fr. Pius Chittilappilly

7 : Ambalavayal, Parish Feast

14 : Shimoga, Golden and Silver Jubilee Celebration of SH Sisters

21 : Rippon, Parish Feast

22 : Mandya, MST Day